

**പ്രിയപ്പെട്ട നാളികേര കർഷകരെ,**

കൃഷിയിട വിസ്തൃതി വർധിപ്പിച്ചുകൊണ്ട് ഉത്പാദനത്തിലും ഉത്പാദന ക്ഷമതയിലും ഇന്ത്യൻ നാളികേര മേഖല അത്യപൂർവമായ നേട്ടങ്ങൾ കൈവരിച്ചെങ്കിലും ഇനിയും പല തലങ്ങളിലും നമുക്ക് പുരോഗതി നേടേണ്ടിയിരിക്കുന്നു. പരിഹാരം കാണേണ്ട നിരവധി പ്രശ്നങ്ങൾ രാജ്യത്തെ നാളികേര മേഖലയിൽ ബാക്കിയാണ്. പ്രായാധിക്യം കൊണ്ടും രോഗബാധ കൊണ്ടും ഉത്പദനക്ഷമമല്ലാത്ത കേര വൃക്ഷങ്ങൾ ഇന്നും രാജ്യത്തെ പരമ്പരാഗത നാളികേര കൃഷി സംസ്ഥാനങ്ങളിൽ അവശേഷിക്കുന്നു. ഇത് നാം അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം തന്നെ. ഇതു മറികടക്കാൻ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചറിനു (എംഐഡിഎച്ച്) കീഴിൽ തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവനവും പുനർനടീലും എന്ന ബൃഹദ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രഥമ രാഷ്ട്രമാണ് നമ്മുടെ ഇന്ത്യ. നാളികേര കൃഷിയിൽ നൂറ്റാണ്ടുകളുടെ ചരിത്രം പേറുന്ന കേരളത്തിലാണ് ഈ പദ്ധതി ആദ്യം നടപ്പാക്കിയത്. സംസ്ഥാനത്തെ നാളികേര വൃക്ഷങ്ങളിൽ മൂന്നിൽ ഒന്നും പ്രായമേറിയതും ഉത്പാദനം നിലച്ചതുമാണ്. ഇതിനും പുറമെ ഈ വൃക്ഷങ്ങളിൽ നല്ല ശതമാനത്തിലും കാറ്റുവീഴ്ച്ച എന്ന ഗുരുതരമായ രോഗം പടർന്നു പിടിച്ചു കഴിഞ്ഞു. രോഗം മൂർഛിച്ച തെങ്ങുകൾ വെട്ടിമാറ്റുക, ബാക്കിയുള്ളവയ്ക്ക് കൃത്യവും ശാസ്ത്രീയവുമായ പരിചരണം നല്കുക എന്നതു മാത്രമാണ് സംസ്ഥാനത്തെ നാളികേര മേഖലയെ രക്ഷപ്പെടുത്താനുള്ള ഏക മാർഗ്ഗം.

കേരളത്തിൽ നാളികേര പുനർനടീലും പുനരുജ്ജീവനവും ലക്ഷ്യമാക്കിയുള്ള നാളികേര വികസന ബോർഡിന്റെ പദ്ധതി 2009 -210 ൽ ആരംഭിച്ചതാണ്. ഇത് ഇപ്പോഴും തുടരുന്നു. ഇതു വരെ 14 ജില്ലകളിലെ 3.5 ലക്ഷം ഹെക്ടർ കൃഷിയിടങ്ങളിൽ പദ്ധതി നടപ്പാക്കി കഴിഞ്ഞു. പദ്ധതിക്കായി നാളികേര വികസന ബോർഡ് 304 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഉത്പാദന ക്ഷമത നശിച്ച 38 ലക്ഷം തെങ്ങുകൾ വെട്ടിമാറ്റി, ഗുണമേന്മയും അത്യുത്പാദന ശേഷിയുമുള്ള തെങ്ങിൻ തൈകൾ നട്ടു പിടിപ്പിച്ചുവരുന്നു. ഇതു വഴി കേരളത്തിലെ തെങ്ങുകളിൽ കാറ്റുവീഴ്ച്ച രോഗം പരത്തുന്ന അണുക്കളുടെ സംഖ്യ ഒരു പരിധിവരെ നിയന്ത്രിക്കാനും, അങ്ങനെ രോഗവ്യാപനം തടയാനും സാധിച്ചിട്ടുണ്ട്. പദ്ധതി നിർദ്ദേശിക്കുന്ന മെച്ചപ്പെട്ട പരിചരണ മുറകൾ അവലംബിച്ചാൽ സംസ്ഥാനത്തെ തെങ്ങുകളുടെ ഉത്പാദന ക്ഷമത വർധിപ്പാക്കാൻ ഭാവിയിൽ അതു സഹായകമാകും. ഈ പദ്ധതി ഇപ്പോൾ തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലും നടപ്പാക്കി വരുന്നു. പദ്ധതി നടത്തിപ്പിന് പണ ചെലവും കൃഷിക്കാരുടെ സജീവമായ പങ്കാളിത്തവും ആവശ്യമാണ്. എന്നാൽ ലക്ഷ്യം പൂർണമായി നേടുന്നതിന് പുനരുജ്ജീവന പാക്കേജിൽ നിർദ്ദേശിക്കുന്ന വിവിധ പരിചരണമുറകൾ കൃഷിക്കാർ തന്നെ തുടർന്നുള്ള വർഷങ്ങളിലും നാളികേര തോട്ടങ്ങളിൽ കൃത്യമായി നടപ്പിലാക്കേണ്ടതുണ്ട്. ഈ പദ്ധതി പ്രയോജനപ്പെടുത്തി രാജ്യത്തെ നാളികേര മേഖലയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും മെച്ചപ്പെടുത്തുവാൻ എല്ലാ നാളികേര കർഷകരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ.എ.കെ സിംങ്
ചെയർമാൻ.

# ഉള്ളടക്കം


5
**തോട്ടം മേഖലകളിൽ അപായ മണിമുഴക്കം**
ഡോ. ജോസ് ജോസഫ്

9
**കാലാസ്ഥ വ്യതിയാനവും കേരളത്തിലെ നാളികേര ഉത്പാദനവും**
ഡോ. ചിത്ര പാറയിൽ, ഡോ. പി. സിന്ധുമോൾ,
ഡോ. ജെസ്സി തോമസ്, ഡോ. അനിൽ കുരുവിള

10
**ഇനി പ്രകൃതിയും കാലാവസ്ഥയും**
**മണ്ണും അറിഞ്ഞുള്ള കൃഷി**
ദീപ്തി നായർ.

12
**കൃഷിപാഠം സമ്പൂർണ്ണ കാർഷിക വിജ്ഞാന ഗ്രന്ഥം**

13
**പത്ത് തെങ്ങിൻ തൈകൾ നടാം മേടം പത്തിന്**
ദീപ്തി ആർ.

14
**മണ്ണറിഞ്ഞ് തെങ്ങ് കൃഷി ചെയ്യുക**
പോൾസൺ താം

16
**തെങ്ങും അനുഷ്ഠാനങ്ങളും**
സണ്ണി തോമസ്, ഷാനവാസ് എം., ജോസഫ് രാജ്കുമാർ,
ചന്ദ്രിക മോഹൻ

18
**വീടുകൾ തോറും ഇനി വെളിച്ചെണ്ണ നിർമ്മാണം**
ആബെ ജേക്കബ്

20
**ത്രിപുരയിൽ ഊർജ്ജിത നാളികേര കൃഷി വികസനത്തിന് വൻ പദ്ധതികൾ**
സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി

22
**കൊച്ചിയിൽ എക്സ്പോർട്ടേഴ്സ് മീറ്റ് : 40 കമ്പനികൾ പങ്കെടുത്തു**
സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി

25
**കുരുത്തോലപ്പന്തൽ**

30
**വാർത്തകൾ**

33
**ഏപ്രിൽ : കേരകർഷകർ എന്തു ചെയ്യണം?**
ആർ ജ്ഞാനദേവൻ

35
**കമ്പോളം**
സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി.

38
**കേരപാചകം**



കാലാവസ്ഥാ വ്യതിയാനം
കേരളത്തിലെ തോട്ട വിളകളെ
എങ്ങനെ ബാധിക്കുന്നു ?
*കഴിഞ്ഞ ലക്കം തുടർച്ച*

# തോട്ടം മേഖലകളിൽ അപായ മണിമുഴക്കം


**ഡോ. ജോസ് ജോസഫ്**
പ്രൊഫസർ ആൻഡ് ഹെഡ്, എക്സ്റ്റൻഷൻ വിഭാഗം
കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര, തൃശൂർ


ഭക്ഷ്യവിളകളിൽ നിന്നും തോട്ട വിളകളിലേക്ക് വൻതോതിലുള്ള ചുവടുമാറ്റം കഴിഞ്ഞ നൂറ്റാണ്ടിൽ കേരളത്തിലെ കൃഷിയുടെ പ്രത്യേകതയായിരുന്നു. കയറ്റുമതിക്ക് പ്രാധാന്യമുള്ള തോട്ടവിളകളിൽ ശ്രദ്ധിച്ച് കേരളം രാജ്യത്തിന് വിദേശ നാണ്യം നേടിക്കൊടുക്കണമെന്നും കേരളത്തിന് ആവശ്യമായ ഭക്ഷ്യ ധാന്യങ്ങളും പച്ചക്കറിയുമെല്ലാം മറ്റ് സംസ്ഥാനങ്ങൾ ഉൽപാദിപ്പിച്ചുകൊള്ളുമെന്നുമായിരുന്നു ഈ ചുവട് മാറ്റത്തിന് കണ്ടെത്തിയ ന്യായീകരണം. 1970 കളോടെ ഏകവിള കൃഷി സമ്പ്രദായത്തിൽ ഊന്നിയ തോട്ടവിള കൃഷിക്ക് കേരളത്തിൽ വലിയ മുന്നേറ്റമുണ്ടായി. തോട്ടവിളകൾക്ക് മേൽക്കോയ്മയുള്ള വിളയിറക്കൽ സമ്പ്രദായമാണ് ഇന്ന് കേരളത്തിലുള്ളത്. കേരള സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തിറക്കിയ 2016 ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം 2015 –2016 ൽ കേരളത്തിലെ ആകെ കൃഷി വിസ്തൃതിയുടെ 62.8 ശതമാനം പ്രദേശത്ത് നാളികേരം, കശുവണ്ടി, കുരുമുളക്, റബ്ബർ, ഏലം, കാപ്പി, തേയില എന്നീ ഏഴ് തോട്ടവിളകൾ കൃഷി ചെയ്തിരുന്നു. ആകെ കൃഷി ഭൂമിയുടെ 10 ശതമാനം ഭാഗത്തു മാത്രമായിരുന്നു നെല്ല്, കപ്പ, പയർ വർഗ്ഗങ്ങൾ എന്നീ ഭക്ഷ്യവിളകളുടെ കൃഷി. 7.9 ലക്ഷം ഹെക്ടറിൽ കൃഷി ചെയ്യുന്ന നാളികേരമാണ് സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട തോട്ടവിള. കയറ്റുമതിക്കുവേണ്ടിയോ ഇറക്കുമതിക്കു പകരം വെക്കാനോ വേണ്ടി കൃഷി ചെയ്യുന്നതിനാൽ തോട്ടവിളകൾക്ക് സംസ്ഥാനത്തിന്റേയും രാജ്യത്തിന്റേയും സമ്പദ് വ്യവസ്ഥയിൽ പ്രമുഖമായ സ്ഥാനമുണ്ട്. ഏകദേശം 14 ലക്ഷം കുടുംബങ്ങൾ കേരളത്തിൽ തോട്ടവിളകളെ ആശ്രയിച്ച് ജീവിക്കുന്നുണ്ടെന്ന് കണക്കാക്കിയിരിക്കുന്നു. തോട്ടവിള കൃഷിയിലെ ഏതു പ്രതിസന്ധിയും ഈ കുടുംബങ്ങളുടെ ഉപജീവന സുരക്ഷിതത്വത്തെ നേരിട്ടു ബാധിക്കും.

**കഴിഞ്ഞ വർഷം തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ സാധാരണ ലഭിക്കുന്ന മഴയേക്കാൾ 34 ശതമാനത്തിന്റെ കുറവാണ് കേരളത്തിൽ രേഖപ്പെടുത്തിയത്. വടക്കു കിഴക്കൻ കാലവർഷ സമയത്തും കേരളത്തിൽ മഴക്കുറവ് അനുഭവപ്പെട്ടു. സാധാരണ ലഭിക്കുന്നതിനേക്കാൾ 62 ശതമാനം കുറവ് തുലാവർഷമാണ് കഴിഞ്ഞ വർഷം കേരളത്തിൽ ലഭിച്ചത്. കാലവർഷ പൂർവ്വ വേനൽ മഴയിലും 18 ശതമാനം കുറവുണ്ടായി. കേരളത്തിന്റെ നാളികേര മേഖലയിൽ ഇത് ഉണ്ടാക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ വലുതാണ്.**

ഉൽപാദന ക്ഷമതയിലെ സ്തംഭനം, ആഗോള കരാറുകളെ തുടർന്ന് വില നിലവാരവും വിലയും കുറഞ്ഞ ഇറക്കുമതിയുടെ ഭീഷണി, തൊഴിൽ പ്രശ്നങ്ങൾ വിലയിലെ അസ്ഥിരതയും ചാഞ്ചാട്ടവും തുടങ്ങിയ കാരണങ്ങളെ തുടർന്ന് കേരളത്തിലെ തോട്ടവിള കൃഷി വർഷങ്ങളായി പ്രതിസന്ധിയിലാണ്. ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ഈ പ്രതിസന്ധിയെ ഒന്നുകൂടി രൂക്ഷമാക്കി



യിരിക്കുന്നു. മറ്റ് ഭക്ഷ്യ വിളകളിൽ നിന്നും വാർഷിക വിളകളിൽ നിന്നും വ്യത്യസ്തമായി തോട്ടവിളകളിൽ കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ വർഷങ്ങളോളം നീണ്ടു നിൽക്കും. നീണ്ടു നിൽക്കുന്ന വരൾച്ചയും ആർദ്രത കുറഞ്ഞു വരണ്ട കാലാവസ്ഥയും മഴയിലുള്ള ഏറ്റക്കുറച്ചിലുകളും ഉൽപാദനത്തെ മാത്രമല്ല ഉൽപന്നങ്ങളുടെ ഗുണനിലവാരത്തെയും വിളകളുടെ വളർച്ചയെയും പ്രതികൂലമായി ബാധിക്കും. ഭക്ഷ്യവിളകളിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ വിശദമായ പഠനത്തിന് വിധേയമാക്കിയിട്ടുണ്ടെങ്കിലും തോട്ടവിളകളിൽ ഈ വിഷയത്തിൽ ആഴത്തിലുള്ള പഠനങ്ങൾ കുറവാണ്.

ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള തെക്കു പടിഞ്ഞാറൻ കാലവർഷത്തെയാണ് കേരളത്തിൽ കൃഷിക്കു വേണ്ടി പ്രധാനമായും ആശ്രയിക്കുന്നത്. ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള വടക്കു കിഴക്കൻ കാലവർഷവും കേരളത്തിൽ കാര്യമായി ലഭിക്കാറുണ്ട്. കഴിഞ്ഞ വർഷം തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ സാധാരണ ലഭിക്കുന്ന മഴയേക്കാൾ 34 ശതമാനത്തിന്റെ കുറവാണ് കേരളത്തിൽ രേഖപ്പെടുത്തിയത്. വടക്കു കിഴക്കൻ കാലവർഷ സമയത്തും കേരളത്തിൽ മഴക്കുറവ് അനുഭവപ്പെട്ടു. സാധാരണ ലഭിക്കുന്നതിനേക്കാൾ 62 ശതമാനം കുറവ് തുലാവർഷമാണ് കഴിഞ്ഞ വർഷം കേരളത്തിൽ ലഭിച്ചത്. മാർച്ച് 1 2016 മുതൽ മെയ് 31, 2016 വരെ സംസ്ഥാനത്ത് ലഭിച്ച കാലവർഷ പൂർവ്വ വേനൽ മഴയിൽ സാധാരണ ലഭിക്കുന്ന മഴയേക്കാൾ 18 ശതമാനം കുറവുണ്ടായി.

ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ കണക്കുകൾ പ്രകാരം 2016 ജൂൺ മുതൽ സെപ്റ്റംബർ 31 വരെയുള്ള തെക്കു പടിഞ്ഞാറൻ കാലവർഷ സമയത്ത് കേരളത്തിൽ എല്ലാ ജില്ലകളിലും തീക്ഷ്ണമായതോ തീക്ഷണത കുറഞ്ഞതോ ആയ വരണ്ട കാലാവസ്ഥയായിരുന്നു നിലനിന്നിരുന്നത്. രണ്ടു മൺസൂണുകളും ഒരു പോലെ പരാജയപ്പെടുന്നത് കേരളത്തിൽ പതിവില്ലാത്തതാണ്. ഇതു കാരണം 2016 ഒക്ടോബറിൽ തന്നെ കേരളത്തിലെ 14 ജില്ലകളിലെയും സംസ്ഥാന സർക്കാർ വരൾച്ചാബാധിതമായി പ്രഖ്യാപിച്ചു. ഏറ്റവും അപായകരമായ പ്രകൃതി ക്ഷോഭങ്ങളിൽ ഒന്നാണ് വരൾച്ച. കാർഷിക വിളകളിൽ അതിന്റെ പ്രത്യാഘാതം ദൂരവ്യാപകവും അടിക്കടി കൂടുന്നതുമാണ്. തെക്കു പടിഞ്ഞാറൻ കാലവർഷം കഴിഞ്ഞ നൂറു വർഷമായി കേരളത്തിൽ കുറഞ്ഞു വരികയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഭാവിയിലും ഈ പ്രവണവത തുടരാനാണ് സാധ്യത. ഇത് കേരളത്തിലെ തോട്ടവിള കൃഷിയിൽ വലിയ പ്രത്യാഘാതമുണ്ടാക്കും.

മഴയിലുള്ള വ്യതിയാനത്തോടൊപ്പം തോട്ടവിള കൃഷിയിൽ പ്രത്യാഘാതമുണ്ടാക്കുന്ന മറ്റൊരു കാലാവസ്ഥാ ഘടകമാണ് അന്തരീക്ഷ താപനിലയിലെയും ഭൗമോപരിതല താപനിലയിലെയും വർദ്ധന. അന്തരീക്ഷ താപനിലയിലെ വർദ്ധനവ് അടുത്ത പതിറ്റാണ്ടോടെ രണ്ടു ഡിഗ്രി സെൽഷ്യസ് ആയും ദീർഘകാലാടിസ്ഥാനത്തിൽ കഴിയുമെങ്കിൽ ഒന്നര ഡിഗ്രി സെൽഷ്യസായും പരിമിതപ്പെടുത്തണമെന്നാണ് കഴിഞ്ഞ വർഷം ഒക്ടോബറിൽ നിലവിൽ വന്ന പാരീസ് കാലവസ്ഥാ ഉടമ്പടി ലക്ഷ്യമിടുന്നത്. ആഗോള താപനിലയിൽ രണ്ടു ഡിഗ്രി സെൽഷ്യസിൽ അധികം വർദ്ധനവുണ്ടായാൽ തിരുത്താനാവാത്ത പ്രത്യാഘാതങ്ങളുണ്ടാകും. പാരീസ് കാലാവസ്ഥാ, ഉടമ്പടിയിലെ വ്യവസ്ഥകൾ നടപ്പിലായാൽ പോലും ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ ആഗോള താപനില 2.7 ഡിഗ്രി മുതൽ 3.7 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നേക്കാം. ഇപ്പോഴത്തെ നിരക്കിലുള്ള അന്തരീക്ഷ മലിനീകരണം തുടർന്നാൽ 2020 ഓടെ തന്നെ 1.5 ഡിഗ്രി സെൽഷ്യസ് താപ വർദ്ധനവിനുള്ള കാർബൺ ബജറ്റ് തീർന്നിട്ടുണ്ടാവും. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ചുള്ള കേരള സംസ്ഥാന ആക്ഷൻ പ്ലാൻ പ്രകാരം 2015 ഓടെ കേരളത്തിലെ അന്തരീക്ഷ താപനില രണ്ട് ഡിഗ്രി സെൽഷ്യസ് കണ്ട് ഉയർന്നേക്കാം. ഹൈറേഞ്ചുകളിൽ ഇത് രണ്ടു മുതൽ നാലര ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നേക്കാം. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ഇന്റർ ഗവൺമെന്റൽ പാനലിന്റെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2030 ൽ ഇന്ത്യയൊട്ടാകെ അന്തരീക്ഷ താപനിലയിൽ 1970 ലേതിനേക്കാൾ 1.7 മുതൽ 2.7 ഡിഗ്രി സെൽഷ്യസ് വരെ വർദ്ധനവുണ്ടായേക്കാം.

ചില പ്രദേശങ്ങളിൽ ഇത് നാലു ഡിഗ്രി സെൽഷ്യസ് വരെ ഉയരും. മൺസൂണുകൾ തമ്മിലും മഴ ദിവസങ്ങൾ തമ്മിലുമുള്ള ഇടവേളകൾ കൂടും. പെട്ടെന്നുണ്ടാകുന്ന കനത്ത മഴയെ തുടർന്നുള്ള വെള്ളപ്പൊക്കവും രൂക്ഷമായ വരൾച്ചയും കൂടെ കൂടെ ആവർത്തിക്കും. ദക്ഷിണേന്ത്യയിൽ ഏപ്രിൽ, ഓഗസ്റ്റ് മാസങ്ങളിൽ വിളകൾക്ക് താങ്ങാനാവാത്ത നിലയിലേക്ക് അന്തരീക്ഷ താപനില വർദ്ധിക്കുമെന്നും കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് ഇന്റർ ഗവൺമെന്റൽ പാനലിന്റെ ഏറ്റവും പുതിയ റിപ്പോർട്ടിൽ പറയുന്നു. 2030 ഓടെ കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് 700 കോടി ഡോളറിന്റെ സാമ്പത്തിക നഷ്ടം ഇന്ത്യയുടെ കാർഷിക മേഖലയിലുണ്ടാകും. വിളകളുടെ ഉൽപാദനക്ഷമതയിൽ 10 മുതൽ 40 ശതമാനം വരെ ഇടിവുണ്ടാകും.

ഏറ്റവും കൂടിയ താപനിലയും കുറഞ്ഞ താപനിലയും തമ്മിലുള്ള അന്തരം കേരളത്തിൽ ഓരോ വർഷവും കൂടി വരുന്നതായി കാണുന്നു. ഇത്തരം വ്യതിയാനം താപനിലയിലെ വ്യത്യാസങ്ങളോട് പെട്ടെന്നു പ്രതികരിക്കുന്ന കുരുമുളക്, കൊക്കോ, തേയില തുടങ്ങിയ തോട്ട വിളകളെ പ്രതികൂലമായി ബാധിക്കും. പച്ചപ്പ് നിറഞ്ഞ ആർദ്രതയുള്ള കാലാവസ്ഥയിൽ നിന്നും താരതമ്യേന വരണ്ട കാലാവസ്ഥയിലേക്ക് കേരളം അടുത്ത കാലത്ത് ചുവടു മാറിയതായി ചില പഠനങ്ങൾ സൂചിപ്പിക്കുന്നു. ഈ ചുവടുമാറ്റം തോട്ടവിള കൃഷിയെ പ്രതികൂലമായി ബാധിക്കും ആഗോള വ്യാപകമായി ജൈവ വൈവിദ്ധ്യത്തിന്റെ 24 നിധി കുംഭങ്ങളിൽ ഒന്നായി അറിയപ്പെടുന്ന പശ്ചിമ ഘട്ടമാണ് മിക്ക തോട്ടവിളകളുടേയും പ്രമുഖ കൃഷി മേഖല താപ വ്യതിയാനത്തിന്റേയും കാലാവസ്ഥാ വ്യതിയാനത്തിന്റേയും പ്രശ്നങ്ങൾ ഏറ്റവും രൂക്ഷമായി അഭിമുഖീകരിക്കുന്ന പ്രദേശങ്ങളിലൊന്നാണ് പശ്ചിമ ഘട്ടങ്ങൾ. ഈ മേഖലയിൽ അധികമായ ചൂടും ദീർഘകാലത്തെ വരണ്ട കാലാവസ്ഥയും താങ്ങാനാകാത്ത വിളകളാണ് കുരുമുളക്, കാപ്പി, തേയില, കൊക്കോ, ഏലം എന്നിവ. ഉയർന്ന അന്തരീക്ഷ ആർദ്രതയും ആണ്ടിൽ 2000– 3000 ലിറ്റർ മഴയും ശരാശരി 28 ഡിഗ്രി സെൽഷ്യസ് ചൂടും ഇഷ്ടപ്പെടുന്ന തോട്ടവിളയാണ് കുരുമുളക്.

മെയ് – ജൂൺ മാസങ്ങളിൽ 20 ദിവസത്തിനിടയിൽ ലഭിക്കുന്ന 70 മില്ലി മീറ്റർ മഴ കുരുമുളക് തളിർക്കുന്നതിനും പുഷ്പിക്കുന്നതിനും പര്യാപ്തമാണ്. എന്നാൽ ഈ പ്രക്രിയ ആരംഭിച്ചു കഴിഞ്ഞാൽ മുള പിടിക്കുന്നതുവരെ തുടർച്ചയായ മഴ ലഭിക്കണം. ഇടക്കുണ്ടാകുന്ന വരണ്ട ഇടവേളകൾ ഉൽപാദനത്തെ ദോഷകരമായി ബാധിക്കും. കുരുമുളക് പുഷ്പിക്കുന്ന സമയത്തുണ്ടാകുന്ന കനത്ത മഴ പരാഗണം കുറയ്ക്കും. തുടർച്ചയായ കനത്ത വേനൽ മഴ ചെടിയുടെ കായിക വളർച്ചയെ ത്വരിതപ്പെടുത്തി ഉൽപാദനം കുറയ്ക്കും. കാലാവസ്ഥാ വ്യതിയാനം കാരണം കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിലെ കുരുമുളക് ഉൽപാദനം ഏറെക്കുറെ നിശ്ചലാവസ്ഥയിലാണ്. ദീർഘകാലത്തെ വരൾച്ച കുരുമുളക് മണികളുടെ വലിപ്പവും മണിപിടുത്തവും എണ്ണവും കുറക്കും. കൊടും വേനലിൽ മേൽ മണ്ണ് വരളുന്നതും മണ്ണിന്റെ ഉപരിതല താപനില വർദ്ധിക്കുന്നതും കുരുമുളകിന്റെ വളർച്ചയിൽ പ്രതിസന്ധിയുണ്ടാക്കും.

നന്നായി പരിചരിക്കാത്ത കുരുമുളകു തോട്ടങ്ങളിൽ വരൾച്ച നീണ്ടു നിന്നാൽ ഇളം കൊടികൾ ഉണങ്ങി നശിക്കും. 1983 ൽ ഇടുക്കിയിലും 2004 ൽ വയനാട്ടിലും നീണ്ടു നിന്ന വരൾച്ച കുരുമുളകു തോട്ടങ്ങളെ തുടച്ചു നീക്കി. ഒക്ടോബർ – നവംബർ മാസങ്ങളിൽ ലഭിക്കുന്ന നല്ല മഴ അടുത്ത സീസണിലെ ഉയർന്ന ഉൽപാദനത്തിന് നല്ലതാണ്. എന്നാൽ വരൾച്ച നീണ്ടു നിന്നാൽ കുരുമുളകു മണികളുടെ തൂക്കം കുറയുകയും നേരത്തെ വിളവെടുപ്പിന് പാകമാവുകയും ചെയ്യും. പശ്ചിമ ഘട്ടങ്ങളിലെ മറ്റൊരു പ്രധാന തോട്ടവിള ഏലത്തിന്റെ ഉത്പാദനം ഉയർന്ന അന്തരീക്ഷ താപനിലയും വരൾച്ചയുമുള്ള കാലാവസ്ഥയിൽ 70 ശതമാനത്തോളം കുറയും. വേനൽക്കാലത്തെ ഉയർന്ന ചൂടും വരൾച്ചയും കൂടിച്ചേരുന്ന കാലാവസ്ഥ പിന്നീടുള്ള വർഷങ്ങളിൽ ഉൽപാദനം കുറക്കും. ഏലത്തിന്റെ വളർച്ചയ്ക്ക് അനുയോജ്യം 18 ഡിഗ്രിക്കും 23 ഡിഗ്രിസെൽഷ്യസിനും ഇടയിലുള്ള അന്തരീക്ഷ താപനിലയാണ്. ചൂട് 28 ഡിഗ്രി സെൽഷ്യസിൽ കൂടിയാൽ കായ്കൾ പെട്ടെന്ന് വളർന്ന നേരത്തെ മൂപ്പെത്തും. താപനില 32 ഡിഗ്രി സെൽഷ്യസിനു മുകളിലേക്കു പോയാൽ ഇലകൾ ഉണങ്ങി കരിയും. ഇളം തൈകൾ പാടെ നശിക്കും. ഏപ്രിൽ – മെയ് മാസങ്ങളിൽ ചെടികൾ പൂക്കുന്ന സമയത്ത് നീണ്ടു നിൽക്കുന്ന വരൾച്ചയുണ്ടായാൽ കായ്പിടുത്തം കുറയും. പരാഗണത്തിന് തടസ്സമുണ്ടാകും. ഏലം തളിർക്കുന്നതിലും പുഷ്പിക്കുന്നതിലും ഉയർന്ന അന്തരീക്ഷ ആർദ്രതയ്ക്ക് നിർണ്ണായ പങ്കുണ്ട്. ആർദ്രത കുറഞ്ഞ വരണ്ട കാലാവസ്ഥ ചെടിയുടെ വളർച്ച തടയും. മണ്ണിന്റെ ഉപരിതല താപനിലയും അന്തരീക്ഷ  താപനിലയും ഒരു പോലെ കൂടിയാൽ വിളവ് കുറയുമെന്നു മാത്രമല്ല കീടങ്ങളുടെ ആക്രമണവും രൂക്ഷമാകും. വേരു തീനി പുഴുക്കൾ, നിമാ വിരകൾ, വെള്ളീച്ചകൾ തുടങ്ങിയവയുടെ ആക്രമണം നിയന്ത്രിക്കുന്നത് ഇത്തരം കാലാവസ്ഥയിൽ അത്ര എളുപ്പമാവില്ല. 1982 – 83 ലെ വരൾച്ചാ ഏലത്തോട്ടങ്ങളിലെ 50 ശതമാനത്തോളം ചെടികളെ നശിപ്പിച്ചു. ഈ വർഷത്തെ വരൾച്ചയും ചെടികൾക്ക് വൻ തോതിലുള്ള നാശമുണ്ടാക്കി. വേനലിൽ സാധാരണ ഗതിയിൽ ലഭിക്കുന്ന മഴ ഏലത്തിന്റെ വളർച്ചയ്ക്ക് അനുകൂലമാണ്. അതേ സമയം മണ്ണിലെ ഈർപ്പരാഹിത്യം ഏലത്തിന്റെ വളർച്ചയെ അത്യന്തം ദോഷകരമായി ബാധിക്കും. ഇടുക്കിയെ അപേക്ഷിച്ച് കർണ്ണാടകത്തിലെയും വയനാട്ടിലേയും ഏലകൃഷിക്കാണ് കാലാവസ്ഥാ വ്യതിയാനം കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കുന്നതെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

താപവ്യതിയാനത്തോട് പെട്ടെന്നു പ്രതികരിക്കുന്ന തോട്ടവിളയാണ് തെങ്ങിൻ തോപ്പിൽ ഇടവിളയായി കൃഷി ചെയ്യുന്ന കൊക്കോ. താപനിലയിലുണ്ടാകുന്ന വർദ്ധനവ് സമതലങ്ങളിൽ കൊക്കോ കൃഷിയിൽ പ്രതിസന്ധി സൃഷ്ടിക്കും. അധികം വ്യതിയാനങ്ങളില്ലാത്ത താപനില, ഉയർന്ന അന്തരീക്ഷ ആർദ്രത, ധാരാളം മഴ, ജൈവ വളക്കൂറുള്ള മണ്ണ് തുടങ്ങിയ അനുകൂല ഘടകങ്ങൾ ഒത്തു ചേർന്നാലേ കൊക്കോ കൃഷിയിൽ നിന്നും ഉയർന്ന വിളവ് ലഭിക്കുകയുള്ളൂ. 2050 ഓടെ താപനിലയിൽ രണ്ട് ഡിഗ്രി സെൽഷ്യസിൽ അധികം വർദ്ധനവുണ്ടാകുന്നതോടെ ഇപ്പോൾ കൊക്കോ, കൃഷി ചെയ്യുന്ന പല മേഖലകളും ഇതിന്റെ കൃഷിക്ക് അനുകൂലമല്ലാതായിതീരും. ചൂടിനേക്കാൾ കൂടുതൽ പ്രശ്നം സൃഷ്ടിക്കുന്നത് വരണ്ടകാലാവസ്ഥയിൽ മണ്ണിൽ നിന്നും ചെടികളിൽ നിന്നും അതിവേഗം ബാഷ്പീകരണത്തിലൂടെ ജലം നഷ്ടപ്പെടുന്നതായിരിക്കും. ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലെ പരമാവധി താപനില കൊക്കോയുടെ ഉത്പാദനത്തെ 40 ശതമാനം വരെ കുറയ്ക്കും. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതം ആറു മാസത്തിനുള്ളിൽ തന്നെ ഉൽപാദനത്തെ ബാധിക്കും. വെള്ളക്കെട്ട് സൃഷ്ടിക്കുകയും മണ്ണിലെ വായു സഞ്ചാരം ഇല്ലാതാക്കുകയും ചെയ്യുമെന്നതിനാൽ കനത്ത മഴയും കൊക്കോയ്ക്ക് ദോഷകരമാണ്.

പ്രത്യേക കാർഷിക കാലാവസ്ഥാ മേഖലകളിൽ മാത്രം കൃഷി ചെയ്യുന്ന തോട്ട വിളകളായ കാപ്പിയുടേയും തേയിലയുടേയും ഉൽപാദനത്തെയും കാലാവസ്ഥാ വ്യതിയാനം പ്രതിസന്ധിയിലാക്കും. മഴയിലുള്ള കുറവും പരമാവധി താപനിലയും കുറഞ്ഞ താപനിലയും തമ്മിൽ വർദ്ധിച്ചു വരുന്ന അന്തരവും ഈ വിളകളുടെ ഉൽപാദനം കുറക്കും. കാപ്പി പുഷ്പിക്കുന്നതും പിന്നീട് കായ് പിടിക്കുന്നതിനും മഴ അത്യന്താപേക്ഷിതമാണ്. റോബസ്റ്റ ഇനത്തേക്കാളും അറബിക്ക ഇനത്തേയാണ് കാലാവസ്ഥാ വ്യതിയാനം കൂടുതൽ ദോഷകരമായി ബാധിക്കുന്നത്. മതിയായ വേനൽ മഴയുടെ അഭാവത്തിൽ കാപ്പിയുടെ ഉത്പാദനം കുറവായിരിക്കും. വയനാട് ഉൾപ്പെടെയുള്ള പ്രമുഖ കാപ്പി കൃഷി മേഖലകളിൽ അടുത്ത കാലത്ത് മഴ പൊതുവെ കുറയുന്നതായും അന്തരീക്ഷ താപനില കൂടുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ദീർഘകാലാടിസ്ഥാനത്തിൽ കാപ്പിയുടെ ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കും. അന്താരാഷ്ട്ര വിപണിയിൽ നല്ല വില ലഭിക്കുന്ന മൺസൂൺസ് മലബാർ





കോഫിയുടെ സഗുണ മേന്മ നിലനിർത്തുന്നതിനും കാലാവസ്ഥാ ഘടകങ്ങൾക്ക് നിർണ്ണായക സ്വാധീനമുണ്ട്. കാപ്പി സംസ്ക്കരിക്കുന്ന മൺസൂൺ സീസണിൽ മഴ ദുർബലമായിരുന്നാൽ സംസ്ക്കരിച്ചെടുക്കുന്ന കാപ്പിയുടെ ഗുണമേന്മയും മോശമായിരിക്കും. മൂടിക്കെട്ടിയ അന്തരീക്ഷവും നല്ല മഴയും ഉയർന്ന അന്തരീക്ഷ ആർദ്രതയും മൺസൂൺസ് മലബാർ കോഫിയുടെ ഉയർന്ന ഗുണമേന്മ നിലനിർത്തുന്ന അനുകൂലമായ കാലാവസ്ഥാ ഘടകങ്ങളാണ്.

മുമ്പ് കേരളത്തിന് പ്രമുഖ സ്ഥാനമുണ്ടായിരുന്ന കശുമാവ് കൃഷിയിൽ സ്ഥലത്തിന്റെ വിസ്തൃതിയും ഉൽപാദനവും കഴിഞ്ഞ ഒരു ദശകത്തോളമായി തുടർച്ചയായി കുറഞ്ഞു വരികയാണ്. പ്രതികൂലമായ കാലാവസ്ഥയും കീടബാധയും കൂടിചേർന്ന സങ്കീർണ്ണമായ ഒരു സാഹചര്യമാണ് കേരളത്തിലെ കശുമാവ് കൃഷിയെ തകർത്തത്. കശുമാവിന്റെ തളിർക്കലും പുഷ്പിക്കലുമടക്കമുള്ള നിർണ്ണായക വളർച്ചാ ഘട്ടങ്ങളിലെ കാലാവസ്ഥാ വ്യതിയാനം ഉൽപാദനക്ഷമതയെയും ഉൽപാദനത്തെയും കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിൽ പിന്നോട്ടടിച്ചു കൊണ്ടിരിക്കുകയാണ്. തോട്ടണ്ടിയുടെ വിലയിലെ അസ്ഥിരതയോടൊപ്പം കാലാവസ്ഥയിലെ വ്യതിയാനവും കഴിഞ്ഞ വർഷം കേരളത്തിലെ മറ്റൊരു പ്രമുഖ തോട്ട വിളയായ റബറിന്റെ ഉൽപാദനത്തെയും തളർത്തി. തുലാ മഴയിലെ കുറവും നീണ്ടു നിൽക്കുന്ന വരൾച്ചാക്കാലവും കൂടെക്കൂടെയുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങളും വരും വർഷങ്ങളിലും റബർ ഉൽപാദന മേഖലയെയും പ്രതികൂലമായി ബാധിക്കും. മഴയുടെ വിതരണത്തിലും രീതിയിലും ഉണ്ടാകുന്ന മാറ്റങ്ങൾ റബറിന്റെ ഇലകളിൽ കൂടുതൽ കുമിൾ രോഗ ബാധയ്ക്ക് കാരണമാകും. ഇതും ഉൽപാദനക്ഷമത കുറക്കും.

കാലാവസ്ഥാ വ്യതിയാനവും ആഗോള താപനവും തൽഫലമായുണ്ടാകുന്ന മഴയിലെ ഏറ്റക്കുറച്ചിലുകളും കേരളത്തിലെ തോട്ടവിള കൃഷിക്ക് അപായമണി മുഴക്കുകയാണ്. നൂറ്റാണ്ടുകളായി കേരളത്തിൽ തോട്ട വിള കൃഷിക്ക് അനുകൂലമായി നിലനിന്നിരുന്ന കാലാവസ്ഥാ ഘടകങ്ങൾ ഒന്നൊന്നായി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. തീർത്തും അപ്രവചനീയമായ കാലാവസ്ഥാ സാഹചര്യങ്ങളിലായിരിക്കും കേരളത്തിൽ ഭാവിയിൽ തോട്ടവിള കൃഷി നടത്തേണ്ടി വരിക. കൂടുതൽ ജൈവ വൈവിദ്ധ്യം ഉറപ്പാക്കുന്ന ബഹുവിള കൃഷി സമ്പ്രദായങ്ങളിലേക്കും കാലാവസ്ഥാ മാറ്റത്തെ പ്രതിരോധിക്കുന്ന ക്ലൈമറ്റ് സ്മാർട്ട് കൃഷി രീതികളിലേക്കും നാം മടങ്ങിപ്പോയില്ലെങ്കിൽ തോട്ടവിള കൃഷിയിലെ ഉൽപാദനവും ഉൽപാദനക്ഷമതയും നിലനിർത്തുക ദുഷ്കരമായിരിക്കും. ■ തുടരും....

ഫോൺ : 9387100119

## നാളികേര വികസന ബോർഡിന്റെ പുതിയ ബോർഡ് അംഗങ്ങൾ



**ശ്രീ. പി.സി. മോഹനൻ മാസ്റ്റർ**
(വൈസ് ചെയർമാൻ)
അരവിന്ദം, നെൻമേനി. പി.ഒ,
സുൽത്താൻ ബത്തേരി. വയനാട്, 673 592,
**ഫോൺ:** 9447067375, 04936267375.
**ഇമെയിൽ:** pcmohananmaster@gmail.com



**ശ്രീ. പി. ആർ. മുരളീധരൻ**
പതളിൽ, എസ്.എൻ.പുരം.പി.ഒ, കോട്ടയം.
**ഫോൺ:** 9447000519, 9447350196, 0481 2700519.
**ഇമെയിൽ:** vanillamurali@gmail.com



**കിസാൻ ശ്രീ സഞ്ജീവ് കുമാർ സിംഗ്**
വിൽ, കലാദുംറ, ശിവാൻ ജില്ല, ബീഹാർ
**ഫോൺ:** 08969529999
**ഇമെയിൽ:** kishanshreesanjeev@gmail.com



**ശ്രീ. എസ്. മോഹൻ രാജ്**
7/2 മുദളിയാർ സ്ട്രീറ്റ്, വേട്ടയ്ക്കാരൻ
പുദുർ, പൊള്ളാച്ചി, കോയമ്പത്തൂർ
**ഫോൺ:** 9443998139
**ഇമെയിൽ:** farmermohanraj@gmail.com



**ശ്രീ. എം.ആർ. ശങ്കർ നാരായൺ റെഡ്ഡി**
നമ്പർ. 1408, പഞ്ചവടി, വിജയ്
നഗർ, ബാഗർപ്പെട്ട്, കോളാർ ജില്ല,
കർണാടക - 563 114
**ഫോൺ:** 9447018290, 08153 255110
**ഇമെയിൽ:** mrshankara@gmail.com



**ശ്രീമതി. ദക്ഷാബെൻ ഹിദേൻദ്ര റാമി**
കൃഷ്ണ ഫ്ളാറ്റ്, അംബാജി, ആദിവാസി
ഉദ്യോഗിക് സഹ്കാരി മന്ദി ലിമിറ്റഡ്, മന്ദിർ
ഗേറ്റ് നം. 7, അംബാജി, ഗുജറാത്ത്, 385 110
**ഫോൺ:** 9724562331, 02749264704
**ഇമെയിൽ:** dasharami@gmail.com



**ഡോ. ബിസ്വനാഥ് റാഥ്**
ബാറാപതി നൂവ സഹി, പുരി പി.ഒ,
പുരി ജില്ല, ഒഡീഷ, 752 001
**ഫോൺ:** 9861066246, 06752 230406
**ഇമെയിൽ:** rathafamily@gmail.com

# കാലാസ്ഥ വ്യതിയാനവും കേരളത്തിലെ നാളികേര ഉത്പാദനവും

**ഡോ. ചിത്ര പാറയിൽ, ഡോ. പി. സിന്ധുമോൾ,**
**ഡോ. ജെസ്സി തോമസ്, ഡോ. അനിൽ കുരുവിള**
കേരള കാർഷിക സർവ്വകലാശാല

കേരളത്തിലെ തെങ്ങുകർഷകർ വരൾച്ച മൂലം കടുത്ത പ്രതിസന്ധിയിലായിരിക്കുകയാണ്. പച്ചത്തേങ്ങ ആവശ്യത്തിന് കിട്ടാനില്ലാത്തതിനാൽ നാളികേര വില ഉയർന്നുകൊണ്ടിരിക്കുന്നു. 2017 മാർച്ച് ആദ്യവാരത്തിൽ പച്ചത്തേങ്ങയുടെ മൊത്ത വില കിലോഗ്രാമിന് 18 രൂപയിൽ നിന്ന് 31 രൂപയായി ഉയർന്നപ്പോൾ ചില്ലറ വിൽപനയിലാകട്ടെ, 25 രൂപയിൽ നിന്നു 40 രൂപയോളം വർദ്ധിച്ചു. ഇതിന് ചൂണ്ടി കാണിക്കാവുന്ന പ്രധാന കാരണം വരൾച്ച ബാധിച്ചതിനാൽ തെക്കൻ സംസ്ഥാനങ്ങളിലെ നാളികേരോൽപാദനം കുത്തനെ ഇടിഞ്ഞതാണ്. ഈ പ്രവണത രണ്ടു മൂന്നു മാസം കൂടി തുടരുമെന്നാണ് സൂചന.

വേനൽക്കാലത്ത് പൂങ്കുല വിടരുമ്പോഴും മച്ചിങ്ങയുടെ വളർച്ചാ ഘട്ടങ്ങളിലും അനുഭവപ്പെടുന്ന കൊടും ചൂട് തേങ്ങയുടെ ഉത്പാദനത്തെ സാരമായി ബാധിക്കുന്നു. കേരളത്തിലെ നാളികേരത്തിന്റെ വാർഷികോൽപാദനക്ഷമത ഹെക്ടർ ഒന്നിന് ശരാശരി 6200 എണ്ണമാണ്. മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് തീരെ കുറവാണ്. എന്നാൽ മികച്ച തൂക്കവും മറ്റു ഗുണങ്ങളും കാരണം കേരളത്തിലെ നാളികേരത്തിന് പ്രിയമേറെയുണ്ട്. ഇതര സംസ്ഥാന വിപണികളിൽ പച്ചതേങ്ങയായും, സംസ്കരണത്തിനും മൈസൂരിലും ബാംഗ്ലൂരിലും മറ്റും തൂൾ തേങ്ങ നിർമ്മാണത്തിന് വ്യാപകമായി നമ്മുടെ തേങ്ങ ഉപയോഗിക്കപ്പെടുന്നു. എന്നാൽ ആവശ്യത്തിന് പച്ചത്തേങ്ങ വിപണിയിൽ എത്തുന്നില്ല എന്നതാണ് പ്രധാന പ്രശ്നം.


മലപ്പുറത്തെ ഒരു കർഷകന്റെ അഭിപ്രായത്തിൽ നാളികേരോത്പാദനം ഏതാണ്ട് 70 ശതമാനത്തിലേറെ കുറഞ്ഞിരിക്കുകയാണ്. ഇത്തവണത്തെ വരൾച്ച മൂലം കഴിഞ്ഞ വർഷം ഇതേ കാലത്ത് 7300 തേങ്ങ ലഭിച്ച സ്ഥാനത്ത് ഇപ്രാവശ്യം അദ്ദേഹത്തിന്റെ തെങ്ങിൻ തോപ്പിൽ നിന്നും ലഭിച്ചത് വെറും 1700 തേങ്ങയാണ്.

ദ്രുത ഗതിയിലുള്ള നഗര വത്ക്കരണം മൂലം തെങ്ങിൻ തോപ്പുകൾ കെട്ടിടങ്ങൾക്ക് മറ്റൊരു പ്രധാന കാരണമാണ്. തെങ്ങ് ഒറ്റവിളയെന്നതിനേക്കാൾ പുരയിട കൃഷിയുടെ ഭാഗമായാണ് നമ്മുടെ നാട്ടിൽ പരിപാലിച്ചു വരുന്നത്. വേനൽക്കാലത്തു പോലും ജലസേചനം നൽകാതെ തെങ്ങു കൃഷി പൂർണ്ണമായും മഴയെ ആശ്രയിച്ച് മാത്രം നടത്തുന്നതിനാൽ ഉത്പാദനക്ഷമത സാരമായി കുറയുന്നു. മാത്രമല്ല, കൃത്യമായ വളപ്രയോഗത്തിന്റെ കാര്യത്തിലും ഏറെ പുറകിലാണ് കേരളത്തിലെ തെങ്ങു കർഷകർ. കാലാവസ്ഥാ വ്യതിയാനവും കൊടും ചൂടുമൊക്കെ ഇത്തരം പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. സംസ്ഥാനത്തെ ഇക്കഴിഞ്ഞ ദിനങ്ങളിലെ ശരാശരി താപനില 35–39 ഡിഗ്രി ആയിരുന്നു. മദ്ധ്യ കേരളത്തിലെ മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ വരൾച്ചയുടെ ആഘാതം രൂക്ഷമായിരുന്നു. വേനൽമഴ തീരെ ഇല്ലാത്തതും തെങ്ങു കൃഷിയെ സാരമായി ബാധിച്ചു.

ഈ അവസ്ഥ മാറണമെങ്കിൽ ഭേദപ്പെട്ട അളവിൽ വേനൽമഴ പെയ്യുകയോ കാലവർഷം നേരത്തെ തുടങ്ങുകയോ വേണ്ടി വരും. എങ്കിൽ മാത്രമേ തെങ്ങുകൾ ഉത്പാദനക്ഷമത വീണ്ടെടുക്കുകയുള്ളൂ. ഏതായാലും വരുന്ന രണ്ടു മാസങ്ങളിൽ പച്ചത്തേങ്ങയുടെ വില ഉയർന്നു തന്നെ നിൽക്കാനാണ് സാധ്യത. അതായത്, യഥേഷ്ടം തേങ്ങ ചേർത്ത കറികളും പലഹാരങ്ങളും മറ്റും തയ്യാറാക്കാനും കഴിക്കാനും നമ്മൾ 2 – 3 മാസം കൂടി കാത്തിരിക്കേണ്ടി വരുമെന്ന് സാരം. ■

ഫോൺ : 9496867932





# ഇനി പ്രകൃതിയും കാലാവസ്ഥയും മണ്ണും അറിഞ്ഞുള്ള കൃഷി

**ദീപ്തി നായർ**
അസ്സി. ഡയറക്ടർ, എ.പി.സി.സി, ജക്കാർത്ത

കാലാവസ്ഥ വ്യതിയാനവും കാർഷിക മേഖലയിൽ അതിലൂടെയുണ്ടാകുന്ന പ്രതിസന്ധികളും, ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളാണ്. 2014 ഡിസംബർ മാസത്തിൽ പെറുവിലെ ലിമയിൽ ചേർന്ന കാലാവസ്ഥാ സമ്മേളനത്തിൽ ലോക രാഷ്ട്രങ്ങൾ കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനാവിഷ്ക്കരിക്കേണ്ട നടപടികളെ സംബന്ധിച്ച് 12 ദിവസമാണ് ദീർഘമായി ചർച്ച ചെയ്തത്. 2016 ൽ പാരീസിൽ ചേർന്ന കാലാവസ്ഥ ഉച്ചകോടിയിൽ ലോകരാഷ്ട്രങ്ങൾ ഇത് സംബന്ധിച്ച ധാരണാപത്രത്തിൽ ഒപ്പു വച്ചു. 1992 മുതൽ നാം ചർച്ച തുടങ്ങി എങ്കിലും കാര്യമായ പ്രവർത്തനമൊന്നും ഇതുവരെ നടത്തിയില്ല എന്നതാണ് സത്യം.

കാലവസ്ഥയിൽ ഒരു വർഷത്തിൽ ചാക്രികമായി ഉണ്ടാകുന്ന മാറ്റങ്ങളെയല്ല കാലാവസ്ഥാ വ്യതിയാനം എന്ന വാക്കിലൂടെ അർത്ഥമാക്കുന്നത്. വർഷത്തിലുടനീളം ലഭിക്കേണ്ട മഴ രണ്ടു മാസം കൊണ്ട് പെയ്തു തീരുക, തുടർന്ന് വേനലിൽ കൊടും വരൾച്ച, അന്തരീക്ഷ താപനിലയിൽ വർദ്ധനവ്, കൊടും ശൈത്യം, കൊടുങ്കാറ്റ്, പേമാരി എല്ലാം കാലാവസ്ഥാ വ്യതിയാനത്തിന്റെ ലക്ഷണങ്ങൾ ആണ്. മേടത്തിൽ പൂക്കേണ്ട കണിക്കൊന്ന ധനുമാസം പിന്നിടുമ്പോൾ പൂക്കുന്നതു കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലം തന്നെ.

കാലാവസ്ഥാ വ്യതിയാനം മൂലം കാർഷിക മേഖലയിൽ 70% വരെ ഉൽപാദനക്കുറവുണ്ടായേക്കുമെന്ന് ശാസ്ത്ര ലോകം വിലയിരുത്തുന്നു. മാത്രമല്ല കാർഷിക വിളകൾ പൂവിടാതിരിക്കുക, പൂവിട്ടാൽ തന്നെ അവ പതിരായി പോവുക തുടങ്ങിയ പ്രതിഭാസങ്ങൾ ലോകത്തിൽ പലയിടത്തും സംഭവിച്ചു കഴിഞ്ഞു. ഇതിന് പരിഹാര നടപടികൾ ഫലം കാണുന്നതു വരെ കാലാവസ്ഥാ വ്യതിയാനത്തോടു പൊരുത്തപ്പെടാൻ പല ക്രമീകരണങ്ങൾ നിത്യ ജീവിതത്തിലും നടപ്പിലാക്കേണ്ടത് അനിവാര്യമാണ്.

ഭൂമിയിലെ അന്തരീക്ഷത്തിൽ ഹരിത ഗൃഹ വാതകങ്ങൾ എന്ന പേരിൽ വിളിക്കപ്പെടുന്ന കാർബൺ മോണോക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്, ക്ലോറോ ഫ്ളൂറോ കാർബണുകൾ തുടങ്ങിയ വാതകങ്ങളുടെ അളവ് വർദ്ധിക്കുമ്പോൾ സൂര്യന്റെ ചുടു രശ്മികളെ ഇവ അന്തരീക്ഷത്തിൽ തന്നെ നില നിർത്തുന്നു. അന്തരീക്ഷ താപനം ആണ് ഇതിന്റെ ഫലം.

ഇനി ഈ വാതകങ്ങൾ ഉണ്ടാകുന്നത് എവിടെനിന്ന് എന്നതാണ് അടുത്ത ചോദ്യം. വ്യവസായം, ഗതാഗതം, ഊർജ്ജമേഖല എന്നിവയാണ് ഹരിത ഗൃഹ വാതകങ്ങൾ കൂടുതൽ ഉൽപാദിപ്പിക്കുന്ന മേഖലകൾ. എന്നാൽ കാർഷിക വന മേഖലകളിലെ വിവിധ പ്രവർത്തനങ്ങൾ കാരണമാണ് 31% ഹരിത ഗൃഹ വാതകങ്ങളും ഉൽപാദിപ്പിക്കപ്പെടുന്നത്. നമ്മുടെ പ്രവർത്തന രീതികളിലുള്ള ആസൂത്രിതമായ മാറ്റങ്ങളിലൂടെ ഹരിത ഗൃഹ വാതകങ്ങളുടെ ഉൽപാദനത്തിന്റെ അളവ് കുറയ്ക്കാവുന്നതാണ്. ഇതിനോടൊപ്പം തന്നെ അനുവർത്തിക്കാവുന്ന പ്രധാന കൃത്യമാണ് അന്തരീക്ഷത്തിലെ കാർബൺഡൈ ഓക്സൈഡിനെ മറ്റൊരു രൂപത്തിൽ സൂക്ഷിച്ച് സംഭരിച്ച് വയ്ക്കുക. അതിലൂടെ അന്തരീക്ഷത്തിലേക്ക് തള്ളപ്പെടുന്ന കാർബണിന്റെ അളവ് ഗണ്യമായി കുറയുന്നു. ഇത്തരത്തിൽ കാർബൺ ശേഖരിക്കാവുന്നത് കൃഷിയിലൂടെ മാത്രം. അതുകൊണ്ടു തന്നെ ഹരിത ഗൃഹ വാതകങ്ങളുടെ അളവു കുറയ്ക്കുന്നതിൽ കാർഷിക മേഖലയ്ക്ക് വലിയ പങ്കു വഹിക്കാനാകും.

തെങ്ങു കൃഷിയിൽ ഇത്തരം പ്രവർത്തനങ്ങൾ എങ്ങനെ നടപ്പിലാക്കാനാകും എന്നതാണ് നമുക്ക് ചിന്തിക്കേണ്ടത്.

- **മണ്ണിൽ ജൈവാംശം നിലനിർത്തുക:** ജൈവികമായ അവശിഷ്ടങ്ങളിലെല്ലാം തന്നെ കാർബൺ അടങ്ങിയിരിക്കുന്നു. അവ കത്തിച്ചാൽ നാം കാർബൺഡൈ ഓക്സൈഡിനെ പിന്നെയും അന്തരീക്ഷത്തിലേക്ക് വിടുകയാവും ചെയ്യുക. എന്നാൽ അവ മണ്ണിലേക്ക് തന്നെ ചേർത്താലോ? തെങ്ങിൽ നിന്ന് ലഭിക്കുന്ന അവശിഷ്ടങ്ങളെല്ലാം തന്നെ തെങ്ങിന്റെ തടത്തിൽ തന്നെ വെട്ടി മൂടിയാൽ കാലക്രമേണ ആ അവശിഷ്ടങ്ങൾ മണ്ണുമായി ദ്രവിച്ച് അലിയുന്നു. ഇതിലൂടെ ഹരിത

ഗൃഹ വാതകങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഒഴിവാകും എന്ന ത് മാത്രമല്ല കർഷകന്റെ യഥാർത്ഥ നേട്ടം. അവന്റെ മണ്ണ് പിന്നെയും ജീവനുള്ളതാക്കുന്നു എന്നതു കൂടിയാണ്. മണ്ണിന്റെ ഘടന മെച്ചപ്പെടുന്നു. ഈർപ്പം നിലനിർത്താനുള്ള കഴിവ് വർദ്ധിക്കുന്നു. കൂടുതൽ സൂക്ഷ്മ ജീവികളുടെ വളർച്ച മണ്ണിലുണ്ടാകുന്നു. ഇതെല്ലാം കാർഷികോൽപാദനത്തിലെ വർദ്ധനവിലായിരിക്കും അവസാനം പ്രതിഫലിക്കുക.

● **ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക :** കേര കൃഷിയിൽ ഇടവിളകൾക്ക് വലിയ സ്ഥാനമുണ്ട്. കൃഷിയിടത്തിന്റെ സാധ്യതകൾ പരമാവധി വിനിയോഗിക്കാനും, കർഷകർക്ക് മെച്ചപ്പെട്ട വരുമാനം നേടാനും മാത്രമല്ല ഇടവിള കൃഷി പ്രയോജനപ്പെടുന്നത്. ഇടവിളകൃഷിയിലൂടെ കൂടുതൽ സൗരോർജ്ജം ഉപയോഗിച്ച് കാർബൺ ശേഖരിക്കപ്പെടുന്നു. വാർഷിക വിളകളല്ല ദീർഘനാൾ നിലനിൽക്കുന്ന വിളകളാണ് കാലാവസ്ഥാവ്യതിയാനത്തെ ചെറുക്കാൻ ഉചിതം. ഉദാഹരണത്തിന് തെങ്ങിൻ തോപ്പുകളിൽ ദീർഘകാല വിളകളായ കൊക്കോ, ജാതി, പ്ലാവ് എന്നിവ നടാവുന്നതാണ്. വാർഷിക വിളകളായ ചേന, ചേമ്പ്, കാച്ചിൽ വാഴ, പച്ചക്കറികൾ ഇവയൊക്കെ തെങ്ങിൻ തോപ്പുകളിൽ വളർത്തുന്നതും നന്നായിരിക്കും.




● **ജൈവ വളങ്ങളുടെ ഉപയോഗം :** രാസവളങ്ങളുടെ ഉപയോഗം കൃത്യമായ അളവിൽ മാത്രമാണെന്ന് ഉറപ്പു വരുത്തുക. കഴിയുന്നിടത്തോളം ജൈവ വളങ്ങൾ ഉപയോഗിക്കുക. മണ്ണിലെ ജൈവാംശം ചെടികളുടെ വേരോട്ടത്തെ സഹായിക്കുന്നു. നന്നായി വേരുറച്ച ഒരു ചെടിക്ക് നല്ല രീതിയിൽ ഫലങ്ങൾ ഉത്പാദിപ്പിക്കാനാവും.

● **മണ്ണിലെ ആവരണം :** മണ്ണിൽ എപ്പോഴും സസ്യങ്ങളുടെ ആവരണം ഉണ്ടാകുന്നത് ഹരിത ഗൃഹ വാതകങ്ങളുടെ ഉത്പാദനം തടയുന്നു. പലപ്പോഴും മണ്ണിലെ നൈട്രജൻ, വളങ്ങളിൽ നിന്നുമാണ് നൈട്രസ് ഓക്സൈഡ് അന്തരീക്ഷത്തിലെത്തുന്നത്. തെങ്ങിൻ തോപ്പുകളിലെ വരികൾക്കിടയിൽ പച്ചക്കറികൾ, കിഴങ്ങു വർഗ്ഗ വിളകൾ എന്നിവ നടുക. തെങ്ങിൻ തടങ്ങളിൽ തടപ്പയർ പോലുള്ള ചെടികൾ നട്ട ശേഷം അവ വളർന്നു



കഴിയുമ്പോൾ മണ്ണിലേക്ക് ഉഴുതു ചേർക്കുക, എന്നിവയാണ് നമുക്ക് ചെയ്യാവുന്നത്. ഇതിലൂടെ മണ്ണിന്റെ ഫലപുഷ്ഠി വർദ്ധിക്കുന്നു. ഉയർന്ന ഉൽപാദനവും സാദ്ധ്യമാകുന്നു.

● **ഇനങ്ങൾ :** ഉയർന്ന ഗുണ നിലവാരമുള്ളതും ഉൽപാദന ക്ഷമതയുള്ളതുമായ ഇനങ്ങൾ നട്ടു വളർത്തുക. ഇതിലൂടെ ലക്ഷ്യമിടുന്നത് കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങളെ ചെറുക്കുക എന്നതാണ്.






● **പുതയിടീൽ:** തെങ്ങിൻ തടങ്ങളിലെ ഈർപ്പം നിലനിർത്തുന്നതിന് പുതയിടീൽ നല്ലതാണ്. ഈ പ്രവർത്തനം മണ്ണിന്റെ ജൈവ ഘടനയെയും മെച്ചപ്പെടുത്തും.

● **കൃത്യമായ ജലസേചനം:** കൃത്യമായ തോതിലുള്ള ജലസേചനം മണ്ണിലെ ഈർപ്പം നിലനിർത്തുന്നു എന്നു മാത്രമല്ല, വരൾച്ചയെ പ്രതിരോധിച്ചു കൊണ്ട് മണ്ണിലെ മൂലകങ്ങൾ അന്തരീക്ഷത്തിൽ വ്യാപിക്കാതിരിക്കാനും സഹായിക്കുന്നു.

കൃഷിക്കാർ സംയുക്തമായി കാലാവസ്ഥാ വ്യതിയാനത്തിനു മാറ്റമുണ്ടാകുന്ന കാർഷിക പ്രവർത്തനങ്ങൾ അവലംബിക്കുന്നതിനു പ്രതിജ്ഞയെടുത്താൽ, അതു പ്രാവർത്തികമാക്കിയാൽ അതിലൂടെ അനേകം ടൺ കാർബൺ ഡൈഓക്സൈഡിനെ അന്തരീക്ഷത്തിലേയ്ക്കു പോകാതെ മണ്ണിലും സസ്യങ്ങളിലുമായി സംഭരിക്കാൻ സാധിക്കും. ഇത്തരത്തിൽ സംഭരിക്കുന്ന കാർബണിന്റെ അളവ് കൃത്യമായി കണക്കാക്കാവുന്നതാണ്. അങ്ങനെ സംഭരിക്കുന്ന കാർബൺ അളവിനനുസരിച്ച് വില നല്കാനും തുടങ്ങിയിട്ടുണ്ട്. നമ്മെ പ്രകൃതിയിലേയ്ക്ക് അടുപ്പിക്കാനുള്ള ഒരു മാർഗ്ഗമായി നമുക്ക് ആഗോള താപനത്തെയും കാലാവസ്ഥാ വ്യതിയാനത്തെയും കാണാം. കൃഷിക്കാർ അവരുടെ കൂട്ടായ്മയിലൂടെ ഇതിനായി പരിശ്രമിക്കുക. ■

## കൃഷിപാഠം -

### സമ്പൂർണ്ണ കാർഷിക വിജ്ഞാന ഗ്രന്ഥം

**രചന - ആർ ഹേലി**

വില - 550 രൂപ

പേജ്- 586

പ്രസാധനം - ഒതന്റിക് ബുക്സ്, തിരുവനന്തപുരം

കൃഷിയെഴുത്തിന്റെ അറുപതാണ്ടുകൾ പിന്നിടുന്ന മുൻ കൃഷി വകുപ്പ് ഡയറക്ടർ ശ്രീ. ആർ. ഹേലിയുടെ നേതൃത്വത്തിൽ തയാറാക്കിയ കാർഷിക വൈജ്ഞാനിക ഗ്രന്ഥമാണ് കൃഷി പാഠം. കാർഷിക രംഗത്ത് വിൽപ്പനയിൽ ചരിത്രം സൃഷ്ടിച്ച ഈ അമൂല്യ കൃതിയുടെ ഏഴാം പതിപ്പാണ് ഇപ്പോൾ വിപണിയിൽ. ആറു പതിറ്റാണ്ടിലേറെയായി കാർഷിക വിജ്ഞാന വ്യാപന രംഗത്തെ രംഗത്തെ സജീവ സാന്നിദ്ധ്യമാണ് ശ്രീ. ആർ. ഹേലി. കേരളത്തിലെ കൃഷിയെഴുത്തുകാരുടെ ആചാര്യസ്ഥാനമാണ് അദ്ദേഹത്തിനുള്ളത്. മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും സമഗ്രവും സമ്പൂർണ്ണവുമായ കാർഷിക വിജ്ഞാന ഗ്രന്ഥമെന്ന് സാർവ്വത്രികമായ അംഗീകാരം നേടിക്കഴിഞ്ഞിരിക്കുന്ന ഈ ഗ്രന്ഥം ഏഴാം പതിപ്പ് പ്രകാശനം പ്രമാണിച്ച് ഇപ്പോൾ പ്രത്യേക വിലക്കിഴിവിൽ ലഭിക്കും.


നിങ്ങൾ അവലംബിക്കുന്ന കൃഷിരീതികൾ, വളം - കീടനിയന്ത്രണ രീതികൾ എന്നിവ പ്രകൃതിക്കിണങ്ങുന്നതും ശാസ്ത്രീയവും മികച്ച വിളവു നൽകാൻ പര്യാപ്തവുമാണോ. നിങ്ങളുടെ ഉൽപന്നങ്ങൾക്ക് ഏറ്റവും മെച്ചപ്പെട്ട വില ലഭിക്കുന്നതിന് ആവശ്യമായ വിപണി ഏത്? മൂല്യ വർദ്ധിത ഉത്പന്നങ്ങളായി അവയെ എങ്ങനെ മാറ്റിയെടുക്കാം തുടങ്ങി ആധുനിക കൃഷിക്കാരനും കൃഷി സ്നേഹിക്കും ആവശ്യമായ നിർദ്ദേശങ്ങളും പ്രയോഗ രീതികളും അടങ്ങിയ സമ്പൂർണ്ണ കൈപ്പുസ്തകമാണ് കൃഷിപാഠം.

കർഷകർക്കും കൃഷി ശാസ്ത്ര വിദ്യാർത്ഥികൾക്കും വിവിധ കാർഷിക സ്ഥാപനങ്ങളിലേക്കുള്ള തൊഴിൽ പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കും റഫറൻസ് ഗ്രന്ഥമായി ഇത് ഉപയോഗിക്കാം.

കൃഷിയുടെ ചരിത്രവും ആവിർഭാവവും, കാലാവസ്ഥയും കൃഷിയും, കേരളത്തിലെ പ്രധാന മണ്ണിനങ്ങൾ, ഇവിടെയ്ക്കു യോജിച്ച വിളകൾ, കാർഷിക സ്ഥാപനങ്ങളും ഏജൻസികളും, കൃഷി വകുപ്പ്, കൃഷിയുമായി ബന്ധപ്പെട്ട ഇതര വകുപ്പുകൾ, നബാർഡ്, ഗവേഷണ കേന്ദ്രങ്ങൾ മറ്റ് ഏജൻസികൾ എന്നിങ്ങനെ കൃഷിക്കാരൻ അറിഞ്ഞിരിക്കേണ്ട കൃഷി ചരിത്രവും കാർഷിക വിജ്ഞാനവും ഈ കൃതിയിൽ ശാസ്ത്രീയമായി പ്രതിപാദിച്ചിരിക്കുന്നു.

ധാന്യങ്ങൾ, പയറു വർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, നാരു വിളകൾ, തോട്ടവിളകൾ, കിഴങ്ങു വർഗ്ഗ വിളകൾ, ഔഷധ വിളകൾ, പഴ വർഗ്ഗ വിളകൾ, പച്ചക്കറികൾ, പുഷ്പ കൃഷി, തേനീച്ച വളർത്തൽ, പട്ടു നൂൽപ്പുഴു വളർത്തൽ, കൂൺ വളർത്തൽ, വാനില കൃഷി മറ്റു പ്രധാന വിളകൾ എന്നിവയുടെ കൃഷി, പരിപാലനം, വിളവെടുപ്പ്, വിപണനം, മൂല്യവർദ്ധിത ഉത്പന്നങ്ങൾ.

പശു,എരുമ, ആട്, പന്നി, നായ , കോഴി, താറാവ്, കാട, ടർക്കി, പാത്ത, ഗിനി, അലങ്കാര പക്ഷികൾ തുടങ്ങിയവയുടെ പരിപാലനം, രോഗങ്ങൾ, ചികിത്സ വിപണന സംവിധാനങ്ങൾ.




അലങ്കാര മത്സ്യം വളർത്തൽ, ഞണ്ട്, ചെമ്മീൻ, കല്ലിൻമേൽക്കായ, കടൽമുരു എന്നിവയുടേയും ശുദ്ധജല മത്സ്യങ്ങളുടേയും കൃഷി, സംസ്ക്കരണം, വിപണനം, കയറ്റുമതി.

സംയോജിത കൃഷിയും കീടനിയന്ത്രണവും, ജൈവ സൂക്ഷ്മാണുക്കൾ, വളങ്ങളും അവയുടെ ഉപയോഗ രീതികളും, കീടനാശിനികൾ, നിരോധിച്ചിട്ടുള്ള കീടനാശിനികൾ, വിത്തുകൾ, നടീൽ വസ്തുക്കൾ, ബയോടെക്നോളജി, ടിഷ്യൂ കൾച്ചർ, ക്ലോണിംഗ്, കായിക പ്രവർദ്ധന രീതികൾ, ജലസേചന രീതികൾ, കാർഷിക യന്ത്രങ്ങൾ, പമ്പുകൾ, ജൈവ കൃഷി, ബയോഡൈനാമിക്സ്, പൂന്തോട്ടം, അടുക്കളത്തോട്ടം, മട്ടുപ്പാവ് കൃഷി തുടങ്ങിയ വിഷയങ്ങളെല്ലാം ഈ കൃതിയുടെ താളുകളിൽ വായിക്കാം

ബാങ്കുകളുടെ കാർഷിക വായ്പകൾ, അനുബന്ധ വ്യവസായ വായ്പകൾ, ഇൻഷുറൻസ്, കാർഷിക നിയമങ്ങൾ, ആദായ നികുതി, അഗ്മാർക്ക്, എഫ്.പി.ഒ., കെന്നൽ ക്ലബ്ബ് രജിസ്ട്രേഷൻ, വിപണി - കയറ്റുമതി നിയമങ്ങൾ, വാറ്റ് നിയമം, അവധി വിപണി, പ്രാദേശിക വിപണി. കാർഷിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രധാന കൃഷിക്കാർ, കാർഷിക സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, വിത്തുകളും നടീൽ വസ്തുക്കളും ലഭിക്കുന്ന കേന്ദ്രങ്ങൾ, മൃഗ പക്ഷി കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന ഏജൻസികൾ, വിപണി കയറ്റുമതി സ്ഥാപനങ്ങൾ, കാർഷിക സംഘങ്ങൾ, പ്രസിദ്ധീകരണങ്ങൾ, സംഘടനകൾ, എന്നിവയുടെ മേൽവിലാസമടങ്ങിയ കാർഷിക ഡയറക്ടറി കൂടിയാണ് ഈ പുസ്തകം.

കൃഷിയിലെ വിവിധ മേഖലകളിൽ കഴിവു തെളിയിച്ചവരെ ഉൾപ്പെടുത്തി തയ്യാറാക്കിയ കൗതുകവും പ്രത്യേകതയും നിറഞ്ഞ ഒരു മണിക്കൂർ ദൈർഘ്യമുള്ള വീഡിയോ സി.ഡിയും പുസ്തകത്തോടൊപ്പം ലഭിക്കും.




# പത്ത് തെങ്ങിൻ തൈകൾ നടാം മേടം പത്തിന്

**ദീപ്തി ആർ**
ടെക്നിക്കൽ ഓഫീസർ സിഡിബി

ലോകമെമ്പാടുമുള്ള കാർഷിക മേഖല പലതരത്തിലുമുള്ള പരമ്പരാഗത അറിവുകളുടെ ശേഖരമാണ്. തലമുറകളായി കൈമാറി വന്ന പല അറിവുകളും പരിചയ സമ്പന്നരായ കാർഷിക പാരമ്പര്യത്തെ ഓർമ്മിപ്പിക്കുന്നവയാണ്. പരിസ്ഥിതിയും കൃഷിയും തമ്മിലുണ്ടായിരുന്ന സന്തുലനാവസ്ഥയിൽ നിന്നും ഉരുത്തിരിഞ്ഞവയായിരുന്നു ഇത്തരം പല നാട്ടറിവുകളും. മലയാളക്കരയിലും ഇത്തരം പല വിശ്വാസങ്ങളും രീതികളും പാരമ്പര്യങ്ങളും പിൻതുടർന്നു വന്നിരുന്നു. കേരളത്തിലെ പല വിശേഷ ദിനങ്ങളും കാർഷികാഭിവൃദ്ധിയുമായി ബന്ധപ്പെട്ട് ആചരിക്കപ്പെടുന്നവയാണ്. ഓണവും വിഷുവുമെല്ലാം കാർഷിക പാരമ്പര്യത്തിന്റെ പ്രതീകങ്ങളാണ്. വിഷു കഴിഞ്ഞ് പത്താം നാൾ അതായത് മേടമാസത്തിലെ പത്താം ദിവസം തെങ്ങു നടാൻ പറ്റിയ ഏറ്റവും യോജിച്ച നല്ല ദിവസമായാണ് നമ്മുടെ പൂർവ്വികർ കണക്കാക്കി വന്നിരുന്നത്.

പത്താമുദയം എന്നറിയപ്പെടുന്ന ഈ ദിവസം തെങ്ങിൻ തൈ നട്ടാൽ നല്ല വിളവ് നൽകുന്നതും ആരോഗ്യവുമുള്ള തെങ്ങുകൾ ആവുമെന്ന് പൂർവ്വികർ വിശ്വസിച്ചിരുന്നു. ഇതിനു ശാസ്ത്രീയമായ അടിത്തറയുണ്ടെന്നാണ് കേരള കാർഷിക സർവ്വകലാശാലയിൽ നടന്ന പഠനങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. മേടപത്തിനോട് അടുത്താണ് വേനൽമഴ കേരളത്തിൽ ലഭിക്കുക. അതിനാൽ തന്നെ ഈ സമയത്ത് നടുന്ന തെങ്ങിൻ തൈകൾക്ക് സുഗമമായ വേരോട്ടം സാദ്ധ്യമാകും. വേനൽ മഴയിൽ വേരോടിത്തുടങ്ങുന്ന തെങ്ങിൻ തൈകൾക്ക് കാലവർഷം ആരംഭിക്കുമ്പോൾ നല്ല വളർച്ചയും കിട്ടുന്നു. മഴക്കാലത്ത് നടുന്ന തൈകളേക്കാൾ മണ്ണിൽ ഉറച്ചു നിൽക്കാനും വളരാനും മേടപ്പത്തിനു നട്ട തൈകൾക്കു സാധിക്കുന്നു. വളർച്ചയുടെ ആദ്യ ഘട്ടത്തിലെ പരിപാലനം വളർച്ച ത്വരിതപ്പെടുത്തുന്നു. പത്താമുദയത്തിന് പത്ത് തൈകൾ എന്ന രീതിയിൽ നട്ടാൽ തന്നെ നല്ല കായ്ഫലമുള്ള തെങ്ങുകൾ എന്നതിന്റെ ആദ്യ പടിയാവും.






### എങ്ങിനെ തൈ നടാം?

നല്ല സൂര്യപ്രകാശം ലഭിക്കുന്ന നീർ വാർച്ചയുള്ള സ്ഥലം വേണം തിരഞ്ഞെടുക്കാൻ 3 അടിയോളം വീതിയും താഴ്ചയുമുള്ള കുഴികൾ കുഴിക്കണം. തൈകൾ നടുന്നതിന് മുൻപ് ചാണകപ്പൊടിയും ചാരവും മേൽ മണ്ണും കലർന്ന മിശ്രിതമിട്ട് രണ്ടടിയോളം കുഴി നിറയ്ക്കണം. കുഴിയിൽ തൊണ്ട് മലർത്തി അടുക്കുന്നത് ഈർപ്പം നിലനിൽക്കാൻ സഹായിക്കും. ഉറച്ച മണ്ണുള്ള പ്രദേശങ്ങളിൽ കുഴിയൊന്നിന് 2 കിലോയോളം ഉപ്പ് ഇടുന്നത് മണ്ണിന് അയവ് വരാനും തൈ തെങ്ങുകളുടെ വേരോട്ടം സുഗമമാക്കാനും സഹായിക്കും. ഇത്തരത്തിൽ എടുത്ത കുഴികളുടെ മദ്ധ്യഭാഗത്തായി പിള്ള കുഴികൾ (അധികം ആഴമില്ലാത്ത ചെറിയ കുഴികൾ) എടുത്ത് അതിൽ തൈകൾ വെയ്ക്കുന്നതാണ് നല്ല രീതി. തൈകൾ നട്ട് ആദ്യ അഞ്ച് വർഷം നൽകുന്ന പരിപാലനമുറകൾ വളരെയേറെ പ്രാധാന്യമർഹിക്കുന്നുണ്ട്. ഇത് തെങ്ങിന്റെ വളർച്ചയെയും സ്വാധീനിക്കുന്നവയാണ്. ആവശ്യമായ ജലസേചനവും തണലും പറിച്ചു നട്ട തൈകൾക്ക് നിർബന്ധമാണ്.



നല്ലയിനം തൈകൾ വിശ്വാസപ്രദമായ സ്ഥലങ്ങളിൽ നിന്നു മാത്രം വാങ്ങുക. തോട്ടവിള ഗവേഷണ കേന്ദ്രം, കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ് പ്രദർശന വിത്തുൽപാദന തോട്ടങ്ങളിൽ നല്ലയിനം തൈകൾ ലഭ്യമാണ്. (0485 2554240) പരമ്പരാഗതമായ അറിവിൽ വരുന്ന മേടപ്പത്തിന് തെങ്ങിൻ തൈകൾ നടാൻ എല്ലാ കർഷക സുഹൃത്തുക്കളും ശ്രമിക്കുക. ■ ഫോൺ : 9488261382



# മണ്ണറിഞ്ഞ് തെങ്ങ് കൃഷി ചെയ്യുക

**പോൾസൺ താം**
താന്നിക്കൽ, മരത്താംകോട്, തൃശൂർ

മണ്ണിൽ അടങ്ങിയിരിക്കുന്ന മൂലകങ്ങൾ എത്രയുണ്ടെന്നറിഞ്ഞാൽ മാത്രമേ ആ മണ്ണ് തെങ്ങു കൃഷിക്ക് എത്രത്തോളം അനുയോജ്യം എന്ന് വിലയിരുത്താനാവൂ. അപ്പോൾ മാത്രമേ തെങ്ങിനു നൽകേണ്ട വളത്തിന്റെ അളവ് കൃത്യമായി നിർണ്ണയിക്കാനും കഴിയൂ. ആധുനിക കൃഷി സമ്പ്രദായത്തിൽ മണ്ണു പരിശോധന അനിവാര്യമാണെന്ന് പറയുന്നതും ഇതുകൊണ്ടാണ്.

ഫലഭൂയിഷ്ഠമായ എക്കൽ മണ്ണോ, പശിമരാശി മണ്ണോ ആണ് തെങ്ങ് കൃഷിക്ക് ഏറ്റവും യോജിച്ചത്. ചെങ്കൽ നിറഞ്ഞ പശിമരാശി മണ്ണും നീർ വാർച്ചയുള്ള ചെളി പ്രദേശങ്ങളും മണൽ പ്രദേശങ്ങളും തെങ്ങു കൃഷിക്ക് പറ്റിയതു തന്നെ. ഖര – ജല വാതകങ്ങളുടെ പ്രത്യേക മിശ്രിതം കൂടിയാണ് മണ്ണ്. 25 ശതമാനം ഖര പദാർത്ഥങ്ങളിൽ അഞ്ചു ശതമാനം ജൈവാംശമാണ്. മണ്ണിലെ സൂക്ഷ്മ ജീവികളും ജന്തു ജാലങ്ങളും ജൈവ പദാർത്ഥങ്ങളെ വിഘടിപ്പിച്ച് ജൈവാംശം ഉണ്ടാക്കിയെടുക്കുന്നുണ്ട്. ഇതാണ് തെങ്ങിൻ തൈകളുടെ വളർച്ചയ്ക്കാവശ്യമായ പോഷകങ്ങളും വെള്ളവും അവയ്ക്ക് ലഭ്യമാക്കി കൊടുക്കുന്നത്.

പഴമക്കാർ മണ്ണിന്റെ വളക്കൂറ് എന്നു പറയുന്നത് ഈ പ്രതിഭാസത്തെയാണ്.

തെങ്ങിൻ തൈകളുടെ ശരിയായ വളർച്ചയ്ക്ക് ചാണകം, ചാരം, പച്ചിലകൾ ഇവ മണ്ണിൽ ആവശ്യത്തിന് ലഭ്യമാക്കണം. പൊട്ടാഷിന്റെ അംശമാണ് തെങ്ങിൻ പറമ്പിലെ മണ്ണിൽ കൂടുതലായി ഉണ്ടാകേണ്ടത്. ഇതുകൊണ്ടു തന്നെ തെങ്ങിൻ തൈ വെക്കുമ്പോൾ തന്നെ ചാരം ഇട്ടു കൊടുക്കുന്ന രീതി നമ്മുടെ തെങ്ങു കർഷകർക്കിടയിലുണ്ട്. മാവിലയുടെ ചാരമാണ് ഏറ്റവും നല്ലതെന്ന ഒരഭിപ്രായവും കേരളത്തിലെ തെങ്ങു കർഷകർഷകർക്കിടയിലുണ്ട്. മാവിന്റെ കരിയിലയും തെങ്ങിന് ഉത്തമമത്രെ. വളർച്ചയ്ക്കാവശ്യമായ മൂലകങ്ങൾ തൈ വയ്ക്കുന്ന മണ്ണിലുണ്ടാകണം. നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് ഇവയാണ് പ്രധാന മൂലകങ്ങൾ. കാൽസ്യം, മഗ്നീഷ്യം, ഗന്ധകം, ഇവയും തെങ്ങിൻ തൈകളുടെ വളർച്ചയ്ക്കനുയോജ്യമാണ്. തെങ്ങിൻ തൈകൾ ഇവയെ പ്രത്യേക അളവിലും അനുപാതത്തിലും ഉപയോഗപ്പെടുത്തുമ്പോഴാണ് തെങ്ങിൻ തൈകൾക്ക് നല്ല വളർച്ചയുണ്ടാകുന്നത്.

ചെലവ് കുറച്ച് പരമാവധി വിളവ് ലഭിക്കുന്നതിന് പ്രധാന മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് എന്നിവ എത്രയളവിൽ ചേർക്കണമെന്ന് ശാസ്ത്രീയമായ നിർദ്ദേശമുണ്ട്. ആദ്യം മണ്ണിലെ ഈ മൂലകങ്ങളുടെ അളവ് തി

ട്ടപ്പെടുത്തണം. ഇപ്രകാരം തിട്ടപ്പെടുത്തുക മണ്ണു പരിശോധ നയിലൂടെയാണ്. പരിശോധനയിൽ തെങ്ങിന്റെ വളർച്ചയ്ക്ക് ആവശ്യമായ മൂലകങ്ങൾ മണ്ണിലുണ്ടെങ്കിൽ പിന്നെ അധികം വളപ്രയോഗം ആവശ്യമില്ല. മണ്ണറിഞ്ഞു വേണം തെങ്ങിൻ തൈ വയ്ക്കാൻ എന്ന് പഴമക്കാർ പറയുന്നതും ഇതുകൊണ്ടാണ്. എന്നാൽ മണ്ണു പരിശോധനയിൽ മൂലകങ്ങളുടെ കുറവ് ബോധ്യപ്പെട്ടാൽ അത് പരിഹരിക്കേണ്ടതുണ്ട്.

മേൽത്തട്ടിലെ ഒരടി താഴ്ചയിലുള്ള മണ്ണാണ് തെങ്ങു കൃഷിക്ക് യോജിച്ചത്. ഈ മേൽ മണ്ണിൽ പോഷക മൂലകങ്ങൾ ഉണ്ടായിരുന്നാൽ കൂടി അവ തെങ്ങിൻ തൈകൾക്ക് വലിച്ചെടുക്കാൻ സഹായിക്കുന്ന സാഹചര്യത്തിലാണോ എന്നും അറിയേണ്ടതുണ്ട്. കാരണം, ഇത് മണ്ണിന്റെ അമ്ല – ക്ഷാര (പി.എച്ച്) തോതിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. അതിനാൽ മണ്ണു പരിശോധനയിൽ ഏറെ പ്രാധാന്യം ഇതിനുണ്ട്. തെങ്ങിന്റെ വളപ്രയോഗത്തിനു മുമ്പ് വർഷത്തിൽ ഒരു തവണ വീതം മണ്ണു പരിശോധന നടത്തേണ്ടതുണ്ട്.

മണ്ണിന്റെ ആഴം, ഘടന, ഭൂമിയുടെ ചരിവ്, നീർവാർച്ച സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം സാമ്പിളുകൾ ഒരടി താഴ്ചയിൽ നിന്നും എടുക്കണം. തെങ്ങിൻ തൈകൾ വരിയായി നിൽക്കുന്നുവെങ്കിൽ അവയുടെ ഇടയിൽ നിന്നു വേണം മണ്ണ് ശേഖരിക്കുവാൻ. അപ്പോൾ മണ്ണിനെ തെങ്ങു കർഷകന് തിരിച്ചറിയാനാകും. ഇപ്രകാരമൊരു തിരിച്ചറിവ് തെങ്ങു കർഷകർക്കിടയിലുണ്ടാകണം.

വിത്തു തേങ്ങ ശേഖരിക്കുന്നതിന് നല്ല സ്വഭാവ സവിശേഷതകളുള്ള മാതൃ വൃക്ഷങ്ങൾ തരിഞ്ഞെടുക്കണം. ആരോഗ്യമുള്ളതും ചുവടു മുതൽ മണ്ട വരെ ഒരേ വണ്ണത്തിൽ ഉള്ള തടിയോടുകൂടിയതുമായ തെങ്ങാണ് ഉത്തമ മാതൃവൃക്ഷം. 20 നും 30 നും ഇടയ്ക്ക് പ്രായം വരുന്നതും ധാരാളം കായ്ക്കുന്നതും കേടില്ലാത്തതുമായ തെങ്ങുകളായിരിക്കണം ഇവ.

30 നും 40 നും മദ്ധ്യേ ഓലകളുള്ള പ്രതിവർഷം 120 തേങ്ങയെങ്കിലും കിട്ടുന്നവയായിരിക്കണം മാതൃ വൃക്ഷം.

ഫെബ്രുവരി മുതൽ മെയ് വരെയുള്ള കാലത്ത് വിളയുന്ന കുലയിൽ നിന്നും 11–12 മാസം പൂർത്തിയാക്കിയ തേങ്ങയാണ് വിത്തിനായി എടുക്കേണ്ടത്. തേങ്ങാ കുല കയറു കെട്ടി ഇറക്കുന്നതാണ് ഉത്തമം. അതിനു ശേഷം തണലുള്ള സ്ഥലത്ത് മണലിൽ ഞെട്ട് മുകളിലേക്കാക്കി 2 മാസം സൂക്ഷിക്കണം. അതിനു ശേഷമാണ് തവാരണയിൽ വിത്തു തേങ്ങ പാകേണ്ടത്.

മണ്ണിന്റെ നിരപ്പിൽ നിന്നും ഉയർന്നുള്ള സൂര്യപ്രകാശം നിർബാധം ലഭിക്കുന്ന സ്ഥലത്താണ് തവാരണ തയ്യാറാക്കേണ്ടത്. വാരങ്ങളുടെ വീതി ഒന്നര മീറ്റർ ആയിരുന്നാൽ തവാരണയിൽ ചവിട്ടേണ്ടി വരില്ല. തവാരണയിൽ 30 സെ.മീറ്റർ മുതൽ 45 സെന്റീമീറ്റർ വരെ ഘനത്തിൽ മണൽ വിരിക്കണം. ഇത് ചിതലിന്റെ ഉപദ്രവത്തിൽ നിന്നും തേങ്ങയെ രക്ഷിക്കുന്നു. നീർ വാർച്ചയുണ്ടാകുന്നതിനും മണൽ സഹായകമാണ്. മണലില്ലല്ല പാകുന്നതെങ്കിൽ ഏതെങ്കിലും ചിതൽ നാശിനി ഉപയോഗിക്കണം. ഇതുവഴി ചിതലിന്റെ ആക്രമണത്തിൽ നിന്നും വിത്തു തേങ്ങയെ സംരക്ഷിക്കാം. വിത്തു തേങ്ങ അതിന്റെ കണ്ണ് മുകളിലായി വരത്തക്കവിധം കുത്തി നിർത്തി നടുന്നതാണ് നല്ലതെന്ന് ഒരു വിഭാഗം തെങ്ങു കർഷകർക്കിടയിൽ അഭിപ്രായമുണ്ട്. എന്നാൽ ഭൂഗുരുത്വത്തിന് വിധേയമായി വിത്ത് കിടത്തി നടുന്നതാണ് ഉത്തമം എന്ന് മറ്റൊരു അഭിപ്രായവും നിലവിലുണ്ട്. എന്നാൽ ഈ രണ്ടു രീതിയും കൊള്ളാം എന്നാണ് ചിലരുടെ പക്ഷം. നേരെ നടുന്നത് തൈകൾ ശേഖരിച്ച് ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടു പോകുന്നതിന് കൂടുതൽ സൗകര്യപ്രദമാണ്.



- നേരത്തേ മുളയ്ക്കുന്നവ
- നേരത്തെ ഓലക്കാൽ വിരിയുന്നവ
- നല്ല ആരോഗ്യവും രോഗങ്ങളും കീടങ്ങളും ആക്രമിക്കാത്തവ.
- 9 മാസം പ്രായമായാൽ 4 ഓലകളെങ്കിലും ഉള്ളവ.

**ഒൻപതു മുതൽ പന്ത്രണ്ടു മാസം വരെ പ്രായമുള്ള തൈകൾ ആണ് നടുന്നതിന് ഉത്തമം.**

വരികൾ തമ്മിലും ഒരേ വരിയിലുള്ള തേങ്ങകൾ തമ്മിലും 30 സെ. മീ മുതൽ 45 സെ. മീ വരെ അകലമുണ്ടായിരിക്കണം. നടുമ്പോൾ തേങ്ങയുടെ കണ്ണുഭാഗം മണ്ണിനു വെളിയിൽ കാണാത്ത വിധത്തിൽ ഇരിക്കണം. മെയ് – ജൂൺ മാസങ്ങളാണ് വിത്തു തേങ്ങ നടാൻ പറ്റിയ സമയം. മൂന്നു മാസമാകുമ്പോൾ തേങ്ങ മുളയ്ക്കാനാരംഭിക്കും. പാകി ആറു മാസം കഴിഞ്ഞു മുള വരാത്ത തേങ്ങകളെ ഉപേക്ഷിക്കണം. ഓരോ ദിവസം ഇടവിട്ട് വെള്ളം നനച്ചു കൊടുക്കണം.

നിരവധി തെങ്ങു വർഗ്ഗങ്ങൾ കേരളത്തിൽ പ്രചാരത്തിലുണ്ട്. ഓരോ ഇനവും വ്യത്യസ്ത ജല പ്രകാശ ആഗിരണശേഷിയുള്ളവയാണ്. ഭൂപ്രദേശത്തിന്റെ പ്രത്യേകതയ്ക്കനുസരിച്ചു തെങ്ങിന്റെ ഇനം നിശ്ചയിക്കുന്നവരും ഉണ്ട്. എന്നാൽ തവാരണയിൽ പാകുന്നത് ഒരേ ഇനം ആയിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

എത്ര തന്നെ ശ്രമിച്ചാലും തവാരണയിൽ പാകിയ 60 ശതമാനം വിത്തു തേങ്ങകളിൽ നിന്നു മാത്രമേ സാധാരണ നിലയിൽ നല്ല തെങ്ങിൻ തൈകൾ ലഭിക്കുകയുള്ളൂ. തവാരണയിലെ വിത്തു തേങ്ങകൾക്ക് തുരപ്പൻ എലിയുടെ ശല്യമുണ്ടെങ്കിൽ തവാരണയ്ക്ക് ചുറ്റും മഞ്ഞൾ, കൊടുവേലി എന്നിവ നടുന്നത് നല്ലതാണ്. മഞ്ഞളിന്റെ സാന്നിദ്ധ്യം എലികളെ തവാരണകളിൽ നിന്നും അകറ്റി നിർത്തും. കൊടുവേലിയുടെ വേരിൽ കടിച്ചാൽ പൊള്ളും. ■

ഫോൺ : 9495355436

**ഖര – ജല വാതകങ്ങളുടെ പ്രത്യേക മിശ്രിതം കൂടിയാണ് മണ്ണ്. 25 ശതമാനം ഖര പദാർത്ഥങ്ങളിൽ അഞ്ചു ശതമാനം ജൈവാംശമാണ്. മണ്ണിലെ സൂക്ഷ്മ ജീവികളും ജന്തു ജാലങ്ങളും ജൈവ പദാർത്ഥങ്ങളെ വിഘടിപ്പിച്ച് ജൈവാംശം ഉണ്ടാക്കിയെടുക്കുന്നുണ്ട്. ഇതാണ് തെങ്ങിൻ തൈകളുടെ വളർച്ചയ്ക്കാവശ്യമായ പോഷകങ്ങളും വെള്ളവും അവയ്ക്ക് ലഭ്യമാക്കി കൊടുക്കുന്നത്.**



# തെങ്ങും അനുഷ്ഠാനങ്ങളും

**സണ്ണി തോമസ്, ഷാനവാസ് എം., ജോസഫ് രാജ്കുമാർ, ചന്ദ്രിക മോഹൻ**
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കൃഷ്ണപുരം, കായംകുളം

പുരാതന കാലം മുതൽ തെങ്ങും മനുഷ്യരും തമ്മിൽ ഇഴപിരിയാത്ത ബന്ധമാണുള്ളത്. മനുഷ്യ ജീവിതവുമായി ഇത്രയേറെ അടുപ്പമുള്ള വിളകൾ ഏറെയില്ല. കേരളീയ സാമൂഹിക ജീവിതത്തിലെ എത്രയോ സന്ദർഭങ്ങളിൽ നാളികേരം കർമ്മിയും സാക്ഷിയുമാണ്. കേരളീയ സമൂഹം അനുഷ്ഠിക്കുന്നതും പലപ്പോഴും ശ്രദ്ധിക്കാതെ പോകുന്നതുമായ ചില ആചാരങ്ങളിലെ തെങ്ങിന്റെ പ്രാധാന്യം അറിയുമ്പോൾ നാം തെങ്ങിനെ എത്രമാത്രം സംരക്ഷിക്കേണ്ടതാണ് എന്ന വസ്തുത തിരിച്ചറിയുന്നു. ഭക്ഷണമായും പാനീയമായും മരുന്നായും സുസ്ഥിര വരുമാനത്തിന്റെ ഉറവയായും മാത്രമല്ല തേങ്ങ, കരിക്ക് അഥവാ ഇളനീർ, പൂക്കുല, കുരുത്തോല, തെങ്ങിൻ തൈ എന്നിവയ്ക്ക് മതാചാര അനുഷ്ഠാനങ്ങളിലും വലിയ സ്ഥാനമുണ്ട്.

**നാളികേരം**

മനുഷ്യ ശിരസ്സിനോട് വളരെ സാമ്യമുള്ള ഫലമാണ് നാളികേരം. ചിരട്ട അസ്ഥിയായും, ചകിരി മുടിയായും, തേങ്ങാവെള്ളം രക്തമായും കാമ്പ് മാംസമായും സങ്കൽപ്പിച്ച് നമുക്ക് പകരമായി ഈശ്വരന് സമർപ്പിക്കുവാൻ കഴിയുന്നതുകൊണ്ടാണ് മിക്ക ആചാരങ്ങൾക്കും നമ്മുടെ പൂർവ്വികർ തേങ്ങയെ തെരഞ്ഞെടുത്തിരിക്കുന്നത്. വിഘ്നങ്ങളെ തടയുന്നതിനായി നാളികേരമുടയ്ക്കുന്നത് ഹൈന്ദവ ആചാരങ്ങളിൽ പതിവാണ്. ഗണപതി ഒരുക്ക്, ഗണപതി ഹോമം മുതലായവയ്ക്ക് നാളികേരം ഉടയ്ക്കുന്നത് വരാനിരിക്കുന്ന ദോഷങ്ങളെ അകറ്റുന്നതിന് ഉത്തമമാണെന്ന് വിശ്വസിക്കുന്നു. എല്ലാ അഹങ്കാരത്തേയും ഈശ്വരനു മുന്നിൽ ബലി അർപ്പിക്കുക എന്ന സന്ദേശമാണ് തേങ്ങ ഉടയ്ക്കൽ കൊണ്ട് ഉദ്ദേശിക്കുന്നത്.

ശബരിമലയിൽ തീർത്ഥാടനത്തിനു പോകുന്നവരുടെ ഇരുമുടിക്കെട്ടിലെ അവിഭാജ്യ ഘടകമാണ് നെയ്യ് നിറച്ച തേങ്ങ. ശനിദോഷം അകറ്റുന്നതിനായി അയ്യപ്പ ക്ഷേത്രങ്ങളിൽ നീരാഞ്ജനം എന്ന വഴിപാട് നടത്താറുണ്ട്. ഇതിനായി നാളികേര മുറിയിൽ എണ്ണ ഒഴിച്ച് ദീപം തെളിക്കുന്നു.

ഉദ്ഘാടനം, വിവാഹം, സ്വീകരണങ്ങൾ എന്നിവയ്ക്ക് പൊതുവെ കാണാറുള്ള ഒന്നാണ് താലപ്പൊലി. ഇതിനായി ഒരുക്കുന്ന താലത്തിൽ തേങ്ങ മുറിയിലാണ് എണ്ണ ഒഴിച്ച് തിരി തെളിക്കുന്നത്.

വീടിന്റെ നിർമ്മാണം തുടങ്ങുന്നതിനു മുമ്പ് തച്ചന്മാർ തേങ്ങ ഉടച്ച് ഫലം നോക്കുന്ന പതിവ് പല സ്ഥലങ്ങളിലും ഉണ്ട്.

വേട്ടയ്ക്കൊരു മകൻ ക്ഷേത്രങ്ങളിലെ പ്രധാന വഴിപാടാണ് വേട്ടയ്ക്കൊരു മകൻ പാട്ട്. നായാട്ടു കഴിഞ്ഞ് ക്ഷീണിതനായ വേട്ടയ്ക്കൊരുമകൻ നാളികേരങ്ങൾ ഉടച്ച് ദാഹ ശമനം വരുത്തുന്നു എന്ന സങ്കൽപ്പമാണ് ഇതിലുള്ളത്.

**ഇളനീർ**

പൂജകൾക്ക് ക്ഷേത്രങ്ങളിൽ പ്രതിഷ്ഠയിൽ ഇളനീർ ചെത്തി ധാരയായി ഒഴിക്കുന്നു. പരിശുദ്ധമായ ഇളനീരിനാൽ പാപങ്ങളെ കഴുകിക്കളയുകയെന്നുള്ളതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

വീടിന്റെ കല്ലിടീൽ കർമ്മത്തിന് ഇളനീർ ചെത്തി കൃഷ്ണശിലയിൽ ഒഴിച്ച് ഭൂമി പൂജ നടത്തുന്നത് പ്രധാന ചടങ്ങാ





ണ്. വടക്കൻ കേരളത്തിലെ പ്രധാന ക്ഷേത്രമായ കൊട്ടിയൂർ മഹാദേവക്ഷേത്രത്തിലെ വൈശാഖോൽസവത്തിന്റെ പ്രധാന ചടങ്ങുകളിലൊന്നാണ് ഇളനീർ വയ്പ്. സ്വയംഭൂശിവലിംഗത്തിന് വ്രതം നോറ്റ ഭക്തർ ഇളനീർ സമർപ്പിക്കുകയെന്നതാണ് ഇത്. ഇങ്ങനെ സമർപ്പിക്കപ്പെട്ട കരിക്കുകൾ പിറ്റെ ദിവസം വെട്ടി പ്രതിഷ്ഠയിൽ സമർപ്പിക്കുന്നു. ഇതിനെ ഇളനീരാട്ടം എന്നു പറയുന്നു.

വീടുകളിൽ നടത്തുന്ന പുരാണ പാരായണം, ഭൂമി പൂജ, ശവസംസ്ക്കാരം, സഞ്ചയനം, ബലി തർപ്പണം എന്നീ കർമ്മങ്ങൾക്കും ഇളനീർ അവശ്യ വസ്തുവാണ്.

**കുരുത്തോല**

വീടുകളിലും ക്ഷേത്രങ്ങളിലും നടത്തുന്ന മംഗള കർമ്മങ്ങൾക്കു കുരുത്തോലകൊണ്ടുള്ള പന്തൽ കെട്ടി അലങ്കരിക്കും. ശബരിമലയ്ക്കു പോകുന്ന ഭക്തർ പടുക്ക ഇടുന്നതിന് കുരുത്തോല ഉപയോഗിച്ചാണ് പന്തൽ ഉണ്ടാക്കുന്നത്.

ക്രിസ്ത്യാനികളുടെ ഓശാന പെരുന്നാൾ ദിനത്തിൽ വിശ്വാസികൾ പ്രത്യേകമായ പ്രാർത്ഥനകൾ അർപ്പിച്ച കുരുത്തോല കൈകളിലേന്തി പള്ളിക്കു ചുറ്റും ഭക്തി സാന്ദ്രമായി പ്രദക്ഷിണം വയ്ക്കുന്നു. ഈ കുരുത്തോല അടുത്ത ഒരു വർഷത്തേക്കു അവരുടെ ഭവനങ്ങളിൽ ഭയഭക്തി ബഹുമാനങ്ങളോടെ സൂക്ഷിക്കുകയും ചെയ്യുന്നു. ഇപ്രകാരം സൂക്ഷിക്കുന്ന കുരുത്തോല അടുത്ത ഉയിർപ്പു പെരുന്നാളിന് മുമ്പായി കരിച്ച് കിട്ടുന്ന ചാരം ഉപയോഗിച്ച് നെറ്റിയിൽ കുരിശു വരച്ച് നോമ്പിനു തുടക്കം കുറിക്കുന്നത് ചില ക്രിസ്തീയ വിഭാഗങ്ങളുടെ അനുഷ്ഠാനത്തിന്റെ ഭാഗമാണ്.

പ്രധാനപ്പെട്ട കേരളീയ ക്ഷേത്ര കലകളിലും നാടൻ കലാനുഷ്ഠാനങ്ങളിലും കുരുത്തോലയുടെ സ്ഥാനം അദ്വിതീയമാണ്.

വിവിധതരം തെയ്യങ്ങൾ, കുമ്മാട്ടി, ശീതങ്കൻ തുള്ളൽ തുടങ്ങിയവയുടെ നിറപ്പകിട്ടാർന്ന വേഷങ്ങളിൽ കുരുത്തോല പ്രധാന സ്ഥാനം അലങ്കരിക്കുന്നു.

**പൂക്കുല**

മംഗള കർമ്മങ്ങൾക്ക് ഹൈന്ദവാചാരപ്രകാരം വയ്ക്കുന്ന നിറ പറയ്ക്ക് ആവശ്യമായിട്ടുള്ള ഒരു മുഖ്യ ഘടകമാണ് തെങ്ങിൻ പൂക്കുല.





നമ്മുടെ നാട്ടിലെ ഉദ്ഘാടന ചടങ്ങുകളിലും നിറപറയും തെങ്ങിൻ പൂക്കുലയും ഐശ്വര്യത്തിന്റെ പ്രതീകമായി ഉൾക്കൊള്ളിക്കാറുണ്ട്.

പൊങ്കാലകൾക്കു തെങ്ങിൻ പൂക്കുലയുടെ ഉണങ്ങിയ പുറം ചട്ടയായ കൊതുമ്പ് ഉപയോഗിച്ചാണ് പൊങ്കാലയടുപ്പുകൾ കത്തിക്കുന്നത്. ഇതിനായി സ്ത്രീകൾ കൊതുമ്പുകൾ ശേഖരിച്ചു വയ്ക്കും.

**തെങ്ങിൻ തൈ**

ഒരു മലയാളി വീട് വയ്ക്കുന്നതിനു വേണ്ടി വസ്തു വാങ്ങിയാൽ അവിടെ ആദ്യം വയ്ക്കുന്നത് തെങ്ങിൻ തൈ ആണ്. മറ്റൊരു തൈയ്യും ആദ്യം വയ്ക്കാറില്ല. കാരണം തെങ്ങുകൾ ദീർഘകാലം നിലനിൽക്കുന്ന വൃക്ഷമാണെന്നതു കൂടാതെ കുടുംബത്തിന്റെ സർവ്വ ഐശ്വര്യത്തിന്റേയും പ്രതീകമായി അവർ തെങ്ങിനെ കാണുന്നു. എല്ലാ വർഷവും പത്താമുദയ ദിവസം തെങ്ങിൻ തൈ നടുന്നത് ഒരു പ്രധാന കാർഷിക ചടങ്ങാണ്. 18 പ്രാവശ്യം മല കയറുന്ന ഒരു അയ്യപ്പ ഭക്തൻ ശബരിമലയിൽ ഒരു തെങ്ങിൻ തൈ നടുന്നു. ഒരു വ്യക്തി മരിച്ചാൽ ഹൈന്ദവാചാരമനുസരിച്ച് കുഴിമാടത്തിനു മുകളിൽ തെങ്ങിൻ തൈ നടുന്നത് സാധാരണമാണ്. സന്താന സൗഭാഗ്യത്തിനായി വേളാങ്കണ്ണി പള്ളിയിൽ ഭക്തർ തെങ്ങിൻ തൈ സമർപ്പിക്കുന്നത് പ്രധാന നേർച്ചയാണ്.

ആയിരക്കണക്കിനു തെങ്ങിൻ തൈകളാണ് അവിടെ പെരുന്നാൾ ദിവസം എത്തപ്പെടുന്നത്.

ഇപ്രകാരം തെങ്ങും അനുബന്ധ ഭാഗങ്ങളും മലയാളികളുടെ ആചാരങ്ങളുമായി അഭേദ്യമായ ബന്ധം ഇഴ പിരിയാതെ നിലനിൽക്കുന്നു. ■

ഫോൺ : 9495316960

# വീടുകൾ തോറും ഇനി വെളിച്ചെണ്ണ നിർമ്മാണം

**ആബെ ജേക്കബ്**
നാളികേര വികസന ബോർഡ്, കൊച്ചി - 11

**വീട്ടമ്മമാർക്ക് അടുക്കളയിൽ വച്ച് കൊപ്രയിൽ നിന്ന് ഇനി അനായാസം വെളിച്ചെണ്ണ ആട്ടിയെടുക്കാം. കോട്ടയം ജില്ലയിലെ കട്ടച്ചിറ സ്വദേശി സജിമോൻ നിർമ്മിച്ച് പേറ്റന്റ് എടുത്ത ഈ ഉപകരണത്തിനുള്ള ബുക്കിംഗ് ആരംഭിച്ചു കഴിഞ്ഞു. ഏപ്രിൽ ഒന്നു മുതൽ ആവശ്യക്കാർക്ക് ലഭിച്ചു തുടങ്ങും. നിലവിൽ പൊതു വിപണിയിൽ വിതരണം ഇല്ല.**

വളരെ ആക്സമികമായാണ് സജിമോൻ വർഗീസ് എന്ന മെക്കാനിക്കൽ എൻജിനിയർ ടിങ്കിൾ കൊക്കോ ചക്ക് എന്ന പേരിൽ വീടുകളിൽ എണ്ണയാട്ടുന്നതിനുള്ള ചെറിയ ഉപകരണം രൂപകല്പന ചെയ്തത്. മൂന്നു വർഷം മുമ്പ് 2014 ലാണ് ഒരു ദിവസം വൈകീട്ട് സജിമോൻ പതിവുപോലെ മില്ലിൽ നിന്ന് നാലു ലിറ്റർ കാനിൽ വെളിച്ചെണ്ണയും വാങ്ങി വീട്ടിലെത്തി. കാൻ ഭാര്യയുടെ കൈയിൽ കൊടുക്കുമ്പോൾ സജിമോൻ പറഞ്ഞു, എണ്ണയ്ക്ക് വല്ലാത്ത ഒരു നിറം. ഇതിൽ എന്തൊക്കെ കലർത്തിയിട്ടുണ്ടോ ആവോ.

പെട്ടെന്ന് ഭാര്യ ചോദിച്ചു. നിങ്ങൾ എന്തെല്ലാം മെഷീനുകൾ ഡിസൈൻ ചെയ്യുന്നു. അടുക്കളയിലേയ്ക്കുള്ള എണ്ണ വീട്ടിൽ ആട്ടിയെടുക്കാനുള്ള ഒരു യന്ത്രം ഉണ്ടാക്കി കൂടെ?

ഭാര്യ ഉന്നയിച്ച ആ ചോദ്യം സജിമോനെ വല്ലാതെ അലട്ടി. അത് കേരളത്തിലെ ഓരോ വീട്ടമ്മമാരുടെയും വികാരമായി തോന്നി. പിന്നെ ഊണിലും ഉറക്കത്തിലും അതെക്കുറിച്ചായി ചിന്ത. ഒരിക്കൽ ഇതുപോലെ ഒരവസരത്തിലാണ് തേങ്ങ പൊതിക്കാനുള്ള ഒരു ഉപകരണം അര മണിക്കൂർ കൊണ്ട് സജിമോൻ നിർമ്മിച്ചത്. അതുവരെ വീട്ടിൽ തേങ്ങ പൊതിച്ചിരുന്നത് കോടാലി ഉപയോഗിച്ചായിരുന്നു. അത് വളരെ ആയാസകരമായ പ്രവൃത്തിയാണ്. ചിലപ്പോൾ ഒരു തേങ്ങ പൊതിക്കാൻ കഷ്ടപ്പെടും. അതിനു പരിഹാരമായാണ് ഒരു ലഘുയന്ത്രം നിർമ്മിച്ച് ഭാര്യക്ക് സമ്മാനിച്ചത്. ഇന്നും അത് കാര്യക്ഷമമായി പ്രവർത്തിക്കുന്നു.




പക്ഷെ, ഇത് അതുപോലെയല്ല. അടുക്കളയിൽ തന്നെ വെളിച്ചെണ്ണ ആട്ടുന്നതിനുള്ള ഉപകരണം എന്നത് അത്ര എളുപ്പമല്ല. ഉണങ്ങിയ കൊപ്ര പാറപോലെ കട്ടിയാണ്. ചെറിയ മോട്ടറിൽ പണി നടക്കില്ല. മാത്രവുമല്ല, അടുക്കളയിലാകുമ്പോൾ കഴിയുന്നത്ര വൈദ്യുതി ഉപയോഗം കുറയ്ക്കുകയും വേണം. ചിന്തകൾ ആഴ്ച്ചകളോളം സജിമോന്റെ ഉറക്കം കെടുത്തി. പല ദിവസങ്ങളിലും രാവെളുക്കുവോളം, വീടിനോടു ചേർന്നുള്ള വർക്ക്ഷോപ്പിലിരുന്ന് സജിമോൻ പലവിധ മാതൃകകൾ നിർമ്മിച്ചു നോക്കി. ഒടുവിൽ തല്ക്കാലം തോറ്റ് പിന്മാറി. പക്ഷെ മനസ് അപ്പോഴും അതിനു പിന്നാലെ ആയിരുന്നു.

അങ്ങിനെയിരിക്കെ 2015 -ൽ ഒരു ദിവസം രാത്രി ഇതേക്കുറിച്ച് ചിന്തിച്ചിരിക്കെയാണ് മനസിലേയ്ക്ക് ഹൈഡ്രോളിക് സിലിണ്ടർ എന്ന ആശയം കടന്നു വന്നത്. അപ്പോൾ തന്നെ ഓടി വർക്ക്ഷോപ്പിലെത്തി. രണ്ടു മണിക്കൂർ കൊണ്ട് ഒരു മെഷീൻ നിർമ്മിച്ചെടുത്തു. തിരികെ വീട്ടിലെത്തി. അടുക്കളയിൽ നിന്ന് ഒരു കൊപ്ര എടുത്ത് ചെറുതാക്കി ഉപകരണത്തിൽ ഇട്ടു. പ്രവർത്തിപ്പിച്ചു. സംഭവം വിജയിച്ചിരിക്കുന്നു.

എണ്ണ മെല്ലെ കുപ്പിയിലേയ്ക്ക് ഒഴുകിയിറങ്ങി. സജിമോൻ മതിമറന്നു. ലക്ഷ്യം സാധിച്ചിരിക്കുന്നു. പക്ഷെ ആഹ്ലാദം കുറച്ചു സമയമേ നീണ്ടു നിന്നുള്ളു. എണ്ണ കിട്ടുന്നുണ്ട്, എന്നാൽ അതിൽ നിന്ന് പിണ്ണാക്ക് പുറത്തെടുക്കാൻ സാധിക്കുന്നില്ല. അതോടെ പണി പാളി.

വീണ്ടും പരീക്ഷണങ്ങൾ ആരംഭിച്ചു. ആദ്യം നിർമ്മിച്ച മെഷീൻ ആറു പ്രാവശ്യം പരിഷ്കരിച്ചു. ഒടുവിൽ ആറുമാസം മുമ്പ് സജിമോന്റെ സങ്കല്പത്തിലെ ഗാർഹിക എക്സ്പെല്ലറിന്റെ മാതൃക നിർമ്മാണം പൂർത്തിയായി.

മൂന്നു വർഷം നീണ്ട ഗവേഷണം. അതുമായി ബന്ധപ്പെട്ട യാത്രകൾ.. മുംബൈ, ബാംഗ്ളൂർ, കോയമ്പത്തൂർ...എത്രയോ ദിവസങ്ങൾ... എത്രമാത്രം പണം..പക്ഷെ ഏതാനും മാസം മുമ്പ് തന്റെ കണ്ടുപിടുത്തത്തിനുള്ള പേറ്റന്റ് രേഖ കൈയിൽ ലഭിച്ചപ്പോൾ സജിമോൻ അഭിമാനത്തോടെ തല ഉയർത്തി.

കോട്ടയം ജില്ലയിലെ കട്ടച്ചിറ സ്വദേശിയായ സജിമോൻ പഠനശേഷം സ്വന്തം ബിസിനസിലേയ്ക്ക് തിരിയുകയായിരുന്നു. വീടിനു അടുത്തു തന്നെ ഒരു വ്യവസായ സ്ഥാപനം തുടങ്ങി.

## കോക്കോചക്കിന്റെ പ്രവർത്തനം ഇങ്ങനെ :



*സിലിണ്ടർ ഉറപ്പിക്കുന്നു*



*പ്രസ്സ് ചെയ്യുന്നു*



*എണ്ണ പാത്രത്തിലേക്ക്*



*ആട്ടിയെടുത്ത ശുദ്ധമായ വെളിച്ചെണ്ണ*

**കൊപ്ര – വെളിച്ചെണ്ണ ലോബിയുടെ പകൽ കൊള്ള ഇനി എത്രനാൾ? രാജ്യത്തെ സാധാരണക്കാരായ വെളിച്ചെണ്ണ ഉപയോക്താക്കളെ ഇക്കാലമത്രയും പിഴിഞ്ഞുകൊണ്ടിരുന്ന വെളിച്ചെണ്ണ ലോബിയ്ക്കുള്ള അന്ത്യശാസനം മുഴങ്ങുന്നു. വീട്ടമ്മമാർക്ക് അടുക്കളയിൽ ആവശ്യമുള്ളപ്പോൾ വെളിച്ചെണ്ണ നിർമ്മിക്കാവുന്ന ഉപകരണം വിപണിയിലെത്തുന്നതോടെ മായവും മാലിന്യവുമില്ലാത്ത വെളിച്ചെണ്ണ എന്ന വീട്ടമ്മമാരുടെ ഏറ്റവും വലിയ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുകയാണ്.**

ഫാബ്രിക്കേഷൻ ആൻഡ് പൗഡർകോട്ടിംങ്. അതിനിടെയും പുതുമയ്ക്കായുള്ള തന്റെ കൗതുകങ്ങൾ സജിമോനിൽ സജീവമായിരുന്നു. അത്തരമൊരു കൗതുകമാണ് വിപ്ലവകരമായ ഡൊമസ്റ്റിക്ക് കോക്കനട്ട് ഓയിൽ എക്സ്പെല്ലറിന്റെ നിർമ്മാണത്തിലേയ്ക്ക് അദ്ദേഹത്തെ നയിച്ചത്.

എം എസ് സ്റ്റീലിൽ നിർമ്മിച്ചിരിക്കുന്ന ബോഡിയും, സ്റ്റെയിൻലസ് സ്റ്റീലിൽ നിർമ്മിച്ചിരിക്കുന്ന ഹാൻഡിലും ഹൈഡ്രോളിക് സിലിണ്ടറുമാണ് 13 കിലോഗ്രാം തൂക്കമുള്ള ഈ ഉപകരണത്തിന്റെ പ്രധാന ഭാഗങ്ങൾ. യന്ത്രം കൈകൊണ്ടാണ് പ്രവർത്തിപ്പിക്കുക. അരക്കിലോ കൊപ്രയാണ് ശേഷി. അത് ചക്കിലിട്ട് നാലു മിനിറ്റു പ്രസ് ചെയ്താൽ കാൽ കിലോ വെളിച്ചെണ്ണ ലഭിക്കും. അതിനു മുമ്പ് കൊപ്ര മിക്സിയിൽ ഇട്ട് നാല്പതു സെക്കൻറ് മിൻസ് ചെയ്യണം. എണ്ണ ഒട്ടും തന്നെ ചൂടാകാതെ ലഭിക്കുന്നു എന്നതാണ് ഈ ഉപകരണത്തിന്റെ പ്രത്യേകത. എണ്ണ ലഭിച്ച ശേഷം പിണ്ണാക്ക് സിലണ്ടറിലൂടെ തന്നെ പുറത്തേയ്ക്ക് വരും. പഴയ മരച്ചക്കിൽ കൊപ്ര ആട്ടുമ്പോൾ ലഭിക്കുന്ന പിണ്ണാക്കിനോട് സാദൃശ്യമുള്ള ഈ പിണ്ണാക്ക് ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. വീട്ടിലെ ആവശ്യത്തിന് അപ്പപ്പോൾ കൊപ്രയാട്ടി എടുക്കാം. വൈദ്യുതി ആവശ്യമില്ല. മെയിന്റനനൻസ് ചെലവും ഇല്ല തുടങ്ങിയവയാണ് ഈ ഉപകരണത്തിന്റെ മെച്ചം.

സിംഗപ്പൂരിൽ നിന്നും മുംബെയിൽ നിന്നും കൊണ്ടു വരുന്ന യന്ത്രഭാഗങ്ങൾ കട്ടച്ചിറയിലെ വർക്കേഷോപ്പിൽ നിർമ്മിക്കുന്ന ഇതര ഭാഗങ്ങളുമായി കൂട്ടിച്ചേർത്താണ് ഇപ്പോൾ കൊക്കോചക്കിന്റെ നിർമ്മാണം നടത്തുന്നത്. വ്യവസായിക അടിസ്ഥാനത്തിലുള്ള നിർമ്മാണം ഇപ്പോൾ നടക്കുന്നുണ്ട് എങ്കിലും വിതരണക്കാരെ നിയമിച്ചാൽ ഉപഭോക്താക്കളിലെത്തുമ്പോൾ ഉത്പ്പന്ന വില ചുരുങ്ങിയത് 1000 രൂപയെങ്കിലും വർധിക്കുമെന്നതിനാലാണ് നേരിട്ടു വിതരണം നടത്തുന്നത് എന്ന് സജിമോൻ വിശദീകരിച്ചു. 12500 രൂപയാണ് ഇപ്പോൾ ഇതിന്റെ വില.

കൊപ്ര കൂടാതെ കടല, എള്ള്, കടുക് എന്നിവ ആട്ടാനും ഈ യന്ത്രം കൊള്ളാം. കൂടാതെ തേങ്ങാപ്പാൽ പിഴിയാനും ഇത് അനുയോജ്യമാണ്. ഹൈഡ്രോളിക് സംവിധാനമായതിനാൽ പ്രവർത്തനം വളരെ അനായാസമാണ്. കുടുംബശ്രീ യൂണിറ്റുകൾക്കും ചെറിയ തോതിൽ കുടിൽ വ്യവസായമായി വെന്തവെളിച്ചെണ്ണ നിർമ്മിക്കുന്ന സംരംഭകർക്കും ഉപകരണം കൈത്താങ്ങാകും. ശുദ്ധവും പുതുമയുള്ളതും നിർമ്മാണവേളയിൽ ഒട്ടും ചൂടാകാത്തതുമായ വെളിച്ചെണ്ണയാണ് ഇതിൽ നിന്ന് ലഭിക്കുന്നത്. വൻ തോതിൽ എണ്ണ ആട്ടി കൊണ്ടുവന്ന് സൂക്ഷിക്കുമ്പോൾ കനച്ച് ഉപയോഗ ശൂന്യമായി പോകുന്ന സാഹചര്യവും ഇനി ഒഴിവാക്കാം.

സജിമോൻ ഫോൺ – 9447138972

# ത്രിപുരയിൽ ഊർജ്ജിത നാളികേര കൃഷി വികസനത്തിന് വൻ പദ്ധതികൾ

**സിഡിബി ന്യൂസ് ബ്യൂറോ,** കൊച്ചി

**ദക്ഷിണ ത്രിപുരയിലെ ഹിചാച്ചേരയിലുള്ള നാളികേര വികസനബോർഡിന്റെ വിത്തുത്പാദന പ്രദർശന തോട്ടത്തിൽ 2017 ഫെബ്രുവരി 18 നു നാളികേര കൃഷിക്കാർക്കു വേണ്ടി സംഘടിപ്പിച്ച ബോധവത്ക്കരണ പരിശീലന പരിപാടിയുടെ റിപ്പോർട്ട്:**



*ദീപം തെളിയിക്കൽ*

ദക്ഷിണ ത്രിപുരയിലെ സബ്റൂമിനടുത്തുള്ള ഹിചാച്ചേരയിലെ നാളികേര വികസനബോർഡിന്റെ വിത്തുത്പാദന പ്രദർശന തോട്ടത്തിൽ 2017 ഫെബ്രുവരി 18 നു നാളികേര കൃഷിക്കാർക്കു വേണ്ടി ബോധവത്ക്കരണ പരിശീലന പരിപാടി നടന്നു. പാർലമെന്റ് അംഗം ജിതേന്ദ്ര ചൗധരി ചടങ്ങ് ഉദ്ഘാടനം ചെയ്തു. മനുസബ്റൂം എംഎൽ എ പ്രവത് ചൗധരി ചടങ്ങിൽ അധ്യക്ഷനായിരുന്നു.

ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കാനെത്തിയ വിശിഷ്ഠാതിഥികളെയും കൃഷിക്കാരെയും മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ.സരദിന്ദുദാസ് സ്വാഗതം ചെയ്തു. ത്രിപുരയിലെ ചെറുകിട പരിമിത കൃഷിക്കാരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിന് നാളികേര കൃഷി വ്യാപിപ്പിക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം എടുത്തു പറഞ്ഞു. ഇതിനായി 2016 ഫെബ്രുവരി മുതൽ ഫാമിൽ നടന്നു വരുന്ന പ്രവർത്തനങ്ങളും അദ്ദേഹം വിശദീകരിച്ചു.

ത്രിപുരയിലെ കർഷക സമൂഹം നാളികേര കൃഷി ഏറ്റെടുക്കണമെന്ന് സംസ്ഥാന കൃഷി -പഴം പച്ചക്കറി കൃഷി വകുപ്പ് ഡയറക്ടർ ഡോ.ഡിപി സർക്കാർ ആഹ്വാനം ചെയ്തു. നാളികേര വികസന ബോർഡ് ഹിചച്ചേരയിൽ സ്ഥാപിച്ചിട്ടുള്ള വിത്തുത്പാദന പ്രദർശന തോട്ടത്തിന് എല്ലാ വിധ സഹായ സഹകരണങ്ങളും അദ്ദേഹം വാഗ്ദാനം ചെയ്യുകയും ചെയ്തു.

നാളികേരവും നാളികേര കൃഷിയും ത്രിപുരയിലെ കർഷക സമൂഹത്തിന് എത്രത്തോളം പ്രയോജനപ്രദമാണ് എന്ന് ദക്ഷിണ ത്രിപുര ജില്ലാ മജിസ്ട്രേറ്റ് സികെ ജമാതിയ ഐഎഎസ് വിശദീകരിച്ചു. വിത്തുത്പാദന പ്രദർശന തോട്ടസ്ഥാപനത്തിനും നാളികേര ബോർഡിനും എല്ലാവിധ സഹായസഹകരണങ്ങളും അദ്ദേഹവും വാഗ്ദാനം ചെയ്തു. ഫാമിലെ ജലസംഭരണിയുടെ വികസന ജോലികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ഗൗരവമായി പരിഗണിക്കുമെന്നും അദ്ദേഹം വെളിപ്പെടുത്തി.




*ഉപഹാരം*

ത്രിപുര ട്രൈബൽ ഏരിയ ഓട്ടോണമസ് ജില്ലാ കൗൺസിൽ അംഗം ശ്രീ. സത്തായി മോഗും ചടങ്ങിൽ പ്രസംഗിച്ചു. സംസ്ഥാനത്തെ നാളികേര കൃഷിയും ഉത്പാദനവും വർധിപ്പിക്കാൻ കൃഷിക്കാർക്ക് മികച്ച നടീൽ വസ്തുക്കൾ ലഭ്യമാക്കണമെന്നും, അതിന് നാളികേര വികസന ബോർഡ് മുൻകൈ എടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

നാളികേര വികസന ബോർഡ് ചെയർമാൻ ഡോ.എകെ സിംങ് ആമുഖ പ്രഭാഷണം നടത്തി. സംസ്ഥാനത്ത് ശാസ്ത്രീയ നാളികേര കൃഷി പ്രോത്സാഹിപ്പിക്കുമെന്നും, വിവിധ മൂല്യവർധന സാങ്കേതിക വിദ്യകൾ വഴി മേഖലയിലെ നാളികേര കർഷകരുടെ വരുമാനം വർധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ത്രിപുര കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ജിഎസ്ജി അയ്യങ്കാർ ഐഎഎസും ചടങ്ങിൽ പ്രസംഗിച്ചു. സംസ്ഥാനത്ത് നാളികേര കൃഷി വ്യാപനത്തിലൂടെ സമൂഹത്തിലെ ദുർബലവിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ സാധിക്കുമെന്ന് അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

കിഴക്കൻ ത്രിപുരയിൽ നിന്നുള്ള പാർലമെന്റ് അംഗം ശ്രീ. ജിതേനന്ദ്ര ചൗധരി ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. സംസ്ഥാനത്തെ കർഷകർ നാളികേര കൃഷിക്ക് കൂടുതൽ ഊന്നൽ നല്കണമെന്നും അതിലൂടെ കൂടുതൽ സാമ്പത്തികമായി അഭിവൃദ്ധി കൈവരിക്കണമെന്നും അദ്ദേഹം ആഹ്വാനം



ആമുഖ പ്രഭാഷണം



ത്രിപുരയുടെ കലാവന്ദനം

ചെയ്തു. സംസ്ഥാനത്തെ ഏതാനും കൃഷി ഫാമുകൾ കൂടി നാളികേര വികസന ബോർഡിന്റെ നഴ്സറികൾ സ്ഥാപിക്കുന്നതിനായി ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ദക്ഷിണ ത്രിപുരയുടെ പുത്രൻ എന്ന നിലയിൽ ഹിചച്ചേരയിലെ നാളികേര വിത്തുത്പാദന പ്രദർശന തോട്ടം സ്ഥാപിക്കാനിടയായ പശ്ചാത്തലവും അദ്ദേഹം വിശദീകരിച്ചു. നാളികേര വികസന ബോർഡിന് ഭൂമി വിട്ടു നല്കിയ സംസ്ഥാന ഗവൺമെന്റിന്റെ നടപടിയെ അദ്ദേഹം അഭിനന്ദിച്ചു. ത്രിപുരയിലെ നാളികേര കർഷകർക്ക് ബോർഡിന്റെ ആനുകൂല്യങ്ങളും പദ്ധതികളും പൂർണമായി ലഭിക്കുന്നതിന് അഗർത്തലയിലെ നാളികേര വികസന ബോർഡ് സ്റ്റേറ്റ് സെന്റർ ഓഫീസ് പുനസ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ചെയർമാനോട് അഭ്യർത്ഥിച്ചു.

ത്രിപുരയിൽ നാളികേര വിത്തുത്പാദന പ്രദർശന തോട്ടം സ്ഥാപിക്കുന്നതിന്റെ പ്രാധാന്യം പ്രവദ് ചൗധരി തന്റെ അധ്യക്ഷ പ്രസംഗത്തിൽ വിശദീകരിച്ചു. ഫാമിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് എല്ലാ വിധ സഹായസഹകരണങ്ങളും അദ്ദേഹം വാഗ്ദാനം ചെയ്തു. നാളികേര വികസന ബോർഡ് സെക്രട്ടറി ഡോ.എകെ നന്ദി കൃതജ്ഞത രേഖപ്പെടുത്തി.

തുടർന്ന് നാളികേര വികസന ബോർഡ് ഡയറക്ടർ ശ്രീ എൽ ഉബൈദ്, ഡപ്യൂട്ടി ഡയറക്ടർ കെ.ദേബ്നാഥ് എന്നിവരുടെ നേതൃത്വത്തിൽ നാളികേര കൃഷിരീതികൾ, വിവിധ പദ്ധതികൾ എന്നിവയെ കുറിച്ച് ബോധവത്ക്കരണ സെമിനാർ നടന്നു. വിവിധ മേഖലകളിൽ നിന്നായി 500 – ൽ അധികം കൃഷിക്കാരും വിവധ വകുപ്പുകളിൽ നിന്നായി ഉദ്യോഗസ്ഥരും പങ്കെടുത്തു.

## Statement of ownership and other particulars about the

## INDIAN COCONUT JOURNAL

## FORM IV

## (See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Kochi - 11 |
| 2. | Periodicity of Publication | : | Monthly |
| 3. | Printer's Name | : | Mini Mathew |
| | Nationality | : | Indian |
| | Address | : | Publicity Officer<br>Coconut Development Board,<br>Kochi - 11, Kerala. |
| 4. | Publisher's Name | : | Mini Mathew |
| | Nationality | : | Indian |
| | Address | : | Publicity Officer<br>Coconut Development Board, Kochi - 11, Kerala |
| 5. | Editor's Name | : | R Jnanadevan |
| | Nationality | : | Indian |
| | Address | : | Deputy Director<br>Coconut Development Board, Kochi - 11, Kerala |
| 6. | Names and addresses of individuals who own the newspaper and partners or shareholders holding more than one percent of the total capital | : | The periodical is owned by the Coconut Development Board which is a body corporate set up by the Government of India under the Coconut Development Board Act, 1979. |

I, Mini Mathew, hereby declare that the particulars given above are true to the best of my knowledge and belief.

Sd/

Date : 01-03-2017

(Mini Mathew)

# കൊച്ചിയിൽ എക്സപോർട്ടേഴ്സ് മീറ്റ് : 40 കമ്പനികൾ പങ്കെടുത്തു

**സിഡിബി ന്യൂസ് ബ്യൂറോ,** കൊച്ചി




*മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ.സരദിന്ദു ദാസ് ആമുഖ പ്രഭാഷണം നടത്തുന്നു*

കൊച്ചിയിൽ നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 22 ന് എക്സപോർട്ടേഴ്സ് മീറ്റ് നടത്തി. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 40 പ്രമുഖ കയറ്റുമതി കമ്പനി പ്രതിനിധികൾ പങ്കെടുത്തു. മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ.സരദിന്ദു ദാസ് സമ്മളനം ഉദ്ഘാടനം നടത്തി. അടുത്ത പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി നാളികേര കയറ്റുമതി വ്യാപാരികൾക്കായി നിരവധി പദ്ധതികൾ നാളികേര വികസന ബോർഡ് ആസൂത്രണം ചെയ്തു വരികയാണ് എന്ന് അദ്ദേഹം പ്രസംഗത്തിൽ സൂചിപ്പിച്ചു. ലോക വിപണിയിൽ നാളികേരത്തിന്റെ അനന്തമായ സാധ്യതകൾ പൂർണമായും ചൂഷണം ചെയ്യുന്നതിന് ഇത് സഹായകമാകുമെന്നു പ്രതീക്ഷിക്കുന്നതായും അദ്ദേഹം തുടർന്നു. ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ കൺസൾട്ടന്റ് ശ്രീമതി എംഎം ഗിരിജ കയറ്റുമതിയിലെ മത്സര ബുദ്ധിയോടെയുള്ള ഗുണമേന്മാ മാനദണ്ഡങ്ങൾ, ലോഗൻ ലൊജിസ്റ്റിക്സ് ആൻ ഷിപ്പിംങ്ങിലെ ശ്രീ. ശ്രീകാന്ത് ഭട്ട് കയറ്റുമതി മേഖല നേരിടുന്ന വെല്ലുവിളികൾ എന്നീ വിഷയങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു. നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. കെഎസ് സെബാസ്റ്റ്യൻ ഇന്ത്യയിലെ നാളികേര ഉത്പ്പന്നങ്ങളുടെ വർത്തമാന കാല കയറ്റുമതി ചരിത്രവും കണക്കുകളും വിശദീകരിച്ചു. ചർച്ചാ വേളയിൽ വ്യാപാരികളുടെ സംശയങ്ങൾക്ക് ബോർഡിലെ ഉദ്യോഗസ്ഥർ മറുപടി നല്കി. മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ.സരദിന്ദു ദാസ്, ബോർഡ് സെക്രട്ടറി ഡോ.എകെ നന്ദി, ഡെപ്യൂട്ടി ഡയറക്ടർ ആർ ജ്ഞാനദേവൻ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു. ഡെപ്യൂട്ടി ഡയറക്ടർ സർദാർ സിംങ് ചോയൽ സ്വാഗതവും അസിസ്റ്റന്റ് മാർക്കറ്റിംങ് ഓഫീസർ ശ്രീ സിദ്ധരാമേശ്വര സ്വാമി നന്ദിയും പറഞ്ഞു.

സമ്മേളനംത്തിൽ കയറ്റുമതി വ്യാപാരികൾ അവരുടെ അനുഭവങ്ങൾ പങ്കു വയ്ക്കുകയും പുതിയതും പരിഷ്കരിച്ചതുമായ പദ്ധതികൾ നിർദ്ദേശിക്കുകയും ഭാവി നയങ്ങളിൽ ഗവൺമെന്റിന്റെ ഇടപെടലുകൾ ആവശ്യപ്പെടുകയും ചെയ്തു. ഇന്ത്യയിൽ നിന്ന് ഗണ്യമായ തോതിൽ നാളികേരവും നാളികേര ഉത്പ്പന്നങ്ങളും വിദേശ രാജ്യങ്ങളിലേയ്ക്ക് പ്രത്യേകിച്ച് അമേരിക്ക, ഇംഗ്ലണ്ട്, യൂറോപ്യൻ സാമ്പത്തിക സമൂഹ രാജ്യങ്ങൾ, ജപ്പാൻ, ഇറാൻ, ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയക്കപ്പെടുന്നുണ്ട്.




*ശ്രീമതി എംഎം ഗിരിജ*

അന്താരാഷ്ട്ര വിപണിയിലേയ്ക്കുള്ള നാളികേര കയറ്റുമതിയിൽ ഇന്ത്യയുടെ സ്ഥാനം നാലാമതാണ്.ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക എന്നിവയാണ് മുന്നിലുള്ളവ. കയർ, കയർ ഉത്പ്പന്നങ്ങൾ എന്നിവ ഒഴികെയുള്ള നാളികേര ഉത്പ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 ഏപ്രിൽ 1ന് നാളികേര വികസന ബോർഡിനെ ഇന്ത്യ ഗവൺമെന്റ് എക്സപോർട്ട് പ്രമോഷൻ കൗൺസിലായി വിജ്ഞാപ




സി.ഡി.ബി. ഡെപ്യൂട്ടി ഡയറക്ടർ സർദാർ സിംങ് ചോയൽ



ശ്രീ. ശ്രീകാന്ത് ഭട്ട്

നം ചെയ്തു. അന്നു മുതൽ രാജ്യത്തു നിന്നുള്ള നാളികേര കയറ്റുമതിയുടെ ശരാശരി വാർഷിക വളർച്ചാ നിരക്ക് 22.35 ശതമാനമാണ്. 2009 –10 ൽ ഇന്ത്യയിൽ നിന്നുള്ള നാളികേര ഉത്പ്പന്ന കയറ്റുമതി മൂല്യം 432.38 കോടിയായിരുന്നു. 2015 –16 ൽ എത്തുമ്പോൾ ഇത് 1450.24 കോടിയാണ്. ഇന്ത്യയിൽ നിന്ന് 2010 – 11 മുതലുള്ള നാളികേര ഉത്പ്പന്ന കയറ്റുമതി വിശദാംശങ്ങൾ പട്ടികയിൽ ചുവടെ.

പട്ടിക 1 : നാളികേര ഉത്പന്ന കയറ്റുമതി

| വർഷം | കയറ്റുമതി (കോടി രൂപയിൽ) |
|---|---|
| 2009-10 | 432.38 |
| 2010-11 | 525.65 |
| 2011-12 | 838.65 |
| 2012-13 | 1022.53 |
| 2013-14 | 1156.12 |
| 2014-15 | 1312.38 |
| 2015-16 | 1450.24 |

നിലവിൽ അനുകൂലമായ വളർച്ച പ്രവണതയാണ് കയറ്റുമതിയിൽ കാണുന്നത്. 2016 ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിൽ നാളികേര ഉത്പ്പന്നങ്ങളുടെ കയറ്റുമതി മൂല്യം 1446.08 കോടിയായിരുന്നു. തൊട്ടു തലേ വർഷത്തെ അപേക്ഷിച്ച് 50 ശതമാനം വളർച്ചയാണ് ഇത് രേഖപ്പെടുത്തുന്നത്.

നാളികേര കയറ്റുമതി മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് നാളികേര വികസന ബോർഡ് രജിസ്ട്രേഷൻ കം മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് നല്കുന്നുണ്ട്. കയറ്റുമതിക്ക് ഈ സാക്ഷ്യപത്രം അനുപേക്ഷണീയമാണ്. ഇത് ഉണ്ടെങ്കിൽ മാത്രമെ റവന്യു വകുപ്പിലെ വിദേശ വ്യാപാര നയം, തീരുവ തുടങ്ങിയവയുടെ കീഴിലുള്ള വിവിധ ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളു. അടുത്ത കാലത്തായി നാളികേര വികസന ബോർഡിലെ എക്സ്പോർട്ട് പ്രമോഷൻ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കയറ്റുമതി വ്യാപാരികളുടെ സംഖ്യ വർധിച്ചിട്ടുണ്ട്. 2015 – 16 സാമ്പത്തിക വർഷത്തിൽ ഇവരുടെ എണ്ണം 2088 ആയിരുന്നു. 2017 ഫെബ്രുവരിയിൽ ഇത് 2631 ൽ എത്തി.

നാളികേരത്തിനും അതിൽ നിന്നുള്ള മൂല്യ വർധിത ഉത്പ്പന്നങ്ങൾക്കും അന്താരാഷ്ട്ര വിപണിയിൽ ഓരോ വർഷവും സാധ്യതകൾ വർധിച്ചു വരികയാണ്. അതിനാൽ ഈ മേഖലയിൽ കയറ്റുമതി വ്യാപാരികൾക്കും അവസരങ്ങൾ ഉണ്ട്. സാധ്യതകൾ സമർത്ഥമായി ഉപയോഗിക്കുന്നവർക്ക് ഉയരങ്ങൾ കീഴടക്കാനാവും. അതിനുള്ള ഒരു പൊതു വേദിയാണ് എക്സപോർട്ടേഴ്സ് മീറ്റിലൂടെ നാളികേര വികസന ബോർഡ് ഒരുക്കിയത്. നിലവിലുള്ള അന്താരാഷ്ട്ര വിപണിയുടെ ചിത്രം മനസിലാക്കാനും, ആനുകൂല്യങ്ങളെയും പദ്ധതികളെയും അറിയാനും, ഗവൺമെന്റ് ഈ മേഖലയിൽ നല്കുന്ന സഹായങ്ങൾ ഗ്രഹിക്കാനും ഇത് സഹായകമായി. . കൂടാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പരസ്പരം പരിചയപ്പെടാനും അറിവ് പങ്കു വയ്ക്കാനും വേദി ഉപകരിച്ചു.



പ്രതിനിധികൾ

# നീര പുഡിംഗ്



**ചേരുവകൾ**

1. നീര – 50 മില്ലി
2. പഞ്ചസാര – 8 സ്പൂൺ
3. ചൈനാഗ്രാസ് – 10 ഗ്രാം
4. കട്ടി തേങ്ങാപ്പാൽ – 200 മിലി
5. മിൽക്ക് മെയ്ഡ് – 100 ഗ്രാം
6. വാനില എസൻസ് – 3 തുള്ളി

**തയ്യാറാക്കുന്ന വിധം**

നീര തിളപ്പിക്കുക അതിലേക്ക് ചൈനാഗ്രാസ് ചെറുതായി മുറിച്ച് ഇടുക. ചൈനാ ഗ്രാസ് അലിയുന്നതുവരെ ഇളക്കുക. ഇതിലേയ്ക്ക് വാനില എസൻസ് ചേർക്കുക. ഈ മിശ്രിതം പുഡിംഗ് ട്രേയിലേക്ക് മാറ്റുക. ചൂട് പോയതിനു ശേഷം റഫ്രിജറേറ്ററിൽ വയ്ക്കുക. തണുത്തിന് ശേഷം നല്ല ആകൃതിയിൽ അതിനു മുകളിലേയ്ക്ക് കട്ടി തേങ്ങാപ്പാലും മിൽക്ക് മേഡും മിക്സ് ചെയ്ത് ഒഴിക്കുക. വീണ്ടും 5 മിനിറ്റ് റഫ്രിജറേറ്ററിൽ വയ്ക്കുക. നന്നായി തണുത്തശേഷം വിളമ്പാം.

# നീര ലെയർ പുഡിംഗ്

**ചേരുവകൾ**

1.നീര – 250 മി. ലി
2.പാൽ – 250 മി.ലി
3.മിൽക്ക് മേഡ് – 200 ഗ്രാം
4.പഞ്ചസാര – 6 സ്പൂൺ
5.ജലാറ്റിൻ – 3 വലിയ സ്പൂൺ
6.വാനില – അര സ്പൂൺ



**തയ്യാറാക്കുന്ന വിധം**

നീര തിളപ്പിക്കുക. അതിലേക്ക് പഞ്ചസാര കൂടി ചേർക്കുക. ജലാറ്റിൻ മൂന്ന് സ്പൂൺ ഐസ് വാട്ടറിൽ കുതിർത്ത ശേഷം തിളക്കുന്ന നീരയിലേക്ക് ഒഴിക്കുക. അലിയുന്ന വരെ ഇളക്കുക. അതിനുശേഷം പാലും മിൽക്ക് മേഡും ഈ മിശ്രിതത്തിലേയ്ക്ക് ഒഴിക്കുക. തുടർന്ന് ഒരു മിനിറ്റ് ഇളക്കിയതിന് ശേഷം തീ ഓഫാക്കുക. അതിനു ശേഷം പകുതി പുഡിംഗ് ട്രേയിലേക്ക് ഒഴിക്കുക. അതിലേക്ക് മൂന്ന് തുള്ളി പിസ്ത എസ്സൻസ് ഒഴിച്ച് ഇളക്കുക. തുടർന്ന് ഫ്രീസറിൽ വയ്ക്കുക. സെറ്റായതിന് ശേഷം ബാക്കി കൂടി അതിന് മുകളിൽ ഒഴിക്കുക.വീണ്ടും റഫ്രിജറേറ്ററിൽ വയ്ക്കുക. മിശ്രിതം ഖരരൂപത്തിലായ ശേഷം ഇഷ്ടമുള്ള ആകൃതിയിൽ മുറിച്ച് വിളമ്പുക.



*തയ്യാറാക്കിയത്*

**ലജ്ന ബഷീർ**

അടയ്ക്കാക്കുണ്ട്

ഫോൺ – 9961673917, 9495491017




## മുഖമൊഴി

വേനൽ കടുക്കുകയാണ്. വേനൽക്കാല പാനീയങ്ങളെ തേടി ആളുകൾ പരക്കം പായുന്നു. പരീക്ഷാ ചൂടും വേനൽ ചൂടും മറികടന്ന് മധ്യവേനലവധിയുടെ തണൽ പാർക്കുവാനുള്ള ഉത്സാഹത്തിലാകും വിദ്യാർത്ഥികൾ. വായനയുടെ എഴുത്തിന്റെ യാത്രയുടെ ഒരു നല്ല അവധിക്കാലവും നേരുന്നു.

പായിപ്ര രാധാകൃഷ്ണൻ




## കേരളം വളരുന്നു

കേരത്തിന്റെ നാടായ കേരളം വളരുന്നു. പശ്ചിമ ഘട്ടങ്ങളെ കേറിയും കടന്നന്യമാം ദേശങ്ങളിൽ എന്നു പാലാ നാരായണൻ നായർ പതിറ്റാണ്ടുകൾക്കു മുമ്പ് എഴുതുമ്പോൾ അദ്ദേഹം ഇന്നത്തെ കേരളം ദീർഘ ദർശനം ചെയ്തിരിക്കുമോ എന്നറിയില്ല. ലോകത്തെമ്പാടും ഐടി ഉൽപ്പെടയുള്ള മേഖലകളിൽ വിദഗ്ധരെ നട്ടു വളർത്തുന്ന ഞാറ്റു കണ്ടമായി മാറിയിരിക്കുന്നു നമ്മുടെ ദേശം. അതോടൊപ്പം നാളികേരവും കരിക്കിൻ വെള്ളവും ഇന്ത്യക്കകത്തും പുറത്തും വെന്നിക്കൊടി പാറിക്കുകയാണ്.

ഇത് എഴുതുന്നത് ഹൈദരാബാദിലെ കാർഷിക സർവകലാശാല കാമ്പസിനോടു ചേർന്നു കിടക്കുന്ന ദേശീയ കാർഷിക ഗവേഷണ പരിശീലന അക്കാദമി (NAARM) ഗസ്റ്റ് ഹൗസിൽ നിന്നാണ്. ഹൈദരാബാദിലെ തെരുവോരങ്ങളിൽ 10 രൂപ മുതൽ വിലയ്ക്ക് കരിക്ക് ലഭ്യമാണ്. ഒരു ലിറ്റർ കരിക്കിൻ വെള്ളത്തിന് 100 രൂപ എന്ന് ഒരു ബോർഡും രാജേന്ദ്ര നഗറിൽ വായിക്കാൻ കഴിഞ്ഞു.

ഇന്ത്യയിൽ കിരിക്കിന്റെ ഏറ്റവും വലിയ വിപണി കൊൽക്കൊത്തയും ബാംഗളൂരുമാണ്. തൊട്ടു പിന്നിൽ മുംബൈയും തമിഴ്നാടും കർണാടകയും ആന്ധ്രയുമുണ്ട്. ചെന്നൈ, മധുര, ആന്ധ്രയിലെ എലൂർ, ഭീമവാരം ഇവയൊക്കെ ഇളനീരിന്റെ മുഖ്യ സംഭരണ കേന്ദ്രങ്ങളാണ്. ഇപ്പോഴും തേങ്ങയുടെ 5 ശതമാനം മാത്രമെ കരിക്കായി വിനിയോഗിക്കപ്പെടുന്നുള്ളുവത്രെ.

പായിപ്ര രാധാകൃഷ്ണൻ

# കല്പദ്രുമ ഭംഗികൾ

മഞ്ഞപ്പൂക്കുല പൊട്ടി നീർന്നു വരവേൽ-
ക്കുന്നോ വസന്തോദ്ഗമ-
ത്തൊങ്ങൽത്തൂക്ക് തെളിഞ്ഞു മിന്നി നിവരും
കന്നിക്കുടപപ്പൂങ്കുല.
തിങ്ങിക്കൂടിയ കുഞ്ഞുപൂക്കളടരും
നേരം കളിപ്പന്തുപോൽ
തെങ്ങിൽത്തൂങ്ങിയുണർന്നിടുന്നു നിറനീർ
പ്പൊന്നിൻ കുടത്തൊത്തുകൾ.

കുംഭച്ചൂടിലെരിഞ്ഞിടുന്ന വെയിലെ-
ന്നുള്ളം തപിപ്പിക്കവെ
വമ്പേറും തല മെല്ലെയാട്ടിയരികിൽ
നിൽക്കുന്ന കൽപദ്രുമം,
മന്ത്രിക്കുന്നു ഇറുത്തെടുക്കയിളനീർ
ക്കുംഭങ്ങളെന്നാകുമോ
മുമ്പേ പോയവർ നട്ടു വച്ച നിധിയെ
ക്കണ്ടേൻ വരം താനിത്.



# കല്പത്തണൽ

ബിനോജ് കാലായിൽ

എനിക്കുമുണ്ടൊരു നാട്, നാട്ടിൽ
എനിക്കുമുണ്ടൊരു വീട്, അതിന്റെ
ചാണകമെഴുകിയ തറയിൽ സൂര്യൻ
കളം വരയ്ക്കും മികവോടെ.
ഓലക്കാലിൻ മേൽക്കൂരയുമായ്
ചാഞ്ഞ ചരിഞ്ഞെൻ വീട്.

മടലിൻ ചൂടിൽ കഞ്ഞി തിളയ്ക്കും
അടുക്കളയ്ക്കും അപ്പുറമായ്
നിറയെ കായ്ച്ചൊരു ചില്ലിത്തെങ്ങിൻ
കുളിർമ പകരും തണലുണ്ട്.
ഇല്ലായ്മകൾ പലതുണ്ടെന്നാലും
അരവയർ നിറയെ കഞ്ഞിക്കായ്

അമ്മയ്ക്കെന്നും ആശ്രയമായി
ആ കല്പവൃക്ഷം കേരതരു.
കണ്ണിൽ കാഴ്ചകൾ കയറും മുന്നേ
കാണാമറയത്തായച്ഛൻ, പകരം
ഏറെക്കണ്ണു കലങ്ങാതെന്നെ പുൽകിയ
സ്നേഹത്തണലാണാത്തെങ്ങ്.
കാലത്തിന്റെയൊഴുക്കിൽ ഞാനും
ജീവിക്കാനായ് മറുനട്ടിൽ
ചേക്കേറീട്ടും ഓർമ്മകളെന്നും
വിരുന്നു പോകും എൻ നാട്ടിൽ
പോവാനെപ്പോഴുമുള്ളു തുടിക്കു,മെനി-
ക്കാ തെങ്ങിൻ തണലിലിരിക്കേണം



# ഭ്രാന്തന്റെ മകൻ

**പി. എൻ. ഇന്ദ്രസേനൻ**
ഇന്ദ്രപ്രസ്ഥം, മണ്ണംഞ്ചേരി

സ്ക്കൂൾ വിട്ടു വരുമ്പോൾ ക്ഷേത്ര നടയിൽ ആയാളെ കാണാം... താടിയും മീശയും നീണ്ട് മുടി കാടു പോലെ വളർന്ന തളർന്ന മുഖത്തോടുകൂടിയ അർദ്ധ നഗ്നനായ ഒരാൾ. അയാളെ ചൂണ്ടി കുട്ടികൾ കൂകി വിളിച്ചു പറയും കൊടിമരത്തിനു താഴെ ഗുണശീലന്റെ അച്ഛൻ. ഇതു കേട്ട് കണ്ണുകൾ നിറയും. മനസ്സു പൊടിയും. ബാല്യത്തെക്കുറിച്ചുള്ള എന്റെ ഓർമ്മ. ഭ്രാന്തൻ ശേഖരന്റെ മകൻ എന്ന വിശേഷണത്തിലാണ് ഞാനും സഹോദരങ്ങളും വളർന്നത്.

അയൽപക്കത്തെ സമ്പന്ന കുടുംബങ്ങളിൽ മുറ്റം അടിച്ചും പാത്രം തേച്ചു കൊടുത്തും പ്രതിഫലമായി കിട്ടുന്ന ഭക്ഷണം ചേമ്പില കൊണ്ടു പൊതിഞ്ഞ് അമ്മ വീട്ടിലേക്ക് കൊണ്ടു വരും. അമ്മയുടെ വിയർപ്പിറ്റു വീണ ഇല മാറ്റി ആർത്തിയോടെ ആ പഴഞ്ചോറും മോരും, പഴകിയ കറികളും ആർത്തിയോടെ ഞങ്ങൾ കഴിക്കും.

അച്ഛന്റെ മാനസിക രോഗം നിയന്ത്രണാധീതമായപ്പോൾ മക്കൾക്കും മാനസിക രോഗം വരുമോ എന്നു ഭയം തോന്നിയ അമ്മ പല തവണ ആത്മഹത്യയ്ക്ക് ഒരുങ്ങിയിട്ടുണ്ട്. ഒരിക്കൽ മക്കളെ ധിക്കരിച്ച് ക്ഷേത്ര നടയിലെത്തി മനമുരുകി മുരുകനെ പ്രാർത്ഥിച്ചു. അപ്പോൾ അമ്മയ്ക്ക് ഒരു ഉൾവിളിയുണ്ടായി. നിന്റെ മക്കൾ രക്ഷപ്പെടും.

ദൈവം ഉണ്ടോ എന്ന ചോദ്യത്തിൽ എന്തിനു ഞങ്ങൾക്ക് മാത്രമീ ദുഃഖം എന്ന മറു ചോദ്യമായിരുന്നു എന്റെ ഉത്തരം. അല്ലെങ്കിൽ എല്ലാവരും സംതൃപ്തരായി കഴിയുമ്പോൾ ഞങ്ങളുടെ കുടുംബത്തിനു മാത്രം രോഗവും ദുരിതവും ദാരിദ്ര്യവും. പക്ഷെ, പ്രാർത്ഥനയിൽ അമ്മയോടൊപ്പം പതുക്കെ പതുക്കെ മക്കളായ ഞങ്ങളും പങ്കാളികളായി. പിതാവിന്റെ രോഗത്തിന് നേരിയ മാറ്റം കണ്ടുതുടങ്ങി.

പഠനമോ ശരിയായില്ല. ഒരെളിയ വരുമാനമുള്ള തൊഴിൽ വേണം. കേട്ടറിഞ്ഞതാണ്, പ്രതിദിനം 100 രൂപ നൽകി തെങ്ങു കയറ്റത്തിൽ പരിശീലനം നൽകുന്നു. ഒട്ടും മടിച്ചില്ല പരിശീലനത്തിനു പേരു നല്കി. തൃപ്തികരമായി പരിശീലനം പൂർത്തിയാക്കിയ എനിക്ക് മെഷീനും ഉപകരണങ്ങളും യൂണിഫോമും മറ്റും ലഭിച്ചു. ഞാൻ ജോലി ആരംഭിച്ചു. 40 രൂപ പ്രകാരം ഒരു ദിവസം 25 തെങ്ങു കയറും. ആയിരം രൂപ വരുമാനക്കാരനായി.

ഈ വരുമാനം മൂലം എന്റെ കുടുംബത്തിൽ ശാന്തിയും സമാധാനവും വന്നു ചേർന്നു. സഹോദരങ്ങളെ പഠിപ്പിക്കണം. സാക്ഷരതാ മിഷനിലൂടെ നിലച്ചു പോയ പഠനം എനിക്ക് പുനരാരംഭിക്കണം. എല്ലാം തിരിച്ചു പിടിക്കണമെന്ന വാശി. അമ്മയെ വീട്ടു വേലയ്ക്കയക്കൽ നിർത്തി.

കൊടിമരച്ചുവട്ടിൽ നിന്നും അച്ഛനെ കൂട്ടുകാരുടെ സഹായത്തോടെ കൂട്ടികൊണ്ടു വന്നു. മുടി വെട്ടി, കുളിപ്പിച്ചു. നല്ല ഭക്ഷണം കൊടുത്തു. മാനസിക രോഗ ആശുപത്രിയിൽ കൊണ്ടുപോയി. ചികിത്സ തുടങ്ങി. ബിരുദവും, ബിരുദാനന്തര ബിരുദവും നേടിയ ഞങ്ങൾക്കു മുന്നിൽ പ്രതിസന്ധികൾ വഴിമാറി. ദൈവം ഞങ്ങളെ നോക്കിച്ചിരിച്ചു. യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിൽ തേടി ഉന്നതിയിൽ നിന്ന് ഉന്നതിയിലേക്ക് അനുജന്മാർ കയറിപ്പോയി. അച്ഛനും അമ്മയും പുതു പുത്തൻ വസ്ത്രമണിഞ്ഞ് ഞങ്ങളോടൊപ്പം കാറിലായി യാത്ര.

തെങ്ങു കയറ്റ പരിശീലനം നാളികേര വികസന ബോർഡ് ഗാന്ധിസ്മാരകം വഴിയാണ് നടത്തിയത്.

ഞങ്ങളെ രക്ഷിച്ച നാളികേരത്തിന്റെ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കാനുള്ള പരിശീനവും വിപണനമാർഗ്ഗങ്ങളും കുടുംബത്തിന്റെ പുതിയ ബിസിനസ്സായി ഞങ്ങൾ തെരഞ്ഞെടുത്തു. നാളികേര ബോർഡ് സൗജന്യമായി സാങ്കേതിക വിദ്യ നൽകി. നബാർഡ് സാമ്പത്തിക സഹായവും നൽകി.

മാനസിക അസുഖം മാറിയ അച്ഛനും, വീട്ടു വേല ഉപേക്ഷിച്ച അമ്മയും സാക്ഷിയായി നിന്നു പുത്തൻ സംരംഭം ആരംഭിച്ചു. ഭ്രാന്തൻ ശേഖരനായിരുന്ന അച്ഛൻ പ്രധാന ഉടമ. അമ്മ മാനേജർ. ഞങ്ങൾ ഉൽപന്ന നിർമ്മാതാക്കളും വിതരണക്കാരും. ഞങ്ങളുടെ പുത്തൻ അറിവുകൾ പുതു പുത്തൻ ഉൽപന്നങ്ങൾ മാർക്കറ്റിലെത്തിച്ചു. നല്ല വരുമാനമുള്ള ഒരു ജീവിതം ഞങ്ങളുടെ കുടുംബത്തിനുണ്ടായി. ഇതിന് നന്ദി ആരോട് ഞങ്ങൾ ചൊല്ലണം.

ഒട്ടനവധി പേരെ വിപണന ശൃംഖലയിൽ പങ്കാളികളാക്കി മാറ്റാൻ ഭ്രാന്തൻ ശേഖരനും മക്കൾക്കും കഴിഞ്ഞു. ഓർമ്മകൾ അയവിറക്കാത്ത രാവുകളില്ല. എത്ര തിരക്കുണ്ടായാലും സന്ധ്യാ നേരത്തേ കുടുംബ പ്രാർത്ഥന മുടക്കില്ല. കൊടിമരവും അമ്പലവും പൊന്നു പൂശി വലുതാക്കിയപ്പോൾ അച്ഛൻ തണലായി കണ്ട കൊടി മരച്ചുവട് ഞങ്ങളും നാട്ടുകാർക്കൊപ്പം ചേർന്ന പരിഷ്ക്കരിച്ചു.

നീയും നിന്റെ മക്കളും രക്ഷപ്പെടുമെന്ന അമ്മയ്ക്ക് ലഭിച്ച ഉൾവിളി സഫലമായി.

# വെടിയുണ്ടയല്ലെടാ..
# ഇതു ചിരട്ട പൊളിയാ

**അസീസ് എം.** ആദിക്കാട്ടു കുളങ്ങര, ഇടുക്കി.

ഞാൻ 47 വർഷം മുമ്പ് മാവേലിക്കര താലൂക്കിൽപ്പെടുന്ന പയ്യനല്ലൂർ ഹരിജൻ വെൽഫെയർ എൽ.പി. സ്ക്കൂളിൽ നിന്നും 4–ാം ക്ലാസ്സ് പാസ്സായി. നൂറനാട് പത്താംകുറ്റിയിൽ സ്ഥിതി ചെയ്യുന്ന സി.ബി.എം. എച്ച്. എസ്. എസിൽ 5–ാം ക്ലാസ്സിൽ പ്രവേശനം നേടിയ കാലം. വീട്ടിൽ നിന്നും സ്ക്കൂളിലേക്കുള്ള ദൂരം 4 കിലോ മീറ്റർ. കായംകുളം പുനലൂർ റോഡിൽ സ്ക്കൂളിനു സമീപത്തു കൂടി പോകുന്ന ബസ്സുകൾ 10 താഴെ മാത്രം. പകുതി പ്രൈവറ്റും ബാക്കി കെ. എസ്. ആർ.ടി.സിയും വിദ്യാർത്ഥികളുടെ സൗജന്യ ബസ് ചാർജ്ജ് 10പൈസ . വിദ്യാർത്ഥികളുടെ എണ്ണം കൂടുന്നതിനാലും, 10 പൈസ നിരക്കിൽ കൊണ്ടുപോകാൻ ബസ് ജീവനക്കാർക്ക് താൽപര്യമില്ലാത്തതിനാലും പലപ്പോഴും സ്വകാര്യ ബസ് ജീവനക്കാരുമായി വിദ്യാർത്ഥികൾ തല്ലു കൂടാറുണ്ട്. ഇതിലൊന്നും പെടാതെ ഞങ്ങൾ കുറെപ്പേർ ദിവസവും നടന്നാണ് സ്ക്കൂളിലേക്കു പോകുന്നതും, തിരിച്ചു വരുന്നതും. കാൽ നടയാത്രക്കാർക്ക് വിശ്രമിക്കാൻ റോഡിന്റെ ഇരു വശങ്ങളിലും കൂറ്റൻ തണൽ മരങ്ങൾ. അവയിൽ കായ് ഫലമുള്ള മാവ്, പ്ലാവ്, ആഞ്ഞിലി, ബദാം, തുടങ്ങി ഒട്ടേറെ ഫലവൃക്ഷങ്ങൾ. റോഡിനു സമീപത്തുള്ള വീട് പറമ്പുകളിൽ തെങ്ങ്, വാഴ, കമുക്, കശുമാവ്, എന്നിവ വളരുന്നു. നെൽ വയലുകളും ശുദ്ധജലം ലഭിക്കുന്ന തോടുകളും ധാരാളം.

നിരത്തിൽ എപ്പോഴും കർഷകരും, തൊഴിലാളികളും യാത്രക്കാരും, വിദ്യാർത്ഥികളും സജീവം. ബസ് കൂടാതെ ലോറികൾ, കാറുകൾ, സ്കൂട്ടറുകൾ, സൈക്കിളുകൾ, കാളവണ്ടികൾ, കൈവണ്ടികൾ തുടങ്ങിയവയാണ് മറ്റു വാഹനങ്ങൾ. സൈക്കിൾ ആയിരുന്നു സാധാരണക്കാരന്റെ പ്രധാന വാഹനം. ബാക്കി എണ്ണത്തിൽ കുറവായിരുന്നു.

സ്ക്കൂളിൽ എൽ.പി, വിഭാഗം ഇല്ലാത്തതിനാൽ ഉച്ച ഭക്ഷണം ലഭിച്ചിരുന്നില്ല, ഭൂരിപക്ഷം കുട്ടികളും വീടുകളിൽ നിന്നും കപ്പ, ചേന, ചേമ്പ്, ചെറുകിഴങ്ങ് എന്നിവ പുഴുങ്ങി കാന്താരി ചമ്മന്തി, തേങ്ങാ ചമ്മന്തി, എന്നിവയ്ക്കൊപ്പം ഇലയിൽ പൊതിഞ്ഞു കെട്ടി കൊണ്ടു വന്നു കഴിച്ചിരുന്നു. തേങ്ങ ധാരാളമുള്ളതിനാൽ കരിക്കും, ശർക്കരയും കൂട്ടി കലർത്തിയതും ആഞ്ഞിലിപ്പഴം, ചക്കപ്പഴം, കശുവണ്ടി പരിപ്പ്, ചക്കക്കുരു വറുത്തത്, ആഞ്ഞിലിക്കുരു വറുത്തത് തുടങ്ങി ഒട്ടേറെ നാടൻ വിഭവങ്ങൾ സ്ക്കൂൾ ഇടവേളകളിലും, യാത്രയിലും വിശപ്പടക്കാൻ കുട്ടികൾ കൈയ്യിൽ കരുതും. സാമ്പത്തിക ശേഷിയുള്ള വീട്ടിലെ കുട്ടികൾ കുത്തരി ചോറും, നല്ല കറികളും വട്ടത്തിലുള്ള സ്റ്റീൽ പാത്രങ്ങളിലും, തൂക്കി പിടിക്കുന്ന അഞ്ചാറു തട്ടുകളുള്ള അടുക്കു പാത്രങ്ങളിലും കൊണ്ടു വന്നു മൃഷ്ടാന്നം കഴിച്ചിരുന്നു.

കുടിവെള്ളം അന്ന് വിൽപന ചരക്കേ ആയിരുന്നില്ല. ഏതു



വീടുകളിൽ നിന്നും ആവശ്യത്തിന് വെള്ളവും ചില വീടുകളിൽ നിന്നും മോരിൻ വെള്ളവും, സംഭാരവും കാൽ നടക്കാർക്ക് സൗജന്യമായി ലഭിക്കുമായിരുന്നു. ചില വീട്ടുകാർ സൗജന്യ ഭക്ഷണവും വിശേഷ ദിവസങ്ങളിൽ നൽകിയിരുന്നു.

സ്ക്കൂളിൽ നിന്നും ഒന്നര കിലോ മീറ്റർ കിഴക്കുമാറി ഒരു തേങ്ങാ വ്യാപാര കേന്ദ്രവും എണ്ണയാട്ടുമില്ലും പ്രവർത്തിച്ചിരുന്നു. ഈ പ്രദേശത്തുള്ള തേങ്ങകൾ എല്ലാം വിലയ്ക്കു വാങ്ങി ലോറികളിലും കാളവണ്ടികളിലും കയറ്റി ഇവിടെ എത്തിയ്ക്കും. അതു കമ്പിപ്പാര കുത്തി നിർത്തി പൊതിച്ച് പൊട്ടിച്ച് വെയിലത്ത് ഉണക്കി ചിരട്ടയിൽ നിന്നും വേർപെടുത്തി ആ കൊപ്ര അരിഞ്ഞ് വീണ്ടും വെയിലത്തു ഉണക്കി മില്ലിൽ ആട്ടി എണ്ണയെടുക്കുന്ന രീതിയാണ് അന്നുണ്ടായിരുന്നത്. ഈ ജോലികൾ ചെയ്യാൻ ഈ കേന്ദ്രത്തിൽ സ്ത്രീ പുരുഷന്മാരായി ധാരാളം തൊഴിലാളികൾ ഉണ്ടായിരുന്നു.

തേങ്ങ പൊട്ടിക്കുന്നത് ഗോപാല പിള്ള എന്നു പേരുള്ള ഒരു രസികനായി തൊഴിലാളിയാണ്. തേങ്ങാവെള്ളം ശേഖരിച്ച് അത് ആരോഗ്യ പാനീയമാക്കി മൂല്യ വർദ്ധന നടത്തി വിൽക്കുന്ന സംവിധാനമൊന്നും അന്നു കണ്ടു പിടിക്കപ്പെട്ടിരുന്നില്ല. കേവലം ദാഹവും ക്ഷീണവും, ബാക്കി വരുന്നവ റോഡിലൂടെ ഒഴുക്കി കളയുകയുമാണ് പതിവ്. വഴിയാത്രക്കാർക്കും സ്കൂൾ കുട്ടികൾക്കും വേണ്ടത് ലഭിച്ചിരുന്നു. ഞങ്ങൾ സ്ക്കൂളിലേക്കുള്ള യാത്രകളിലും തിരിച്ചു വീടുകളിലേക്കുള്ള യാത്രകളിലും ഇവിടെ നിന്നും തേങ്ങാവെള്ളം യഥേഷ്ടം കുടിക്കും.

ഗോപാല പിള്ളയ്ക്ക് സ്കൂൾ കുട്ടികളെ വളരെ ഇഷ്ടമായിരുന്നു. ചിലപ്പോൾ കരിക്കു വെട്ടിത്തരും. തേങ്ങാ കഷണങ്ങൾ തരും. തെങ്ങും, തേങ്ങായുമായി ബന്ധപ്പെട്ടുള്ള എന്തെങ്കിലും കുസൃതി ചോദ്യങ്ങൾ ചോദിക്കും. ഉത്തരങ്ങൾ പറഞ്ഞു തരും. പഴം ചൊല്ലുകളും അതിന്റെ ഉത്തരവും പറയും. മുറി ഇംഗ്ലീഷും, ഹിന്ദിയും തട്ടി വിടും. കൂടെ സമർത്ഥമായി തന്റെ ജോലിയും നിർവ്വഹിക്കും. പഴയ ഇന്റർ മീഡിയറ്റ് വിദ്യാഭ്യാസമുള്ള ആളാണ് അദ്ദേഹമെന്ന് പലരും പറഞ്ഞിരുന്നു. കൈലി മുണ്ട് ഉടുത്ത് തലയിൽ തോർത്ത് കെട്ടി ഷർട്ടിടാതെ പണി ചെയ്യുന്ന അദ്ദേഹം ചിലപ്പോൾ എഴുന്നേറ്റ് ഉയരത്തിൽ കൂട്ടി ഇട്ടിരിക്കുന്ന തൊണ്ടിന്റേയും ചിരട്ടയുടേയും പുറത്ത് കയറി നിന്ന് നെഞ്ചു വിരിച്ച് രണ്ടും കൈയ്യും മടക്കി മസിൽസ് പെരുപ്പിച്ച് കാട്ടി ഉച്ചത്തിൽ വിളിച്ചു പറയും ഞാൻ മിസ്റ്റർ കേരളയാണ് . നല്ല മസിൽ പവർ കൂടിയുള്ള ആളായിരുന്നു ഗോപാലകൃഷ്ണപിള്ള. വെള്ളത്തിന്റെ മധുരവും, ഗോപാലപിള്ളയുടെ തമാശകളും ഞങ്ങളുടെ തേങ്ങാ വ്യാപാര കേന്ദ്രവുമായി കൂടുതൽ അടുപ്പിച്ചു.

ഒരു ദിവസം സ്കൂൾ വിട്ടു വരുന്ന വഴി തേങ്ങാ വ്യാപാര കേന്ദ്രത്തിൽ ഒരു വലിയ ആൾക്കൂട്ടം കണ്ടു ഒരു പോലീസ് വാഹനവും അഞ്ചാറു പോലീസുകാരും കൂട്ടത്തിലുണ്ട്. സദാ പ്രസന്ന വദനനായി കാണാറുള്ള ഗോപാല പിള്ള വലതു കൈയുടെ മസിൽസു തപ്പിപ്പിടിച്ചു കരയുന്നു. വേദന കൊണ്ടു നിലവിളിക്കുകയാണ് പഴയ വെള്ളത്തുണി വച്ച് കെട്ടിയിരിക്കുന്നു. കെട്ടിൽ നിന്നും രക്തത്തുള്ളികൾ താഴേക്ക് ഒഴുകി രക്തം കട്ട പിടിച്ചിരിക്കുന്നു.

ഗോപാലപിള്ളയെ പോലീസ് വാഹനത്തിൽ ആശുപത്രിയിൽ കൊണ്ടു പോകാനുള്ള നീക്കമാണു നടക്കുന്നത്. ആളുകളുടെ എണ്ണം കൂടി കൂടി വരുന്നുണ്ട്. എന്താണു സംഭവിച്ചതെന്ന് ആർക്കും അറിയില്ല. ഒന്നു രണ്ടു പേർ അടക്കത്തിൽ വെടിയുണ്ട വെടിയുണ്ട എന്നു പറയുന്നതു കേൾക്കാം. പോലീസുകാർ തിരിഞ്ഞു നോക്കുമ്പോൾ അവർ സംസാരം നിർത്തും. കുനിഞ്ഞു പതുങ്ങി മാറി നിൽക്കും. പോലീസുകാർ മാറി കളിഞ്ഞാൽ വീണ്ടും വെടിയുണ്ട വെടിയുണ്ട എന്ന് ഉരുവിടും.

തേങ്ങാ വ്യാപാര കേന്ദ്രത്തിൽ നിന്നും കുറച്ച് അകലെയായി സ്ഥിതി ചെയ്യുന്ന മറ്റപ്പള്ളി മല എന്നു പേരുള്ള ഒരു പ്രദേശം ഉണ്ട്. ഇവിടെ കേരളത്തിലെ വിവിധ പോലീസ് ക്യാമ്പുകളിൽ നിന്നും പോലീസുകാർ കൂട്ടമായി എത്തി വെടി വെയ്പു പരിശീലനം നടത്തിക്കൊണ്ടിരിന്നു. മദ്ധ്യ തിരുവിതാംകൂറിലെ ഏക വെടിവെയ്പു പരിശീലന കേന്ദ്രം മറ്റപ്പള്ളി മലയായിരുന്നു. ഇവിടെ സംഭവം വെടി വയ്പു പരിശീലനം നടക്കുമ്പോൾ ഒരു പോലീസുകാരന്റെ തോക്കിൽ നിന്നും ഉന്നം പിഴച്ച വെടിയുണ്ട ഗോപാല പിള്ളയുടെ കൈ മസിലിൽ വന്നു തറച്ചതാണെന്നു പറയപ്പെടുന്നു. ഈ വിവരം ഞങ്ങളോടു പറഞ്ഞു കൊണ്ടു നിന്ന ഞങ്ങളുടെ പരിചയക്കാരനായ ഒരു തൊഴിലാളിയുടെ അടുത്തേക്ക് ഒരു പോലീസുകാരൻ പാഞ്ഞു വന്ന് കലി തുള്ളി ആക്രോശിച്ചു. വെടിയുണ്ടയല്ലെടാ ഇതു വെറും ചിരട്ട പൊളിയാ.. ചിരട്ടപ്പൊളി.

ഓടിക്കോ ഇവിടെങ്ങും കണ്ടു പോകരുത്. പോലീസുകാരൻ ചീറി. പുസ്തകക്കെട്ടുമായി ഞങ്ങൾ അന്ന് ഓടിയ ഓട്ടത്തിന് കണക്കില്ല. ■



# കാഡ്സ് ഗ്രീൻ ഫെസ്റ്റ് – വിത്ത് മഹോത്സവം 2017

**തൊടുപുഴയിൽ ഏപ്രിൽ 21 - മെയ് 7 വരെ**

തൊടപുഴ കേന്ദ്രമായി പ്രവർത്തിക്കുന്ന കേരള അഗ്രിക്കൾച്ചർ ഡവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 16-ാമത് കാഡ്സ് ഗ്രീൻ ഫെസ്റ്റ് – വിത്ത് മഹോത്സവം 2017 തൊടുപുഴയിൽ നടക്കും. ഏപ്രിൽ 21 മുതൽ മെയ് 7 വരെ നീണ്ടു നിൽക്കുന്ന മേളയിൽ വിത്തു മഹോത്സവം, ചക്കയുൽസവം, മാമ്പഴ മേള, പുഷ്പമേള, കാർഷിക പ്രദർശനം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. മേട മാസത്തിലെ പത്താമുദയത്തോടനുബന്ധിച്ച് ആവശ്യമായ വിത്തുകളും നടീൽ വസ്തുക്കളും കർഷകർക്ക് നൽകി കാലാവസ്ഥയ്ക്കനുസൃതമായ പരമ്പരാഗത കൃഷി രീതിയുടെ മേന്മകൾ പ്രായോഗിക തലത്തിൽ എത്തിക്കുകയാണ് മേളയുടെ ലക്ഷ്യം. അതോടൊപ്പം വിത്തുൽപാദനത്തിലൂടെ അധിക വരുമാനം നേടാൻ കഴിയുമെന്നുള്ള സന്ദേശവും വിത്തു മഹോത്സവത്തിലൂടെ കർഷകരിലെത്തിക്കുന്നു. അന്യം നിന്നുകൊണ്ടിരിക്കുന്ന നാടൻ പച്ചക്കറികൾ, കിഴങ്ങു വർഗ്ഗങ്ങൾ, നാണ്യ വിളകൾ, നെൽവിത്തുകൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ പ്രത്യേക പ്രദർശനവും വിതരണവും വിത്ത് മഹോത്സവത്തിന്റെ പ്രത്യേകതയാണ്. മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ചക്കയുൽസവം ഈ വർഷം മുതൽ ഏറെ വൈവിദ്ധ്യം നിറഞ്ഞ പരിപാടികളോടെയാണ് നടത്തുന്നത്. വിവിധതരം ചക്കകളുടെ പ്രദർശനം, നൂറോളം ചക്കയുൽപന്നങ്ങളുടെ നിർമ്മാണ പരിശീലനവും വിതരണവും ചക്കയൊരുക്കൽ മത്സരം, കൂഴചക്കപ്പഴം തീറ്റമത്സരം, ചക്കയുയർത്തൽ മത്സരം, സെമിനാറുകൾ, കലാപരിപാടികൾ തുടങ്ങിയവയും ഇതോടൊപ്പം സംഘടിപ്പിച്ചിട്ടുണ്ട്.

പാലക്കാടൻ, നാടൻ മാമ്പഴ മേളയിലൂടെ രാസപദാർത്ഥങ്ങൾ ഇല്ലാതെ പഴുപ്പിച്ച 50 ഇനം മാമ്പഴങ്ങൾ അടങ്ങുന്ന പ്രദർശനവും മേളയിലെ ആകർഷക ഘടകമാണ്.

കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള വിത്തുൽപാദകരായ കർഷകർക്കും സംഘടനകൾക്കും മേളയിൽ പങ്കെടുക്കാം. പ്ലാവ് കർഷകർക്കും മാമ്പഴ കർഷകർക്കും ഇവയുടെ മൂല്യവർദ്ധിത യൂണിറ്റുകൾക്കും ഏറെ വിപണന അവസരങ്ങൾ മേളയിലൂടെ ലഭിക്കും. രജിസ്ട്രേഷൻ മാർച്ച് 1 മുതൽ ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് തൊടുപുഴയിലെ കാഡ്സ് ഓഫീസിലോ എറണാകുളം വെണ്ണലയിലെ ഓഫീസിലെ നമ്പറിലോ ബന്ധപ്പെടുക.

***വിലാസം*** *: കാഡ്സ് എറണാകുളം കർഷക ഓപ്പൺ മാർക്കറ്റ്, കാഡ്സ് ശ്രീകല ജംങ്ഷൻ, ആലിൻ ചുവട് – വെണ്ണല റോഡ്, വൈറ്റില ബൈപ്പാസ്, ഫോൺ – 0484 2808168*

# ഉത്പാദക കമ്പനികൾക്ക് ഇക്വിറ്റി ഗ്രാന്റ്

കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക കമ്പനികൾക്ക് അംഗങ്ങളായ കൃഷിക്കാരിൽ നിന്നു സമാഹരിക്കുന്ന ഓഹരി മൂലധനത്തിന്റെ 25 ശതമാനം ഇക്വിറ്റി ഗ്രാന്റായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി നല്കുമെന്ന് സംസ്ഥാന ഗവൺമെന്റ് വാഗ്ദാനം ചെയ്തിരുന്നു. ഇതനുസരിച്ച് കേരളത്തിലെ 12 നാളികേര ഉത്പാദക കമ്പനികൾക്ക് ഗവൺമെന്റിൽ നിന്നുള്ള ഇക്വിറ്റി ഗ്രാന്റ് ഇതിനോടകം ലഭിച്ചുകഴിഞ്ഞു. കൂടാതെ ഓണാട്ടുകര നാളികേര ഉത്പാദക കമ്പനി, മലപ്പുറം നാളികേര ഉത്പാദക കമ്പനി എന്നിവയ്ക്കും യഥാക്രമം 40.94 ലക്ഷം, 25.9945 ലക്ഷം രൂപ വീതം ഇക്വിറ്റി ഗ്രാന്റായി അനുവദിക്കുകയും ഇതിൽ 19.07 ലക്ഷം, 12.1126 ലക്ഷം രൂപ വീതം നല്കുകയും ചെയ്തു കഴിഞ്ഞു.

ആലപ്പുഴ ജില്ലയിലെ നാളികേര കർഷകരുടെ സംരംഭമാണ് ഓണാട്ടുകര സിപിസി. കമ്പനിയുടെ നാലായിരത്തിലധികം വരുന്ന അംഗ കർഷകർക്കാണ് ഇക്വിറ്റി ഗ്രാന്റിന്റെ പ്രയോജനം ലഭിക്കുക. ഓരോ ബാച്ചിലും 10000 വീതം നാളികേരം കൊപ്രയാക്കാൻ ശേഷിയുള്ള ഡ്രയറുകൾ കമ്പനി ഓരോ ഫെഡറേഷനിലും സ്ഥാപിച്ചിട്ടുണ്ട്. അവിടെ ഉത്പാദിപ്പിക്കുന്ന കൊപ്ര കമ്പനിയുടെ കേന്ദ്രീകൃത വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റിൽ എത്തിക്കുകയാണ് ചെയ്യുന്നത്. ഒരു ബാച്ചിൽ 10000 കിലോ കൊപ്ര സംസ്കരിച്ച് വെളിച്ചെണ്ണയാക്കാൻ ശേഷിയുള്ള ഈ യൂണിറ്റ് വൈകാതെ കമ്മീഷൻ ചെയ്യും. അംഗങ്ങളായ കൃഷിക്കാരിൽ നിന്നാണ് ഫെഡറേഷൻ ഡ്രയറുകളിലേയ്ക്ക് കൊപ്രയാക്കുന്നതിന് ആവശ്യമായ നാളികേരം വാങ്ങുക. ഈ കൊപ്ര കമ്പനിക്ക് നല്കും. കമ്പനി ഇതിൽ നിന്ന് ഗുണമേന്മയുള്ള വെളിച്ചെണ്ണ നിർമ്മിച്ച് പായ്ക്ക് ചെയ്ത് കമ്പനിയുടെ ബ്രാൻഡിൽ വിപണിയിൽ ഇറക്കും. നാളികേരത്തിൽ നിന്നുള്ള മറ്റ് മൂല്യവർദ്ധിത ഉത്പ്പന്നങ്ങളും നിർമ്മിച്ച് രാജ്യത്തിനകത്തും പുറത്തുമുള്ള വിപണികളിലേയ്ക്ക് എത്തിക്കാൻ കമ്പനി ഒരുങ്ങുന്നു.

മലപ്പുറം ജില്ലയിലെ നാളികേര കൃഷിക്കാരുടെ കൂട്ടായ്മയാണ് മലപ്പുറം നാളികേര ഉത്പാദക കമ്പനി. കമ്പനിയുടെ ഓഹരി ഉടമകളായ 12000 നാളികേര കൃഷിക്കാർക്ക് ഇക്വിറ്റി ഗ്രാന്റിന്റെ പ്രയോജനം ലഭിക്കും. ഒരു ആധുനിക നീര സംസ്കരണ യൂണിറ്റ് സ്ഥാപിക്കാനുള്ള ഒരുക്കങ്ങൾ കമ്പനിയിൽ നടന്നു വരുന്നു. ഇതിന്റെ ആദ്യപടിയായി എല്ലാ ഫെഡറേഷനുകളിലും നീര ടെക്നീഷ്യൻ പരിശീലന പരിപാടി നടത്തി നീര ടെക്നീഷ്യന്മാരുടെ ഒരു വിദഗ്ധ സേന രൂപീകരിച്ച് അവർ വഴി നീര ഉത്പാദനം ഉയർത്താനാണ് കമ്പനി ഉദ്ദേശിക്കുന്നത്. അന്താരാഷ്ട്ര തലത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനവുമായി സഹകരിച്ച് പ്രതിദിനം 20000 ലിറ്റർ ഉത്പാദന ശേഷിയുള്ള നാളികേര പാൽ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാനും കമ്പനി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

# താമരശ്ശേരി കോക്കനട്ട് കോംപ്ലക്സിനു തറക്കല്ലിട്ടു



*കോംപ്ലക്സിന് മന്ത്രി ടി. പി. രാമകൃഷ്ണൻ തറക്കല്ലിടുന്നു.*

താമരശ്ശേരി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ കീഴിൽ നാളികേര സമുച്ചയം നിർമ്മാണം തുടങ്ങി. സമുച്ചയത്തിന്റെ ശിലാസ്ഥാപനം 2017 മാർച്ച് 11 ന് സംസ്ഥാന എക്സൈസ് മന്ത്രി ടി. പി. രാമകൃഷ്ണൻ നിർവ്വഹിച്ചു. ചടങ്ങിൽ പുരുഷൻ കടലുണ്ടി, നാളികേര വികസന ബോർഡ് വൈസ് ചെയർമാൻ പി.സി. മോഹനൻ മാസ്റ്റർ, അസിസ്റ്റന്റ് മാർക്കറ്റിംഗ് മാനേജർ എസ്. ആർ. സ്വാമി എന്നിവരും ജനപ്രതിനിധികളും പങ്കെടുത്തു.

പ്രതിദിനം 1 ലക്ഷം തേങ്ങ സംസ്ക്കരിക്കാവുന്ന സമുച്ചയമാണ് ലക്ഷ്യം. കൊപ്ര, വെളിച്ചെണ്ണ, വിർജിൻ കോക്കനട്ട് ഓയിൽ, തൂൾ തേങ്ങ, വിനാഗിരി, നാളികേരത്തിന്റെ മറ്റു മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവ സമുച്ചയത്തിൽ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. കൊപ്ര ഡ്രയറും വെളിച്ചെണ്ണ മില്ലും ആദ്യ ഘട്ടത്തിൽ പൂർത്തീകരിക്കും. ഒന്നരക്കോടി രൂപയാണ് ചെലവ്. കമ്പനിയുടെ കീഴിലുള്ള സംഭരണ കേന്ദ്രങ്ങളിൽ നിന്നുള്ള തേങ്ങയായിരിക്കും കൊപ്രയാക്കാനായി ഉപയോഗിക്കുക.

നാളികേരത്തിൽ നിന്ന് അച്ചാർ, ലെമണേഡ്, ചോക്ലേറ്റ് തുടങ്ങിയവയും മറ്റു അച്ചാറുകളും ഉൽപാദിപ്പിക്കുന്ന ഒരു യൂണിറ്റ് കമ്പനിയുടെ കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നു കമ്പനി ചെയർമാൻ കെ.കെ. അബ്ദുൾ റഹ്മാൻ അറിയിച്ചു. ഉൽപന്നങ്ങൾ കോഴിക്കോട്, വയനാട് ജില്ലകളിലെ വിവിധ ഭാഗങ്ങളിൽ വിപണനം ചെയ്യുന്നു. കമ്പനി ഇതിനായി ഒരു വാഹനവും വാങ്ങിയിട്ടുണ്ട്. സമുച്ചയത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപന്നങ്ങൾ ഈ വിപണന സംവിധാനത്തിലൂടെയാകും വിപണനം നടത്തുക.

# ആഹാർ 2017-ൽ നാളികേര വികസന ബോർഡ് പങ്കെടുത്തു




*ആഹാർ മേളയിൽ നാളികേര വികസന ബോർഡിന്റെ സ്റ്റാൾ*

2017 മാർച്ച് 7 മുതൽ 11 വരെ ഡൽഹി പ്രഗതി മൈതാനിയിൽ നടത്തിയ അന്താരാഷ്ട്ര ഭക്ഷ്യോൽപന്ന പ്രദർശനമായ ആഹാര 2017 ൽ നാളികേര വികസന ബോർഡ് പങ്കെടുത്തു. മുൻ വർഷങ്ങളിലേക്കാൾ കൂടുതൽ വിശാലമായ സ്റ്റാൾ ഒരുക്കിയിരുന്നതിനാൽ കൂടുതൽ നാളികേരോൽപന്ന നിർമ്മാതാക്കളെ ഇത്തവണ പങ്കെടുപ്പിക്കുവാൻ കഴിഞ്ഞു. ടെട്രാപാക്കിൽ തയ്യാറാക്കിയ കരിക്കിൻ വെള്ളം കൂടാതെ വെർജിൻ കോക്കനട്ട് ഓയിൽ, നാറ്റാ ഡി കൊക്കോ, നീര ഹണി, ഉണ്ട കൊപ്ര, തൂൾ തേങ്ങ തുടങ്ങിയവയും സ്റ്റാളിൽ ഒരുക്കിയിരുന്നു. നാളികേരാധിഷ്ഠിത സൗന്ദര്യ വർദ്ധക വസ്തുക്കളുടെ രാജ്യത്തെ പ്രമുഖ നിർമ്മാതാക്കളാണ് ബോർഡിന്റെ പവലിയനിൽ ഉൽപന്നങ്ങൾ പ്രദർശിപ്പിച്ചത്. സ്വകാര്യ സംരംഭകരോടൊപ്പം വടകര നാളികേര ഉൽപാദക കമ്പനിയും, പാലക്കാട് നാളികേരോൽപാദക കമ്പനികളും 17 പ്രമുഖ നാളികേര ഉത്പന്ന നിർമ്മാതാക്കളും പ്രദർശനത്തിൽ പങ്കെടുത്തു. നാളികേര വികസന ബോർഡിന്റെ സ്റ്റാളിൽ നീരയ്ക്ക് നല്ല ഡിമാന്റായിരുന്നു. വടകര നാളികേര ഉത്പാദക കമ്പനി പതിനാറോളം ഉത്പ്പന്നങ്ങളാണ് വില്പനയ്ക്ക് എത്തിച്ചത്. നീരയിൽ നിന്നുണ്ടാക്കുന്ന ശർക്കര, തേൻ, വിനാഗിരി, ചോക്ലേറ്റ് കൂടതെ വെർജിൻ കോക്കനട്ട് ഓയിൽ തുടങ്ങിയവയായിരുന്നു കമ്പനി വിറ്റഴിച്ചത്. പ്രദർശനത്തിൽ പങ്കെടുത്ത നിർമ്മാതാക്കൾക്ക് ധാരാളം വ്യാപാരാന്വേഷണങ്ങൾ ഓർഡറുകളും ലഭിച്ചു.

പ്രദർശനത്തിനോടനുബന്ധിച്ച് നാളികേര ഉൽപന്ന നിർമ്മാതാക്കളെയും, ഡൽഹിയിലും പരിസര പ്രദേശങ്ങളിലും നാളികേര ഉൽപന്ന വിപണനത്തിലേർപ്പെട്ടിരിക്കുന്നവരെയും പങ്കെടുപ്പിച്ചു ബിസിനസ് റ്റു ബിസിനസ്സ് മീറ്റും നടത്തി. ന്യൂ ഡൽഹി പൂസയിലെ നാഷണൽ അക്കാഡമി ഓഫ് അഗ്രിക്കൾച്ചറൽ സയൻസിൽ ഫെബ്രുവരി 10-ാം തീയതി നടത്തിയ ബിസിനസ് റ്റു ബിസിനസ്സ് മീറ്റ് നാളികേര വികസന ബോർഡ് ചെയർമാൻ ഡോ. എ. കെ. സിംഗ് ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ നഗര വിപണി പല വികസിത രാജ്യങ്ങളിലെ വിപണിയേക്കാൾ വിപുലമാണെന്നും രാജ്യത്തെ പ്രധാന നഗരമായ ഡൽഹിയിൽ നാളികേരോൽപന്നങ്ങൾക്ക് വലിയ വിപണി സാദ്ധ്യതകൾ ഉണ്ടെന്നും അദ്ദേഹം നിർമ്മാതാക്കളെ ഓർമ്മിപ്പിച്ചു. നിലവിൽ നാഷണൽ ഹോർട്ടി കൾച്ചർ ബോർഡിന്റെ കൈവശമുള്ള ഡൽഹി നഗരത്തിലെ പ്രധാനപ്പെട്ട രണ്ട് സ്റ്റാളുകൾ നാളികേരോൽപന്നങ്ങളുടെ വിപണനത്തിനായി നൽകുവാൻ തയ്യാറാണെന്ന് അദ്ദേഹം അറിയിച്ചു. രാജ്യത്തെ മറ്റു പ്രധാന നഗരങ്ങളിലും പ്രദർശന വിപണന മേഖലകളിൽ നാളികേരോൽപന്ന നിർമ്മാതാക്കൾക്ക് തങ്ങളുടെ ഉൽപന്നങ്ങളെ പരിചയപ്പെടുത്തുവാൻ കൂടുതൽ അവസരങ്ങൾ നൽകുവാനും ശ്രമങ്ങൾ ബോർഡിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുമെന്ന് അദ്ദേഹം സൂചിപ്പിച്ചു.

നാളികേര വികസന ബോർഡിന്റെ ഡൽഹിയിൽ പ്രവർത്തിക്കുന്ന മാർക്കറ്റ് ഡവലപ്പ്മെന്റ് ആന്റ് ഇൻഫർമേഷൻ സെന്ററിന്റെ ശ്രമഫലമായി നാഫെഡിന്റേയും, മാർക്കറ്റ് ഫെഡിന്റേയും വിപണന ശൃംഖലകൾ മുഖേന നാളികേരോൽപന്നങ്ങൾ വിപണനം ചെയ്യുവാനുള്ള സൗകര്യങ്ങൾ ഡൽഹിയിൽ തയ്യാറായി വരുന്നു.

## വടകരയിൽ നാളികേര സെമിനാർ

# നാളികേര മേഖല ഉണർന്നാൽ നാടുണരും




*ശിൽപശാല സി.ഡി.ബി അസ്സി. ഡയറക്ടർ കെ.എസ്. സെബാസ്റ്റ്യൻ നിർവ്വഹിക്കുന്നു*

നബാർഡിന്റേയും കോക്കനട്ട് ഡവലപ്മെന്റ് ബോർഡിന്റേയും സഹകരണത്തോടെ വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ ആഭിമുഖ്യത്തിൽ നാളികേര ഉത്പാദക സംഘം പ്രസിഡന്റുമാർക്കുള്ള ഏകദിന ശിൽപശാല പയ്യോളി തീർത്ഥ ഓഡിറ്റോറിയത്തിൽ നടത്തി. പയ്യോളി മുനിസിപ്പൽ ചെയർപേഴ്സൺ അഡ്വ. പി. പി കുൽസു ടീച്ചർ ശില്പശാല ഉദ്ഘാടനം ചെയ്തു.

കാർഷിക മേഖല രൂക്ഷമായ പ്രതിസന്ധി നേരിടുന്നവെന്നും ഈ രംഗത്തേയ്ക്ക് സ്ത്രീകളും യുവാക്കളും കടന്നു വരുന്നില്ലെന്നും അവർ സൂചിപ്പിച്ചു. കാർഷിക വികസന രംഗത്ത് ബാങ്കുകൾക്ക് കാര്യമായ പങ്കു വഹിക്കാനുണ്ടെന്നും അതെക്കുറിച്ച് കൃഷിക്കാർ ബോധവാന്മാരായിരിക്കണമെന്നും അവർ കൂട്ടിച്ചേർത്തു. ഗ്രാമീണ ബാങ്ക്, റിട്ട. മാനേജർ സൂര്യനാരായണൻ, ഗ്രാമീണ ബാങ്ക് വടകര ബ്രാഞ്ച് മാനേജർ നന്ദകുമാർ എന്നിവരും സംസാരിച്ചു.

കമ്പനി പ്രവർത്തനത്തിൽ സി.പി.എസ്. പ്രസിഡന്റുമാരുടെ പങ്ക് എന്ന വിഷയത്തെ ആസ്പദമാക്കി നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ(മാർക്കറ്റിംഗ്)കെ എസ് സെബാസ്റ്റ്യൻ സംസാരിച്ചു. നാളികേര ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കമ്പനികളിൽ ബോർഡിന്റെ സന്ദേശം ഏറ്റെടുത്തു വളരെ അടുക്കോടും ചിട്ടയോടും കൂടി പ്രവർത്തിച്ച് ചുരുങ്ങിയ കാലം കൊണ്ട് ഉയരങ്ങൾ കീഴടക്കാൻ വടകര കമ്പനിക്കു കഴിഞ്ഞതായി അദ്ദേഹം ചൂണ്ടിക്കാട്ടി.

നാളികേര മേഖല ശോഭിച്ചാൽ നാടുണരുകയും വിപ്ലവകരമായ മാറ്റം ഉണ്ടാവുകയും ചെയ്യും. നാളികേര ഉത്പ്പന്നങ്ങൾക്ക് ശരിയാംവണ്ണം പ്രചരണം ലഭിച്ചാൽ ആവശ്യക്കാരായ വിദേശികൾ പോലും ക്യൂ നിൽക്കുന്ന അവസ്ഥ ഉണ്ടാകും. അതിന് നമ്മുടെ സാമ്പത്തിക നില ഭദ്രമാക്കണം. കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളുടെ കാര്യമായ ഇടപെടലുകൾ ഈ രംഗത്തുണ്ടാകണം. ഈ സംവിധാനത്തെ കണ്ണിലെ കൃഷ്ണമണിയെപ്പോലെ സംരക്ഷിക്കണമെന്നും ഇന്നത്തെ ഉൽപന്ന നിലവാരം നില നിർത്തണമെന്നും സെബാസ്റ്റ്യൻ ആഹ്വാനം ചെയ്തു.

ഓൾ കേരള ഡിസ്ട്രിബ്യൂഷൻ, സംസ്ഥാന സെക്രട്ടറി, ബാബു കുന്നത്ത് വിതരണത്തിന്റേയും മാർക്കറ്റിംഗിന്റേയും കാര്യത്തിൽ വേണ്ട സഹായം വാഗ്ദാനം ചെയ്തു.

നബാർഡും പ്രൊഡ്യൂസർ കമ്പനികളും എന്ന വിഷയത്തെ ആസ്പദമാക്കി നബാർഡ് അസി. ജനറൽ മാനേജർ ജയിംസ് പി. മാത്യു സംസാരിച്ചു. ഏറ്റവും നല്ല കമ്പനികൾക്കുള്ള അവാർഡും പ്രോത്സാഹനമായി 6 ലക്ഷം രൂപയും വടകര കമ്പനിയ്ക്ക് ലഭിച്ചിട്ടുണ്ട്. നബാർഡിന്റെ നേതൃത്വത്തിൽ ഗ്രാമീണ വിപണി എന്ന പേരിൽ ഒരു വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട് - അദ്ദേഹം അറിയിച്ചു.

തെങ്ങു കൃഷി രംഗത്തെ നൂതന പ്രവണതകൾ എന്ന വിഷയത്തെക്കുറിച്ച് എം.എസ്. സ്വാമി നാഥൻ ഗവേഷണ കേന്ദ്രം സീനിയർ കൺസൾട്ടന്റ് എം. കെ. പി. മാവിലായി സംസാരിച്ചു.

ഉൽപാദന ചെലവിനനുസരിച്ച് ഉൽപന്ന വില ഭിക്കാത്തതും ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കാത്തതും കാർഷിക രംഗം നേരിടുന്ന വെല്ലുവിളികളാണ് . ആവശ്യത്തിന് മഴ ലഭിക്കാത്തതും കാറ്റു വീഴ്ച പോലെയുള്ള രോഗവും മറ്റൊരു വെല്ലുവിളിയാണ്. തേങ്ങയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപന്നനിർമ്മാണത്തിലൂടെ മാത്രമേ തെങ്ങ് കൃഷിയെ രക്ഷപ്പെടുത്താൻ കഴിയുകയുള്ളൂ. തെങ്ങ് കൃഷിയിൽ നല്ലയിനം വിത്തുകൾ ശേഖരിക്കുകയെന്നത് പ്രധാന ലക്ഷ്യമായിരിക്കണം. വേനൽ മാസത്തിൽ വിത്തുകൾ ശേഖരിക്കുകയും മഴയുടെ ആരംഭത്തിൽ തന്നെ നഴ്സറികൾ തയാറാക്കുകയും വേണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

കമ്പനിയുടെ ഫണ്ട് ശേഖരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കമ്പനി ഡയറക്ടർ കെ. സദാനന്ദൻ സംസാരിച്ചു. വടകര കമ്പനിക്ക് 4,30000 രൂപ ഷെയർ ഇനത്തിൽ കൃഷിക്കാരിൽ നിന്നും ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് ചുരുങ്ങിയ കാലയളവിൽ നീര പ്ലാന്റും, വെളിച്ചെണ്ണ യൂണിറ്റും സ്ഥാപിക്കാനും 15 തരം മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കാനും കഴിഞ്ഞത്. ഒരു അംഗം ചുരുങ്ങിയത് 2 ഷെയർ, ഒരു സി.പി.എസ്. 5 ലക്ഷം ഇതാണ് ലക്ഷ്യമിടുന്നത്. 155 സി.പി.എസുകളും 12 ഫെഡറേഷനുകളും വഴി കമ്പനി 8 കോടി രൂപയുടെ ഓഹരി സമാഹരിക്കുകയാണ് ലക്ഷ്യം.

ഭക്ഷ്യ വസ്തുക്കളിൽ മിക്കതിലും ചേർക്കുന്ന സൾഫർ ഇല്ലാത്ത വെളിച്ചെണ്ണ ലഭിക്കുക എന്നത് പ്രയാസമാണ്. അതിൽ നിന്ന് വ്യത്യസ്തമായി ഗുണമേന്മയുള്ള വെളിച്ചെണ്ണ ഉൽപാദിപ്പിക്കുക എന്നതാണ് വടകര കമ്പനിയുടെ ലക്ഷ്യമെന്ന് ഡയറക്ടർ കെ.പി. വിപിൻ കുമാർ അറിയിച്ചു. ഒരു പ്രാവശ്യം വാങ്ങിയവർ അതു തന്നെ വാങ്ങുന്ന രീതി ഉൽപന്നങ്ങളെ സംബന്ധിച്ച് സാധാരണക്കാരനുണ്ടാകണം. അത് കൈവരിക്കാൻ വടകര കമ്പനിക്ക് കഴിഞ്ഞിട്ടുണ്ട്.

ശിൽപശാലയിൽ കമ്പനി ചെയർമാൻ പ്രൊഫ. ഇ. ശശീന്ദ്രൻ അദ്ധ്യക്ഷം വഹിച്ചു. ഡയറക്ടർ ഇ. കെ. കരുണാകരൻ സ്വാഗതം പറഞ്ഞു. ഡയറക്ടർ കെ. പി. അഷ്റഫ് നന്ദി രേഖപ്പെടുത്തി.

# ഏപ്രിൽ : കേരകർഷകർ എന്തു ചെയ്യണം?

● ആർ ജ്ഞാനദേവൻ
ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി - 11

**തെങ്ങിന്റെ ചെന്നീരൊലിപ്പ് നിയന്ത്രിക്കുന്നതിന് നേരത്തെ ശുപാർശ ചെയ്തിരുന്ന കാലിക്സിൻ എന്ന കീടനാശിനി വിപണിയിൽ ലഭ്യമല്ല. പകരം ഹെക്സാകൊണാസോൾ എന്ന കീടനാശിനിയാണ് ഇപ്പോൾ ശിപാർശ ചെയ്യുന്നത്. റാലീസ്, ബെയർ തുടങ്ങി വിവിധ കമ്പനികൾ പല ബ്രാൻഡുകളിൽ ഇത് വിപണിയിൽ ഇറക്കുന്നുണ്ട്. ഒരു മില്ലി, ഒരു ലിറ്റർ വെള്ളത്തിൽ കലർത്തിയാണ് ഉപയോഗിക്കേണ്ടത്. ഒരു തെങ്ങിന് കീടനാശിനി ചേർത്ത 25 ലിറ്റർ വെള്ളമെങ്കിലും ചുറ്റും തടം തുറന്ന് ഒഴിക്കണം. ഇത് പ്രയോഗിക്കുന്നതിന് മുമ്പായി നിർബന്ധമായും തടം നല്ലവണ്ണം നനയ്ക്കണം. തഞ്ചാവൂർ വാട്ടത്തിനും ഇത് നല്ല നിയന്ത്രണ മാർഗ്ഗമാണ്.**
**ജൈവകൃഷി അനുവർത്തിക്കുന്ന തോട്ടങ്ങളിൽ ചെന്നീരൊലിപ്പു നിയന്ത്രിക്കാൻ ഹെക്സാകൊണാസോളിനു പകരം 50 ഗ്രാം ട്രൈക്കോഡർമ അഞ്ചു കിലോഗ്രാം വേപ്പിൻ പിണ്ണാക്കുമായി കലർത്തി മഴക്കാലം ആരംഭിക്കുന്നതിന് തൊട്ടു മുമ്പായി മെയ് പകുതിയോടെ തെങ്ങിൻ തടം തുറന്ന് മണ്ണിൽ ചേർത്തു കൊടുക്കണം.**

**കേരളം / ലക്ഷദ്വീപ്** : വേനൽമഴ തുടങ്ങുന്നതോടെ തൈകൾ നടാനുള്ള കുഴികൾ എടുക്കുക. നനയ്ക്ക് സൗകര്യമുള്ള പക്ഷം തെങ്ങിൻതൈകൾ നടാം. കാലവർഷത്തിലെ ശക്തിയായ മഴ തുടങ്ങുന്നതിനുമുമ്പ് അവ വേരോടി പിടിക്കുമെന്നു മാത്രമല്ല, ഇതുമൂലം മഴയുടെ പൂർണ്ണ ഗുണം തൈകൾക്കു ലഭിക്കുകയും ചെയ്യും. വേരോടി പിടിച്ചു കഴിഞ്ഞ തൈകൾക്ക് വെള്ളക്കെട്ടിനെ അതിജീവിക്കാനുള്ള കഴിവും ഇതുകൊണ്ട് ലഭിക്കുന്നതാണ്.

ജലസേചനം തുടരുക. തെങ്ങിൻതടത്തിലെ ജലാംശം നിലനിർത്താൻ പുതയിടേണ്ടതാവശ്യമാണ്. പച്ചിലകളും ചപ്പുചവറുകളും ഉപയോഗശൂന്യമായ തെങ്ങോലകളും ചകിരിച്ചോറും മറ്റ് അവശിഷ്ടങ്ങളും തെങ്ങിൻ തടത്തിൽ നിരത്തി മേൽമണ്ണ് കൊണ്ട് മറയ്ക്കുകയാണ് ചെയ്യുന്നത്. തൊണ്ട് കുഴിച്ചിടുന്നതും നല്ലതാണ്. നാല് തെങ്ങുകൾക്കിടയിൽ ഒന്ന് എന്ന നിരക്കിൽ 4 മീ. നീളവും 50 സെ.മീ. ആഴവും ഉള്ള ചാലുകൾ എടുക്കുക. ഇതിൽ തൊണ്ട് നിറക്കുക. തൊണ്ട് നിറയ്ക്കുമ്പോൾ താഴത്തെ നിരകളിൽ തൊണ്ട് മലർത്തിയും ഏറ്റവും മുകളിലത്തെ രണ്ടുനിര കമിഴ്ത്തിയും വേണം അടുക്കേണ്ടത്. ജലസേചന സൗകര്യം ഉണ്ടെങ്കിൽ ആകെ ശുപാർശ ചെയ്തിരിക്കുന്ന രാസവളത്തിന്റെ നാലിലൊരു ഭാഗം ഇട്ടുകൊടുക്കുക.

ഈ മാസത്തിലും വിത്തുതേങ്ങ സംഭരണം തുടരാവുന്നതാണ്. മണൽ മണ്ണുള്ള തോട്ടങ്ങളിൽ തെങ്ങൊന്നിന് അരടൺ എന്ന തോതിൽ പുഴച്ചെള്ളയോ, കുളച്ചേറോ ചേർക്കുക. ചാറ്റൽ മഴ ആരംഭിക്കുന്നതോടെ തെങ്ങൊന്നിന് 2 കി.ഗ്രാം വീതം കുമ്മായം ചേർത്തുകൊടുക്കുക. മണ്ഡരിയുടെ ആക്രമണം കാണുന്നുണ്ടെങ്കിൽ അസാഡിറാക്ടിൻ (0.04 ശതമാനം) അടങ്ങിയ ജൈവകീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി കുലകളിൽ തളിക്കുക.

ചെമ്പൻചെല്ലിയുടെ ഉപദ്രവമുള്ള തെങ്ങുകളിൽ തടിയിൽ നിന്നും ചുവന്ന ദ്രാവകം ഒലിക്കുന്നതായും തടിയിലുള്ള സുഷിരങ്ങളിലൂടെ ചണ്ടി പുറത്തേയ്ക്ക് വരുന്നതായും കാണാം, ഏറ്റവും മുകളിൽ കാണപ്പെടുന്ന സുഷിരമൊഴികെ മറ്റെല്ലാം കളിമണ്ണോ സിമന്റോ കൊണ്ടടച്ചതിനുശേഷം അതിലൂടെ ഒരു ശതമാനം വീര്യമുള്ള കാർബാറിൽ (20 ഗ്രാം കാർബാറിൽ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്) ഒഴിച്ചുകൊടുക്കുക. അതിനുശേഷം ആ സുഷിരവും അടയ്ക്കുക. ചെമ്പൻചെല്ലിയെ നിയന്ത്രിക്കുവാൻ ഫിറമോൺ കെണികളും ഫലപ്രദമാണ്. പക്ഷേ, ഒരു പ്രദേശത്തെ കർഷകർ ഒരുമിച്ച് ചേർന്ന് കെണികൾ വയ്ക്കണമെന്നു മാത്രം.

പൂങ്കുലച്ചാഴിയുടെ ആക്രമണമുണ്ടെങ്കിൽ ഇളംകുലയിൽ (ഒന്നു മുതൽ അഞ്ചു മാസം വരെ പ്രായമുള്ളത്) കാർബാറിൽ എന്ന കീടനാശിനി 0.1% വീര്യത്തിൽ (20 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ കലക്കി) തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം. വിരിഞ്ഞ് പരാഗണം നടക്കാത്ത പൂക്കുലകളിൽ (ഒരു മാസം വരെ പ്രായമായത്) മരുന്നു തളിക്കരുത്.

നീരൂറ്റിക്കുടിക്കുന്ന മീലിമൂട്ടകൾ, ശൽക്കകീടങ്ങൾ എന്നിവ വേനൽക്കാലങ്ങളിൽ നാമ്പോലകളേയും കൊതുമ്പുകളേയും തേങ്ങാക്കുലകളേയും ആക്രമിക്കുന്നു. ശൽക്കകീടങ്ങൾ ഓലകളിലും കാണാറുണ്ട്. ഇവയുടെ ആക്രമണഫലമായി ഓലകൾ മഞ്ഞനിറമായി ഉണങ്ങുന്നു. മീലിമൂട്ടകളെ നിയന്ത്രിയ്ക്കുവാൻ 2 ശതമാനം വേപ്പെണ്ണ 20 ദിവസത്തെ ഇടവേളകളിൽ രണ്ടുതവണ തളിച്ചാൽ മതിയാകും. ശൽക്കകീടങ്ങൾക്കെതിരെ ഡൈമെത്തോയേറ്റ് ഫലപ്രദമായി ഉപയോഗിയ്ക്കാം.

കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽ കൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോമൂന്നോ ഓലക്കവിളുകളിൽ പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബാറിൽ (50 ശതമാനം വെള്ളത്തിൽ കലക്കാവുന്ന പൊടി) എന്ന കീടനാശിനി 200 മി.ഗ്രാം, ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി വണ്ടുകളുടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക. പെരുവലം എന്ന ചെടി പറിച്ച് ചാണകക്കുഴികളിൽ ചേർക്കുന്നതും നല്ലതാണ്. ബാക്കുലോവൈറസ് ഒറിക്ടസ് എന്ന വൈറസ് കൊമ്പൻചെല്ലിയുടെ ജൈവിക നിയന്ത്രണത്തിന് ഉപയോഗിയ്ക്കാം. ഇതിനായി വൈറസ് രോഗബാധയേറ്റ ചെല്ലികളെ ഒരു ഹെക്ടറിൽ 10-15 എണ്ണം എന്ന കണക്കിൽ സന്ധ്യാസമയത്ത് തോട്ടത്തിൽ തുറന്നുവിടുക. മഴക്കാലത്ത് മെറ്റാറൈസിയം അനിസോപ്ലിയ എന്ന കുമിൾ തേങ്ങാവെള്ളത്തിലോ കപ്പകഷണങ്ങളും തവിടും ചേർത്തുണ്ടാക്കിയ മിശ്രിതത്തിലോ വൻതോതിൽ വളർത്തിയെടുത്ത് ഒരു ക്യുബിക് മീറ്ററിന് 250 മി.ഗ്രാം മെറ്റാറൈസിയം കൾച്ചർ 750 മി.ലി. വെള്ളവുമായി കലർത്തിയ മിശ്രിതം എന്ന തോതിൽ ചാണകക്കുഴികളിലും

മറ്റും ഒഴിച്ച് പുഴുക്കളെ നശിപ്പിയ്ക്കുക.

തെങ്ങോലപ്പുഴുവിന്റെ ആക്രമണം കാണുന്നുവെങ്കിൽ കീടാക്രമണം ഗുരുതരമായുള്ള അടിഭാഗത്തെ ഓലകൾ വെട്ടി നീക്കി കത്തിച്ചു കളയുക. ഓലകളുടെ, പ്രത്യേകിച്ച് മദ്ധ്യനിരയിലുള്ള ഓലകളുടെ അടിഭാഗത്തുള്ള പുഴുക്കളോട് കൂടിയ അറകളിൽ പതിക്കത്തക്കരീതിയിൽ 0.05% വീര്യമുള്ള കിനാൽഫോസ് എന്ന കീടനാശിനി തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം. കൂടാതെ തെങ്ങോലപ്പുഴുവിനെതിരെ ജൈവീക നിയന്ത്രണം വളരെ ഫലപ്രദമാണ്. തെങ്ങോലപ്പുഴുവിന്റെ വിവിധ ദശകളെ ആക്രമിക്കുന്ന ഗോണിയോസസ് നിഫാന്റിഡിസ് (Goniozus nephantidis), എലാസ്മസ് നിഫാന്റിഡിസ് (Elasmus nephantidis), ബ്രാക്കിമേറിയ നൊസട്ടോയ് (Brachymeria nosatoi) തുടങ്ങിയ എതിർപ്രാണികളെ വൻ തോതിൽ തുറന്നുവിട്ട് തെങ്ങോലപ്പുഴുക്കളെ നശിപ്പിക്കാം. കീടനാശിനി തളിച്ച് 15-20 ദിവസത്തിനുശേഷം പരാദപ്രാണികളെ വിടാവുന്നതാണ്.

തെങ്ങിന് ചെന്നീരൊലിപ്പു രോഗം ബാധിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുക. ചെന്നീരൊലിപ്പുള്ള തെങ്ങിന്റെ തടിയിലുണ്ടാകുന്ന വിള്ളലുകളിലൂടെ ചുവപ്പു കലർന്ന തവിട്ടുനിറത്തിലുള്ള കറ ഒലിച്ചിറങ്ങുന്നതു കാണാം. ഇത് ഉണങ്ങി കറുപ്പു നിറത്തിലുള്ള പാടുകളാകുന്നു. ചെന്നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി നോക്കിയാൽ ഉൾഭാഗം ചീഞ്ഞിരിക്കുന്നതായി കാണാം. തെങ്ങിൻതടിയിൽ രോഗബാധ കാണുന്ന ഭാഗത്തെ പുറംതൊലി മൂർച്ചയുള്ള ഉളി കൊണ്ട് ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ ഹെക്സാകൊണസോൾ 2 മി. ലി. 100 മി. ലി. വെള്ളത്തിൽ എന്ന തോതിൽ കലക്കി പുരട്ടുക. ഒന്നു രണ്ടു ദിവസത്തിനുശേഷം ചൂടുള്ള കോൾടാർ പുരട്ടുക. ചെത്തി മാറ്റിയ ഭാഗങ്ങൾ തീയിട്ട് നശിപ്പിക്കുക. മറ്റ് വളങ്ങൾക്കൊപ്പം തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് ചേർത്തു കൊടുക്കുക. വേനൽക്കാലത്ത് ജലസേചനം നൽകുകയും വർഷക്കാലത്ത് തോട്ടത്തിൽ നീർവാർച്ച സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. രോഗനിയന്ത്രണത്തിനായി 5 ശതമാനം വീര്യമുള്ള കാലിക്സിൻ വർഷത്തിൽ മൂന്നുതവണ, അതായത് ഏപ്രിൽ-മെയ്, സെപ്തംബർ-ഒക്ടോബർ, ജനുവരി-ഫെബ്രുവരി മാസങ്ങളിലായി വേരിൽകൂടി നൽകുക.

കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളിൽ ഓലചീയൽ രോഗവും കണ്ടുവരുന്നു. തുറക്കാത്ത കൂമ്പോലകളെ കുമിൾ ആക്രമിച്ച് അഴുകൽ ഉണ്ടാക്കുന്നു. കൂമ്പോല വിരിയുമ്പോൾ അഴുകിയ ഭാഗം ഉണങ്ങി കാറ്റത്ത് പറന്നുപോകും. ബാക്കിയുള്ള ഓലയുടെ ഭാഗം കുറ്റിയായി നിൽക്കും. കൂമ്പോലയുടേയും അതിനോട് ചേർന്നുള്ള രണ്ട് ഓലകളുടേയും മാത്രം ചീഞ്ഞ ഭാഗങ്ങൾ മുറിച്ചു മാറ്റുക. ഡൈത്തേൻ എം. 45 അഥവാ ഇൻഡോഫിൽ എം.45 മൂന്നുഗ്രാം എന്നിവയിലൊന്ന് 300 മി.ലി. വെള്ളത്തിൽ കലക്കി നാമ്പോലയുടെ ചുവട്ടിലൊഴിക്കുക.

തെങ്ങിന്റെ പ്രായം, ഓലകളുടെ വലിപ്പം, തോട്ടത്തിൽ ലഭിക്കുന്ന സൂര്യപ്രകാശത്തിന്റെ അളവ് എന്നിവ കണക്കിലെടുത്ത് തെങ്ങിൻതോട്ടത്തിൽ ഇടവിളകൾ ആദായകരമായി കൃഷിചെയ്യാം. ഏഴുവർഷം വരെ പ്രായമായ തോട്ടങ്ങളിൽ ഇടവിളയായി ഹ്രസ്വകാല വിളകൾ കൃഷിചെയ്യാം. ഏഴു മുതൽ ഇരുപത്തിയഞ്ചുവർഷം വരെയുള്ള തെങ്ങിൻ തോട്ടങ്ങളിൽ തണലിൽ വളരുന്ന വിളകളാണ് നല്ലത്. 25 വർഷങ്ങൾക്ക് ശേഷം ഏതു വിളയും കൃഷി ചെയ്യാം.

**ആൻഡമാൻ/നിക്കോബാർ ദ്വീപുകൾ** : നഴ്സറികളിൽ നന തുടരുക. വരൾച്ച തുടരുന്ന പക്ഷം തെങ്ങുകൾ നനയ്ക്കുക. നീർവാർച്ചയ്ക്ക് സൗകര്യമുണ്ടാക്കാൻ ചിറകളുടേയും തോടുകളുടേയും കേടുപാടുകൾ പോക്കുക. വിത്തുതേങ്ങ ശേഖരിക്കുക. തെങ്ങിൻ തൈകൾ നടുന്നതിന് കുഴികൾ തയ്യാറാക്കുക. മണൽ പ്രദേശങ്ങളിലും ചൊരിമണൽ പ്രദേശങ്ങളിലും 90 ഘന സെ.മീറ്റർ വലുപ്പത്തിൽ കുഴികളെടുക്കുക. കളിമൺ പ്രദേശങ്ങളിൽ 60 ഘന സെ. മീറ്ററിൽ കുഴികളെടുക്കുക.

പുതിയതായി തൈ വെയ്ക്കുമ്പോഴും അടിത്തൈ വെയ്ക്കുമ്പോഴും മണൽ മണ്ണിലും മണൽ കലർന്ന എക്കൽ മണ്ണിലും 7.5 മീറ്റർ അകലത്തിലാണ് കുഴികൾ എടുക്കേണ്ടത്. ഒറ്റവരി സമ്പ്രദായത്തിൽ 6 മീ. ⁝ 9 മീ. അകലത്തിലും ഇരട്ട വരിസമ്പ്രദായത്തിൽ 6 മീ. ⁝ 6മീ. ⁝ 9 മീ. അകലത്തിലുമാണ് കുഴികൾ തൈ നടാനായി എടുക്കേണ്ടത്. കുമിൾ രോഗങ്ങൾക്കെതിരെ പ്രതിരോധ നടപടിയെന്ന നിലയിൽ എല്ലാ തെങ്ങുകൾക്കും ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക.

ജലസംരക്ഷണത്തിനായി നാല് തെങ്ങുകൾക്കിടയിൽ ഒന്ന് എന്ന നിരക്കിൽ 4 മീ. നീളവും 50 സെ.മീ. ആഴവും ഉള്ള ചാലുകൾ എടുക്കുക. ഇതിൽ തൊണ്ട് നിറക്കുക. തൊണ്ട് നിറക്കുമ്പോൾ താഴത്തെ നിരകളിൽ തൊണ്ട് മലർത്തിയും ഏറ്റവും മുകളിലത്തെ രണ്ടുനിര കമിഴ്ത്തിയും വേണം അടുക്കേണ്ടത്. തെങ്ങിൻ തോട്ടത്തിൽ അനുയോജ്യമായ ഇടവിളകൾ കൃഷി ചെയ്യുക.

**കർണ്ണാടകം** : നന തുടരുക. തെരഞ്ഞെടുത്ത മാതൃ വൃക്ഷങ്ങളിൽ നിന്നും വിത്തുതേങ്ങ ശേഖരിക്കുക. വിത്തുതേങ്ങ പാകുന്നതിന് നഴ്സറി തയ്യാറാക്കുക. നനയ്ക്കു സൗകര്യമുള്ളതും സൂര്യപ്രകാശം ലഭിക്കുന്നതും നീർവാർച്ചയുള്ളതുമായ സ്ഥലങ്ങളാണ് നഴ്സറിയ്ക്കായി തിരഞ്ഞെടുക്കേണ്ടത്.

തെങ്ങോലപ്പുഴുവിന്റെ ആക്രമണം കാണുന്നുവെങ്കിൽ കീടാക്രമണം ഗുരുതരമായുള്ള അടിഭാഗത്തെ ഓലകൾ വെട്ടി നീക്കി കത്തിച്ചു കളയുക. ഓലകളുടെ, പ്രത്യേകിച്ച് മദ്ധ്യനിരയിലുള്ള ഓലകളുടെ അടിഭാഗത്തുള്ള പുഴുക്കളോട് കൂടിയ അറകളിൽ പതിക്കത്തക്കരീതിയിൽ 0.05% വീര്യമുള്ള കിനാൽഫോസ് എന്ന കീടനാശിനി തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം. കൂടാതെ തെങ്ങോലപ്പുഴുവിനെതിരെ ജൈവിക നിയന്ത്രണം വളരെ ഫലപ്രദമാണ്. തെങ്ങോലപ്പുഴുവിന്റെ വിവിധ ദശകളെ ആക്രമിക്കുന്ന ഗോണിയോസസ് നിഫാന്റിഡിസ് (Goniozus nephantidis), എലാസ്മസ് നിഫാന്റിഡിസ് (Elasmus nephantidis), ബ്രാക്കിമേറിയ നൊസട്ടോയ് (Brachymeria nosatoi) തുടങ്ങിയ എതിർപ്രാണികളെ വൻ തോതിൽ തുറന്നുവിട്ട് തെങ്ങോലപ്പുഴുക്കളെ നശിപ്പിക്കാം. കീടനാശിനി തളിച്ച് 15-20 ദിവസത്തിനുശേഷം പരാദപ്രാണികളെ വിടാവുന്നതാണ്.

മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ അസാഡിറാക്ടിൻ (0.004 ശതമാനം) അടങ്ങിയ ജൈവ കീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലക്കി കുലകളിൽ തളിക്കുക.

**തമിഴ്നാട് / പോണ്ടിച്ചേരി** : വേനൽക്കാലത്തെ ചാറ്റൽമഴ ലഭിക്കാത്ത സ്ഥലങ്ങളിൽ നന തുടരുക. മണ്ണിൽ വേണ്ടത്ര ഈർപ്പമുണ്ടെങ്കിൽ മരച്ചീനിയോ, മറ്റേതെങ്കിലും വാർഷികവിളകളോ, ഇടവിളകളോ നടുക. തോട്ടത്തിൽ ഇവ നട്ടു വളർത്തുന്നതുകൊണ്ട് മണ്ണിന്റെ ഘടന മെച്ചപ്പെടുകയും വളക്കൂറ് വർദ്ധിക്കുകയും ചെയ്യും. വിത്തുതേങ്ങ ശേഖരണം തുടരുക.

മൂന്നാം ഗഡു മരുന്നുതളി നടത്തുക. മണ്ഡരിയുടെ ആക്രമണം കാണുന്നപക്ഷം മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ അസാഡിറാക്ടിൻ അടങ്ങിയ ജൈവകീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ 4 മി.ലിറ്റർ വീതം ചേർത്ത് തെങ്ങുകൾക്ക് തളിച്ചുകൊടുക്കാവുന്നതാണ്.

# കമ്പോള അവലോകനം - ഫെബ്രുവരി 2017

## ആഭ്യന്തര വില നിലവാരം

**വെളിച്ചെണ്ണ**

വെളിച്ചെണ്ണയുടെ വില കൊച്ചി, കോഴിക്കോട്, ആലപ്പുഴ വിപണികളിൽ ഫെബ്രുവരി മാസത്തിൽ നേരിയ മാന്ദ്യം രേഖപ്പെടുത്തി. കൊച്ചി ആലപ്പുഴ വിപണികളിൽ 14400 രൂപയിലും കോഴിക്കോട്ട് 14500 രൂപയിലുമാണ് വ്യാപാരം ആരംഭിച്ചത്. ഫെബ്രുവരിയിൽ വെളിച്ചെണ്ണയുടെ വില എല്ലാ വിപണികളിലും ഉയരുന്ന പ്രവണതയാണ് കണ്ടത്. ഫെബ്രുവരി മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:



പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.02.2017 | 14400 | 14400 | 14500 | 13600 |
| 05.02.2017 | 14500 | 14500 | 14500 | 13000 |
| 12.02.2017 | 13700 | 13900 | 14300 | 12200 |
| 19.02.2017 | 13400 | 13400 | 13700 | 12000 |
| 26.02.2017 | 12900 | 12900 | 13200 | 11533 |
| 28.02.2017 | 12800 | 12900 | 13200 | 11600 |

**ആട്ടു കൊപ്ര**

ആട്ടു കൊപ്രയുടെ വില കഴിഞ്ഞ മാസം കൊച്ചി, കോഴിക്കോട്, വിപണികളിൽ താഴുന്ന പ്രവണതയായിരുന്നു കണ്ടത്. കൊച്ചി ആലപ്പുഴ, കോഴിക്കോട് വിപണികളിൽ ആട്ടു കൊപ്രയുടെ വില യഥാക്രമം 9700, 9400, 9300 രൂപ വീതം രേഖപ്പെടുത്തി. കൊച്ചി ആലപ്പുഴ വിപണികളിൽ മാസാദ്യ വാരത്തിൽ വില ഉയരുന്ന പ്രവണത രേഖപ്പെടുത്തി. കൊച്ചിയിൽ ക്വിന്റലിന് 9800 ഉം ആലപ്പുഴയിൽ 9450 ഉം രൂപ വീതമായിരുന്നു കച്ചവടം നടന്നത്. പിന്നീട് വില താഴ്ന്നു.



കോഴിക്കോട്ട് വിപണിയിൽ മാസത്തിലുടനീളം വിലനിലവാരം താഴ്ന്നു തന്നെ തുടർന്നു. കൊച്ചിയിൽ 8300 രൂപയിലും ആലപ്പുഴയിലും കോഴിക്കോട്ടും 8250 രൂപയിലും കോഴിക്കോട്ട് 8350 രൂപയിലുമാണ് വ്യാപാരം അവസാനിച്ചത്. കച്ചവടം അവസാനിക്കുമ്പോൾ കൊച്ചിയിൽ ക്വിന്റലിന് 1400 രൂപയും ആലപ്പുഴയിൽ 1150 രൂപയും കോഴിക്കേട്ട് 950 രൂപയും നഷ്ടമായി.

തമിഴ് നാട്ടിലെ കാങ്കയം വിപണിയിൽ ക്വിന്റലിന് 9200 രൂപയിൽ ആരംഭിച്ച വ്യാപാരം ക്വിന്റലിനു 1200 രൂപ നഷ്ടത്തിൽ 8100 രൂപയിൽ അവസാനിച്ചു. കേരളത്തിലെ വിവിധ കമ്പോളങ്ങളിൽ ആട്ടു കൊപ്രയുടെ വാരാന്ത്യ വില നിലവാരം പട്ടിക 2 ൽ:

പട്ടിക 2 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.02.2017 | 9700 | 9400 | 9300 | 9200 |
| 05.02.2017 | 9800 | 9450 | 9250 | 8900 |
| 12.02.2017 | 8900 | 8900 | 9050 | 8700 |
| 19.02.2017 | 8800 | 8600 | 8700 | 8300 |
| 26.02.2017 | 8400 | 8250 | 8350 | 8000 |
| 28.02.2017 | 8300 | 8250 | 8350 | 8100 |

**ഭക്ഷ്യയോഗ്യമായ കൊപ്ര**

ഫെബ്രുവരി മാസത്തിൽ രാജാപൂർ കൊപ്രയുടെ വില കോഴിക്കോട് വിപണിയിൽ ക്വിന്റലിന് 9500 രൂപ യിൽ ആരംഭിച്ച് മാസ അവസാനം ക്വിന്റലിന് 1050 രൂപ നഷ്ടത്തിൽ 8450 രൂപയിലാണ് വിപണി ക്ലോസ് ചെയ്തത്. ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 3 ൽ:

| പട്ടിക 3 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ) | |
|---|---|
| 01.02.2017 | 9500 |
| 05.02.2017 | 9250 |
| 12.02.2017 | 8700 |
| 19.02.2017 | 8500 |
| 26.02.2017 | 8400 |
| 28.02.2017 | 8450 |

**ഉണ്ട കൊപ്ര**

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ ഫെബ്രുവരി ആദ്യ ആഴ്ച്ചയിൽ ഉണ്ട കൊപ്രയുടെ വില ക്വിന്റലിന് 9100 രൂപയായിരുന്നു. മാസാവസാനത്തോടെ ഉണ്ട കൊപ്രയുടെ വില ക്വിന്റലിന് 1600 രൂപ ഇടിഞ്ഞ് 7500 രൂപയിൽ വ്യാപാരം അവസാനിച്ചു. ഉണ്ടകൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 4 ൽ :

| പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ) | |
|---|---|
| | തിപ്തൂർ |
| 01.02.2017 | 9100 |
| 05.02.2017 | 8611 |
| 12.02.2017 | 8000 |
| 19.02.2017 | 7800 |
| 26.02.2017 | 7500 |
| 28.02.2017 | 7500 |

**കൊട്ട തേങ്ങ**

കോഴിക്കോട് വിപണിയിൽ കൊട്ട തേങ്ങയുടെ വ്യാപാരം ഫെബ്രുവരി ആദ്യ വാരം 7850 രൂപയിൽ ആരംഭിച്ചു. ആയിരത്തിന് 900 രൂപ നഷ്ടത്തിൽ മാസാവസാനം വ്യാപാരം 6950 രൂപയിൽ അവസാനിച്ചു. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:

| പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ആയിരത്തിന്) | |
|---|---|
| 01.02.2017 | 7850 |
| 05.02.2017 | 7850 |
| 12.02.2017 | 7050 |
| 19.02.2017 | 6950 |
| 26.02.2017 | 6950 |
| 28.02.2017 | 6950 |

**നാളികേരം**

നെടുമങ്ങാട് വിപണിയിൽ പൊതിച്ച നാളികേരത്തിന്റെ വില ഫെബ്രുവരിയിൽ ആയിരത്തിന് 15000 രൂപയായിരുന്നു. മാസം മുഴുവൻ ഇതെ നിലയിൽ തുടർന്ന ശേഷം വ്യാപാരം അവസാനിച്ചു. ബാംഗളൂർ നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം ആയിരത്തിന് 10000 രൂപയിൽ ആരംഭിച്ച് 10000 രൂപയിൽ തന്നെ വിപണി ക്ലോസ് ചെയ്തു. മംഗലാപുരം നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വില കഴിഞ്ഞ മാസം ആദ്യവാരത്തിൽ ആയിരത്തിന് 15000 രൂപയായിരുന്നു. ഇത് ഉയർന്ന് 500 രൂപ നേട്ടത്തിൽ 20000 രൂപയിലാണ് മാസാവസാനം വിപണി ക്ലോസ് ചെയ്തത്. വിവിധ കമ്പോളങ്ങളിൽ നാളികേരത്തിന്റെ വാരാന്ത്യ വിലനിലവാരം പട്ടിക 6 ൽ:

| പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ആയിരത്തിന്) | | | |
|---|---|---|---|
| | നെടുമങ്ങാട് | ബംഗളുരു | മംഗലാപുരം (ഗ്രേഡ് 1) |
| 01.02.2017 | NR | 10000 | 15000 |
| 05.02.2017 | 15000 | 10000 | 15000 |
| 12.02.2017 | 15000 | 10000 | 20000 |
| 19.02.2017 | 15000 | 10000 | 20000 |
| 26.02.2017 | 15000 | 10000 | NR |
| 28.02.2017 | 15000 | 10000 | 20000 |

**ഇളനീർ**

കർണ്ണാടകയിലെ മദ്ദൂർ വിപണിയിൽ ജനുവരി മാസം രേഖപ്പെടുത്തിയ ഇളനീരിന്റെ വില ആയിരത്തിന് 10000 രൂപയായിരുന്നു. മാസാദ്യം മുതൽ അവസാനം വരെ വിപണി ഇതെ വിലസ്ഥിരത നിലനിർത്തി. ഇളനീരിന്റെ വാരാന്ത്യ വില നിലവാരം പട്ടിക 7 ൽ:

| പട്ടിക 7 : ഇളനീരിന്റെ വാരാന്ത്യ വില മദ്ദൂർ വിപണിയിൽ (ആയിരത്തിന്) | |
|---|---|
| 01.02.2017 | 10000 |
| 05.02.2017 | 10000 |
| 12.02.2017 | 10000 |
| 19.02.2017 | 10000 |
| 26.02.2017 | 10000 |
| 28.02.2017 | 10000 |

## അന്താരാഷ്ട്ര വില നിലവാരം

**വെളിച്ചെണ്ണ**

അന്താരാഷ്ട്ര വിപണികളിൽ വെളിച്ചെണ്ണയുടെ വിലയിൽ മാന്ദ്യം രഖപ്പെടുത്തി. ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ഇന്ത്യ വിപണികളിൽ വില താഴുന്ന പ്രവണതയാണ് അനുഭവപ്പെട്ടത്. ഫെബ്രുവരി ആദ്യ വാരം ആഭ്യന്തര വിപണിയിൽ രേഖപ്പെടുത്തിയ അന്താരാഷ്ട്ര വില മെട്രിക് ടണ്ണിന് 12155 അമേരിക്കൻ ഡോളർ ആയിരുന്നു. മാസം അവസാനിച്ചപ്പോൾ ഇത് മെട്രിക് ടണ്ണിന് 1930 അമേരിക്കൻ ഡോളറായി കുറഞ്ഞു. വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 8 ൽ:

| പട്ടിക 8 : വെളിച്ചെണ്ണ ഉത്പാതക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | അന്താരാഷ്ട്ര വില നിലവാരം | ആഭ്യന്തര വില നിലവാരം | | |
| | ഫിലിപ്പൈൻസ്/ ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്) | ഫിലി പ്പൈൻസ് | ഇൻ ഡോ നേഷ്യ | ഇൻഡ്യ* |
| 04.02.2017 | 1806 | 1780 | 1778 | 2155 |
| 11.02.2017 | 1785 | 1744 | 1692 | 2043 |
| 18.02.2017 | 1693 | 1658 | 1692 | 2001 |
| 25.02.2017 | 1588 | 1540 | 1530 | 1930 |
| | | | | *കൊച്ചി |

**കൊപ്ര**

പ്രധാനപ്പെട്ട നാളികേര ഉത്പാദക രാജ്യങ്ങളായ ഫിലിപ്പീൻസിലും ഇന്തോനേഷ്യയിലും ഇന്ത്യയിലും കൊപ്രയുടെ വിലയിൽ കഴിഞ്ഞ മാസം മാന്ദ്യം രേഖപ്പെടുത്തി. പ്രധാന കൊപ്ര ഉൽപാദക രാജ്യമായ ശ്രീലങ്കയിൽ കൊപ്രവിലയിൽ ചാഞ്ചാട്ടമാണ് ദൃശ്യമായത്. കൊപ്രയുടെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 9 ൽ :

| പട്ടിക 9 : കൊപ്ര ഉത്പാതക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
| 04.02.2017 | 1084 | 1006 | 1230 | 1457 |
| 11.02.2017 | 1060 | 979 | 1230 | 1328 |
| 18.02.2017 | 1006 | 934 | 1310 | 1314 |
| 25.02.2017 | 916 | 916 | 1280 | 1257 |
| | | | | *കൊച്ചി |

**തൂൾ തേങ്ങ**

ഇന്ത്യയിൽ തൂൾ തേങ്ങയ്ക്കു രേഖപ്പെടുത്തിയ കയറ്റുമതി വില (FOB) മറ്റു പ്രമുഖ തൂൾ തേങ്ങ ഉത്പാദക രാജ്യങ്ങളെ അപേക്ഷിച്ച് മികച്ച മത്സര സ്വഭാവമുള്ളതായിരുന്നു. പ്രധാന ഉത്പാദക രാജ്യങ്ങളിലെ തൂൾ തേങ്ങയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 10 ൽ:

| പട്ടിക 10 : തൂൾതേങ്ങയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
| 04.02.2017 | 2508 | 2300 | 2588 | 1899 |
| 11.02.2017 | 2508 | 2450 | 2806 | 1844 |
| 18.02.2017 | 2563 | 2450 | 2680 | 1877 |
| 25.02.2017 | 2535 | 2450 | 2776 | 1706 |
| | | | | *എഫ്.ഒ.ബി |

**നാളികേരം**

പ്രധാന നാളികേര ഉത്പാദക രാജ്യങ്ങളായ ഫിലിപ്പീൻസ് ഇന്തോനേഷ്യ എന്നീ വിപണികളിൽ നാളികേരത്തിന്റെ വിലയിൽ വർധനയാണ് ഫെബ്രുവരിയിൽ രേഖപ്പെടുത്തിയത്. എന്നാൽ ശ്രീലങ്കയിൽ കഴിഞ്ഞ മാസം പൊതിച്ച നാളികേരത്തിന്റെ വിലയിൽ സ്ഥിരത ദൃശ്യമായില്ല. മറ്റു നാളികേര ഉത്പാദക രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യൻ ആഭ്യന്തര വിപണിയിൽ പൊതിച്ച നാളികേരത്തിന്റെ വിലയിൽ നേരിയ മാന്ദ്യമാണ് അനുഭവപ്പെട്ടത്.

നാളികേരത്തിന്റെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 11 ൽ :

| പട്ടിക 11: നാളികേരത്തിന്റെ വാരാന്ത്യ (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
| 04.02.2017 | 242 | 240 | 266 | 446 |
| 11.02.2017 | 243 | 247 | 267 | 403 |
| 18.02.2017 | 247 | 247 | 280 | 396 |
| 25.02.2017 | 250 | 247 | 266 | 382 |
| | | | | *പൊള്ളാച്ചി |



**ചിരട്ടക്കരി**

ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്ത (FOB) ചിരട്ടക്കരിയുടെ വില കഴിഞ്ഞ മാസം വർധന രേഖപ്പെടുത്തി. മികച്ച ഉത്പാദക രാജ്യങ്ങളായ ശ്രീലങ്ക, ഇന്തോനേഷ്യ തുടങ്ങിയ വിപണികളിലെ വിലയുമായി തട്ടിച്ചു നോക്കുമ്പോൾ ഇത് മത്സര സ്വഭാവമുള്ളതായിരുന്നു. ചിരട്ടക്കരി ഉത്പാദക രാജ്യങ്ങളിൽ ഇന്തോനേഷ്യൻ വിപണിയിൽ ആണ് ഏറ്റവും കൂടിയ വില രേഖപ്പെടുത്തിയത്. ചിരട്ടക്കരിയുടെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 12 ൽ:

| പട്ടിക 12 : ചിരട്ടക്കരിയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
| 04.02.2017 | 340 | 438 | 338 | 268 |
| 11.02.2017 | 388 | 431 | 329 | 291 |
| 18.02.2017 | 388 | 448 | 338 | 291 |
| 25.02.2017 | 388 | 448 | 338 | 292 |
| | | | | * എഫ്. ഒ. ബി |



ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടിയുള്ള പംക്തി - കേരപാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച് തയാറാക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്. പാചക വിദഗ്ധനും നെടുമ്പാശേരി ഫ്ളോറ എയർപോർട്ട് ഹോട്ടലിലെ എക്സിക്യൂട്ടിവ് ഷെഫുമായ റോയ് ജോസഫ് പോത്തനാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്. ബൊൺസൈഡെ ഹൗസ് എഡിൻബർഗ്, കൊച്ചിയിലെ വൈറ്റ് ഫോർട്ട്, അവന്യു റിജന്റ്, താജ് മലബാർ തുടങ്ങിയ ഹോട്ടലുകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള റോയിക്ക് ഈ മേഖലയിൽ 25 വർഷത്തെ പരിചയമുണ്ട്. ഏഷ്യാനെറ്റ്, ജീവൻ,അമൃത തുടങ്ങിയ ചാനലുകളിൽ പാചക പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. കോട്ടയം ജില്ലയിലെ വെളിയന്നൂർ സ്വദേശിയാണ്.

ഫോൺ - 9495325526 ,8157994173

**കേരളീയരുടെ അതിരുചികരവും ആരോഗ്യകരവും ജനകീയവുമായ പ്രാതൽ വിഭവങ്ങളിൽ ഒന്നാണ് കരിക്ക് ദോശ**

## ആവശ്യമുള്ള ചേരുവകകൾ

കുതിർത്ത അരി - 3 കപ്പ്

ചിരകിയ കരിക്ക് - 2 കപ്പ്

കരിക്കിൻ വെള്ളം - 1 കപ്പ്

ഉപ്പ് - സ്വാദിന്



## തയാറാക്കുന്ന വിധം

അരി വെള്ളത്തിൽ നാലഞ്ചു പ്രാവശ്യം കഴുകി വൃത്തിയാക്കുക. തുടർന്ന് ഒരു രാത്രി മുഴുവൻ ഏകദേശം 7-8 മണിക്കൂർ വെള്ളത്തിൽ ഇട്ട് കുതിർക്കുക.

രാവിലെ അത് വെള്ളം കളഞ്ഞ് ചിരകി വച്ചിരിക്കുന്ന കരിക്കിനോടൊപ്പം കരിക്കിൻ വെള്ളവും ചേർത്ത് നന്നായി അരച്ച് മാവാക്കുക. മാവ് തയാറായാൽ ഒരു ദോശക്കല്ല് എടുത്ത് സ്റ്റൗവിൽ വച്ച് ഏതാനും തുള്ളി എണ്ണ അതിൽ ഒഴിച്ച് നന്നായി ചൂടാക്കുക. എണ്ണ ദോശക്കല്ലിന്റെ എല്ലാഭാഗങ്ങളിലും പുരണ്ടു എന്ന് ഉറപ്പാക്കിയശേഷം നേരത്തെ തയാറാക്കിയ ദോശമാവ് അതിൽ ഒഴിച്ച് പരത്തിയശേഷം മുകളിലായി കുറച്ച് കരിക്ക് ചിരകിയതു കൂടി വിതറി അടപ്പു വച്ച് മൂടുക. ഏതാനും സെക്കന്റുകൾ കഴിഞ്ഞ് അടപ്പ് മാറ്റി ദോശയുടെ രണ്ടു വശങ്ങളും മടക്കി മറിച്ചിടുക. രണ്ടു സെക്കന്റു കഴിഞ്ഞാൽ ദോശ ഡിഷിലേയ്ക്ക് മാറ്റാം. ഇഷ്ടമുള്ള ചട്നിക്കൊപ്പം വിളമ്പാം. പോഷകസമൃദ്ധമായ കേരളീയ പ്രഭാത ഭക്ഷണം തയ്യാർ.

